www.malankaralibrary.com

# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 19 | No. 5
MAY 2022



## ദ്യോവിലുയർന്ന ദേവസഹായം

www.malankaralibrary.com



www.malankaralibrary.com



# വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിൽ വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ നാമധേയത്തിൽ ലോകത്തിലാദ്യമായി സ്ഥാപിതമായ

# ചാവല്ലൂർ പൊറ്റ ദേവസഹായം തീർത്ഥാലയത്തിന്റെ

## പ്രാർത്ഥനാ മംഗളങ്ങൾ



1752 ജനുവരി 14 – ന് ധീരരക്തസാക്ഷിത്വം വരിച്ച ദേവസഹായത്തെ ധന്യപദവിയിൽനിന്നും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തിയത് 2012 – ൽ ബനഡിക്റ്റ് 16 – ാമൻ പാപ്പയാണ്. തുടർന്ന് വാഴ്ത്തപ്പെട്ടവന്റെ നാമധേയത്തിൽ 2014 ജനുവരി 14 – ന് ഈ ദൈവാലയം നെയ്യാറ്റിൻകര രൂപതാധ്യക്ഷൻ **ഡോ. വിൻസന്റ് സാമുവൽ** ആശീർവദിച്ച് ദൈവജനത്തിന് തുറന്നുകൊടുത്തു.



**ആദ്യ ഭാരതീയ വിവാഹിത അല്മായന്റെ വിശുദ്ധപദവിയിൽ ആശംസകളോടെ,**




**ഫൊറോന വികാരി ഫാ. ജോസഫ് അനിൽ, സഹവികാരി, സന്യസ്തർ, വിശ്വാസിസമൂഹം**


# സെന്റ് എലിസബത്ത് ചർച്ച് പാറശ്ശാല ഫൊറോന

ആറയൂർ, പ്ലാമൂട്ടുകട, തിരുവനന്തപുരം

www.malankaralibrary.com

# വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ
## വിശുദ്ധ പദവി പ്രഖ്യാപനത്തിൽ
# കമുകിൻകോട് ഇടവക
## വിശ്വാസിസമൂഹത്തിന്റെ
## പ്രാർത്ഥനാമംഗളങ്ങൾ!





വിശുദ്ധ ദേവസഹായത്തിന്റെ പ്രേഷിതപ്രവൃത്തിയാൽ ധന്യമായ
**തെക്കിന്റെ കൊച്ചുപാദുവ** എന്ന
**കമുകിൻകോട് വിശുദ്ധ അന്തോണീസ് തീർഥാടന ദൈവാലയത്തിൽ**
**ദേവസഹായത്തെ** വിശുദ്ധനായി പ്രഖ്യാപിക്കുന്നതിന്റെ
**കൃതജ്ഞതാ തിരുനാൾ** 2022 മെയ് 14 മുതൽ 17 വരെ.
വിശുദ്ധ ദേവസഹായത്തിന്റെ പാദസ്പർശത്താൽ ധന്യമായ
നേമം മിഷന്റെ രണ്ടാമത്തെ ആസ്ഥാന പുണ്യഭൂമിയിലേക്ക്
വിശുദ്ധന്റെ അനുഗ്രഹവരങ്ങൾ പ്രാപിക്കാൻ തീർത്ഥാടകർക്ക് സ്വാഗതം!



വിശുദ്ധ ദേവസഹായം കമുകിൻകോട് കൊച്ചു പള്ളിയിൽ സമർപ്പിച്ച വിശുദ്ധ അന്തോണീസിന്റെ തിരുസ്വരൂപം

വിശുദ്ധന്റെ മാധ്യസ്ഥ്യത്താൽ
സംലഭ്യമാകുന്ന അനുഗ്രഹ നിറവിന്
സമർപ്പണമായി
**രക്തദാന നേർച്ച**
നടത്തുന്ന ഭാരതത്തിലെ
ഏകതീർത്ഥാലയം.

### രക്തദാന നേർച്ച

**മഹത്തായ നേർച്ചാ പദ്ധതി**

**തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേരാൻ**
തിരുവനന്തപുരം- ബാലരാമപുരം- വഴിമുക്ക്- അവണാകുഴി- കമുകിൻകോട്

# ST. ANTONY'S PILGRIM CHURCH (DIOCESE OF NEYYATTINKARA)

KAMUKINKODE, KODANGAVILA P.O, ARALAMMOODU, TRIVANDRUM - 695 123, PH: 0471- 2123063

www.malankaralibrary.com

എഡിറ്റോറിയൽ

# ദൈവസഹായമാകാൻ

'ഒരു അത്യാവശ്യത്തിന് ആരെയാണ് വിളിക്കേണ്ടത്? ആരാണ് വിളി കേൾക്കുക? എനിക്കും നിങ്ങൾക്കും വയസ്സാകും നമ്മൾ ഒറ്റയ്ക്കാവും: അതിനാൽ നമുക്ക് ചിന്തിക്കണം, പ്രവർത്തിക്കണം.' പ്രശസ്ത തിരക്കഥാകൃത്ത് ജോൺ പോളിന്റെ മരണത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ സുഹൃത്ത് ജോളി ജോസഫ് സോഷ്യൽ മീഡിയയിൽ കുറിച്ച വാക്കുകൾ. കട്ടിലിൽനിന്ന് താഴെവീണ് മണിക്കൂറുകളോളം പരസഹായത്തിനായി കേഴേണ്ടിവന്നു ബഹുമുഖ പ്രതിഭ ജോൺ പോളിന്. അറിയപ്പെടുന്ന ഒരു വ്യക്തിയുടെ അവസ്ഥ ഇതാണെങ്കിൽ മറ്റുള്ളവരുടെ അവസ്ഥ എന്താവും?

ഇവർ ഇങ്ങനെ വീണു കിടന്നാൽ മതിയോ? ആരാണ് ഇതിന് ഉത്തരം പറയേണ്ടത്? ശാരീരിക ബുദ്ധിമുട്ടുകളും രോഗവും മനുഷ്യ ജീവിതത്തിന്റെ ഭാഗമല്ലേ? എന്നിട്ടും നമുക്കിടയിൽ ഉറുമ്പരിക്കപ്പെടുന്ന അമ്മമാരുടെയും പട്ടിണിക്കും പട്ടിക്കൂട്ടിലും എറിയപ്പെടുന്ന വയോധികരുടെയും കടത്തിണ്ണയിൽ ഉപേക്ഷിക്കപ്പെടുന്ന നിരാലംബരുടെയും എണ്ണം ഏറിവരികയാണ്. സമൂഹത്തിന്റെ ഈ ജീർണാവസ്ഥ അടിയന്തര പരിഹാരത്തിന് വിധേയമാക്കേണ്ടതാണ്.

'ഒരു മനുഷ്യഭ്രൂണത്തിന്റെ, വൈകല്യമുള്ള ഒരു വ്യക്തിയുടെ, ഒരു ദരിദ്രന്റെ മൂല്യം യാഥാർഥ്യത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെടുന്നതിൽ സമൂഹം പരാജയപ്പെടുമ്പോൾ അതാണ് യഥാർഥ പരാജയം' *(Laudato Si-Pope Francis).* ഭൗതിക പുരോഗതിയിൽ ഏറെ അഭിമാനിക്കുന്ന നമ്മൾ മനുഷ്യജീവിതങ്ങളെ കരുതാനും സംരക്ഷിക്കാനും പിന്നാക്കം പോകുമ്പോൾ അത് നമ്മുടെ അധോഗതിയെയാണ് സൂചിപ്പിക്കുന്നത്. ഇതുപോലുള്ള മനുഷ്യ ജീവിതാവസ്ഥകളിൽ നിന്ന് ആരും വിമുക്തരല്ലെന്ന് ഓർക്കുക. ജീവനെ ആദരിക്കാത്തതൊന്നും സംസ്കാരത്തിന്റെ ഭാഗമാകുകയുമില്ല.

സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ മാത്രമല്ല നമ്മുടെ സൗഹൃദങ്ങളും സംവേദനങ്ങളും സജീവമാകേണ്ടത്. അപരനെ അടുത്തറിയാനും അവനെ കേൾക്കാനും അവന് സാന്ത്വനമാകാനും കൈത്താങ്ങാകാനും നമുക്കാവണം. അതിനായി സമയം മാറ്റിവയ്ക്കണം. നമ്മൾ നൽകുന്ന സാമീപ്യവും സാന്നിധ്യവും സമ്പത്തിനെക്കാൾ മൂല്യമുള്ളതാണെന്ന് തിരിച്ചറിയുക. അതിലൂടെ ഒരാൾക്ക് കൈവരുന്ന ആത്മബലവും സംതൃപ്തിയും വാക്കുകൾക്കതീതമാണ്. 'അടുത്തുനിൽപോരനുജനെ നോക്കാൻ അക്ഷികൾ ഇല്ലാത്തവൻ എങ്ങനെയാണ് അദൃശ്യനായ ദൈവത്തെ കാണുന്നത്? '

www.malankaralibrary.com


അംഗവൈകല്യമുള്ളവരും ബുദ്ധിമാന്ദ്യമുള്ളവരും നമ്മുടെ സഹോദരങ്ങൾതന്നെയാണ്. ശാരീരികമായി മാത്രമല്ല മാനസികമായും സാമ്പത്തികമായും സാമൂഹികമായും വീണവരും നിലവിളിക്കുന്നവരും ഇവിടെയുണ്ട്. അവരുടെ നിലവിളിക്ക് കാതോർത്തുകൊണ്ടുള്ള തീവ്രപരിചരണമാണ് നമുക്കാവശ്യം. ഹൃദയ ഹാരിയായ ബന്ധങ്ങളും അനുകമ്പാർദ്രമായ സമീപനവും സ്നേഹോഷ്മളമായ സംഭാഷണങ്ങളും ആരെയാണ്തൊടാത്തതും തഴുകാത്തതും? അതിനുള്ള വിശപ്പിലല്ലേ ഈ ലോകം മുഴുവൻ എക്കാലവും നിലവിളി ഉയർത്തുന്നത്?

ഗുണപരമായ മാറ്റങ്ങളുടെ വിളനിലമാണ് ഇന്ന് നമുക്ക് ചുറ്റുമുള്ളത്. വികസനത്തിനും പുരോഗമനത്തിനും വേണ്ടിയുള്ള ആസൂത്രണങ്ങളും ആഗോളചർച്ചകളും കുറവല്ല. എന്നാൽ മാനവികതയുടെ കെട്ടുറപ്പുള്ള അടിത്തറയില്ലാത്ത സൗധങ്ങളായി നാം മാറരുത്. മുറിവുകളിൽ തൈലം പുരട്ടുന്ന നല്ല സമറായരും മൂകനും മുടന്തനും സൗഖ്യം പകരുന്ന സ്നേഹസാന്നിധ്യങ്ങളും ഇവിടെ ഉണ്ടാവണം. ജനഗുണോന്മുഖമായ പദ്ധതികൾ, മനുഷ്യജീവിത സുരക്ഷയ്ക്കുള്ള സംരംഭങ്ങൾ, മാനവശേഷിയെ ബലപ്പെടുത്തുന്ന നടപടികൾ, സർവരേയും പ്രത്യേകിച്ച് വയോധികരെയും അവശരെയും അരികുവല്ക്കരിക്കപ്പെട്ടവരെയും (marginalised) ചേർത്തണയ്ക്കുന്ന ഒരു സാമൂഹിക സ്ഥിതിവിശേഷവും സംഘടനാത്മകതയും രൂപപ്പെടാൻ നമുക്കൊരുമിക്കാം.

ദൈവസഹായമാകാനുള്ള വിളിയാണ് ദേവസഹായത്തിന്റെ രക്തസാക്ഷിത്വത്തിന് സ്വർഗീയമുദ്രപതിപ്പിച്ചുകൊണ്ട് തിരുസഭ നമുക്ക് നൽകുന്നത്. വിശ്വാസത്തിനുവേണ്ടി പീഡനമേൽക്കുന്നവരെയും ധീരമരണം വരിക്കുന്നവരെയും ഓർമിക്കാനുള്ള വിശുദ്ധനിയോഗം. ദേവസഹായം എന്ന പ്രഥമഭാരത അല്മായരക്തസാക്ഷിയിലൂടെ, സഭാഗാത്രനിർമിതിയിൽ അല്മായ സമർപ്പണാംഗീകാരത്തിന്റെ അഭിജ്ഞാനമായി മാറുകയാണ് ഈ പ്രഖ്യാപനം. സഭയ്ക്കുള്ളിലും ഭാരതത്തിലും ലോകമെമ്പാടും ഇന്ന് നിലനില്ക്കുന്ന ജാതി–വർഗ ചേരിതിരിവിനപ്പുറം സമത്വവും സാഹോദര്യവും പുലരുന്ന ദൈവരാജ്യസമൂഹനിർമിതിക്കുള്ള കർമരേഖയുമാണ് ഈ ചരിത്രമുഹൂർത്തം.

ചീഫ് എഡിറ്റർ

www.malankaralibrary.com




പുസ്തകം 19 ലക്കം 5
2022 മെയ്

രക്ഷാധികാരി
ഫാ. ഡൊമിനിക് മുണ്ടാട്ട് MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

സഹരക്ഷാധികാരി
ഡോ. ജി. കടൂപ്പാറയിൽ MCBS

പത്രാധിപർ
ഫാ. ജോയി ചെഞ്ചേരിൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

മാർക്കറ്റിംഗ് മാനേജർ
ഫാ. സ്റ്റെബിൻ വിതയത്തിൽ MCBS

സർക്കുലേഷൻ മാനേജർ
ഫാ. ജോസഫ് കൊല്ലംപറമ്പിൽ MCBS

കവർ
വർഗീസ് ജോർജ്

അക്ഷരവിന്യാസം
നിഷ ബിനു

രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : mail@karunikan.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
എമ്മാവൂസ് പ്രസിദ്ധീകരണം

BANK DETAILS
A/c Name : Director Karunikan
A/c No. : 17530100030870
IFSC Code : FDRL0001753
Bank : Federal Bank, Thevara

# ഉള്ളടക്കം

## സംവാദം



11 രക്തസാക്ഷികൂട്ടിലെ ഒരേ തൂവൽപക്ഷികൾ
19 അതിരുകളില്ലാത്ത ദൈവനീതിയുടെ പ്രവാചകൻ
26 കാറ്റാടിമലയിലെ സഹനബലി
32 രക്തസാക്ഷികളുടെ സഭ
35 വിശുദ്ധ ദേവസഹായവും കമുകിൻകോട് തിരുരക്തനേർച്ചയും
43 ചാവല്ലൂർ പൊറ്റയുടെ സ്വന്തം ദേവസഹായം
45 അത്ഭുതസാക്ഷ്യമായ ദേവിൻ ജോ

## ക്രൈസ്തവം

48 | വിശുദ്ധ തച്ചനെ ഉളികൊണ്ട് തെളിച്ച കൊച്ചുതച്ചൻ
53 | വിമലഹൃദയ ഫ്രാൻസിസ്കൻ സന്ന്യാസിനി സമൂഹം പ്ലാറ്റിനം ജൂബിലി തിളക്കത്തിൽ
57 | വിശുദ്ധ പദവിയിലെത്താൻ നടപടികളേറെ

www.karunikan.com



## സാമൂഹികം

60 | മഞ്ഞുപോലെ വെണ്മയാർന്ന മനുഷ്യൻ
64 | നമ്മുടെ ഗ്രഹം നമ്മുടെ ആരോഗ്യം
66 | ആർദ്രമായ ഓർമകളാകാം നമുക്ക്
68 | നാരദൻ
71 | കാത്തിരിപ്പിന്റെ സദ്വാർത്ത

05 എഡിറ്റോറിയൽ 08 പ്രതികരണങ്ങൾ

www.malankaralibrary.com



വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് പ്രതികരണ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയ പ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. പൂർണമായ പ്രതിപക്ഷ ബഹുമാനത്തോടുകൂടി സഭ്യമായരീതിയിൽ അവയെ ഉൾപ്പെടുത്തുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

# പ്രതികരണങ്ങൾ

*– പത്രാധിപർ*

## ത്രിത്വപരമായ മാനം

കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്ന സിനഡ് ആപ്തവാക്യം ലേഖിതമാക്കിയ സിനഡൽ ലോഗോ മുഖചിത്രമാക്കിയുള്ള കഴിഞ്ഞലക്കം കാരുണികൻ ത്രിത്വപരമായ മാനത്തെയാണ് സൂചിപ്പിക്കുന്നത്. ഈ ത്രിമാന സവിശേഷതകളെ 2023-ലെ സിനഡിന്റെ സൗന്ദര്യമായി തിരഞ്ഞെടുത്തത് ഏറെ ശ്രദ്ധേയമാണ്. കൂട്ടായ്മയിലൂടെയും പങ്കാളിത്തത്തിലൂടെയും പ്രേഷിതദൗത്യം ഏറ്റെടുത്താൽ ഏറ്റവും മധുരമുള്ള ഫലം പുറപ്പെടുവിക്കുന്ന ഒരു വട വൃക്ഷമായി സഭയ്ക്ക് മാറാൻ സാധിക്കും. ആധുനിക കാലഘട്ടത്തിന്റെ ആവശ്യകതയും അതുതന്നെയാണ്.

സിനഡ് എന്ന പദത്തിന്റെ പദോത്പത്തിയെ കുറിച്ചുള്ള വിവരണത്തിലൂടെ വിശുദ്ധ ഗ്രന്ഥം അടിസ്ഥാനപ്പെടുത്തി ആൻഡ്രൂസ് മേക്കാട്ടുകുന്നേലച്ചൻ എഴുതിയിരുന്ന ലേഖനം സിനഡിന്റെ പ്രസക്തി എത്രമാത്രമാണെന്നും വചനമായ ക്രിസ്തുവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്നും വ്യക്തമാക്കു ന്നു. വഴിയും സത്യവും ജീവനുമായ മിശിഹായെ അടുത്തറിയാനും അവന്റെ മാർഗത്തിലൂടെ ചരിക്കാനും ചിന്തിക്കാനും മറ്റുള്ളവർക്ക് മാർഗദർശിയായി മാറാനും വീണ്ടുമൊരവസരമായി ഇതിനെ കാണാൻ സാധിക്കും. കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ പ്രഘോഷിച്ച ശിഷ്യൻമാരെപ്പോലെ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ക്രിസ്തുവിനെ ഉറക്കെ പ്രഖ്യാപിക്കാനുള്ള സമയം സമാഗതമായി. ഒപ്പം നടക്കാനും ഒരുമിച്ച് യാത്ര ചെയ്യാനും പ്രേഷിത സഭയുടെ ജീവസ്പന്ദനത്തിന്റെ തുടിപ്പുകൾ മറ്റുള്ളവർക്ക് ജീവനേകാനും സഹായകരമാകും.

ഈയവസരത്തിൽ കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽ വായിക്കാനിടയായ ഒരു സംഭവത്തിന്റെ രത്നച്ചുരുക്കം ഓർക്കുകയാണ്. വിമാനത്താവള പരിപാലന വിഭാഗത്തിൽ പരിശീലനത്തിന് നിയോഗിക്കപ്പെട്ട യുവാവ് വിമാനം വൃത്തിയാക്കുന്നതിനിടെ കോക്പിറ്റിൽ ഒരു പുസ്തകം കണ്ടു. എങ്ങനെ വിമാനം പറത്താം എന്നതായിരുന്നു അതിന്റെ തലക്കെട്ട്. ആമുഖത്തിനുശേഷം എങ്ങനെ വിമാനം സ്റ്റാർട്ട് ചെയ്യാം എന്ന് അയാൾ കണ്ടെത്തി. അയാൾ ചുവന്ന ബട്ടൺ അമർത്തി വിമാനം സ്റ്റാർട്ട് ആയി. കുറച്ച് പേജുകൾക്കു ശേഷം അടുത്ത വിവരണം കണ്ടു. വിമാനം ചലിക്കണമെങ്കിൽ നീല ബട്ടൺ അമർത്തണം. അതും പരീക്ഷിച്ചു. അടുത്ത പേജിൽ വിമാനം എങ്ങനെ മുകളിലേക്ക് പറത്താം എന്നതായിരുന്നു. പച്ച ബട്ടൻ അമർത്തിയപ്പോൾ അയാൾ മുകളിലേക്ക് പറന്നുയർന്നു. ആകാശ കാഴ്ചകൾ കണ്ട് മതി മറന്നു മടുത്തപ്പോൾ നിലത്തിറങ്ങാൻ തീരുമാനിച്ചു. അത് എങ്ങനെയെന്ന് ആ ബുക്കിൽ ഒരിടത്തും അയാൾ കണ്ടില്ല. പക്ഷെ അവസാന പേജിൽ ഒരു നിർദ്ദേശം നൽകിയിരുന്നു നിലത്തിറങ്ങുന്നത് എങ്ങനെയെന്ന് അറിയാൻ രണ്ടാം ഭാഗം വാങ്ങി വായിക്കുക.

ആവേശഭരിതരായികൊണ്ട് നമ്മൾ പലതും തുടങ്ങും. വളരെയധികം ചർച്ചകളും ക്ലാസ്സുകളും ഒത്തുചേരലുകളും പല സംരംഭങ്ങൾക്ക് മുന്നോടിയായി നമ്മൾ ആരംഭിക്കും. ഇടയ്ക്കുവച്ച് സ്ഥാനമാനങ്ങൾക്കും പണത്തിനും പ്രതാപത്തിനും നമ്മുടെ ചിന്തകൾ വഴി മാറി കലഹപ്രിയരാകും. അവിടെ EGO-"Edging God Out" വർക്ക് ഔട്ട് ചെയ്യാൻ തുടങ്ങും. ഇങ്ങനെയുള്ള അവസരത്തിൽ നിലത്തിറങ്ങാൻ മറന്നു പോയ വൈമാനികനെപ്പോലെ നമ്മളും മാറും. ഇങ്ങനെയാകാതെ ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മീയ ചൈതന്യം തിരിച്ചുകൊണ്ടുവരാനും അതിലൂടെ

www.malankaralibrary.com

വ്യക്തി ജീവിതത്തിനും സമൂഹത്തിനും സഭയ് ക്കും മാറ്റം വരുത്താനുമുള്ള ദർശനങ്ങളും ദീർഘവീക്ഷ ണങ്ങളും തീരുമാനങ്ങളും പ്രാവർത്തികമാക്കാൻ സമാഗതമാകുന്ന 2023 സിനഡിന് സാധിക്കുമാറാ കണം.

**സിസ്റ്റർ മോളി ദേവസി FMM**

*പ്രധാനധ്യാപിക, OLCGHS, പള്ളുരുത്തി*

## സിൽവർ ലൈൻ– ഭാവി കേരളത്തിന്റെ യാത്രാപാത

കാരുണികൻ ഏപ്രിൽ ലക്കത്തിൽ കാലികം പം ക്തിയിൽ ഡോ. സിബി മാത്യൂസ് എഴുതിയ 'കെ–റെയിൽ; കരയുന്നു കേരളം' എന്ന ലേഖനം, വളരെ യധികം തെറ്റുധാരണ ഉളവാക്കുന്നതും പദ്ധതിയെ സംബന്ധിച്ച് വസ്തുനിഷ്ഠമായ വിലയിരുത്തൽ നട ത്താതെയുള്ളതും ആയിപ്പോയിയെന്നു വ്യസന ത്തോടെ പറഞ്ഞുകൊള്ളട്ടെ.

വികസനം കൊണ്ടുവരാനുള്ള ഏകവഴി സിൽവർ ലൈൻ ആണെന്ന് സർക്കാർ പറയുന്നില്ല. ഏറ്റവും പ്രധാനപ്പെട്ടതാണുതാനും. ഗതാഗതക്കുരുക്കും റോഡപകടങ്ങളും അന്തരീക്ഷ മലിനീകരണവും ഉയർത്തുന്ന ആശങ്ക അവസാനിപ്പിക്കാൻ ഉതകുന്ന തും അതിവേഗത്തിൽ കേരളത്തിന്റെ രണ്ടറ്റങ്ങ ളെയും ബന്ധിപ്പിക്കാൻ ഉതകുന്നതുമായ ഒരു യാത്രാ മാർഗം അനിവാര്യമാണ്. ചരക്കുവാഹനങ്ങൾ റോ–റോ സംവിധാനം വഴി സിൽവർ ലൈനിലൂടെ ലക്ഷ്യസ് ഥാനത്തു എത്തിക്കാൻ കഴിയുകയെന്നത് റോഡിലെ ഗതാഗതത്തിരക്ക് ഗണ്യമായി കുറക്കുമെന്നത് നിസ് തർക്കമാണ്. ഏറ്റവും കുറച്ചു കാർബൺ ഫുട്പ്രിന്റ് ഉപയോഗിക്കുന്ന രീതിയിലാണ് സിൽവർലൈൻ വിഭാവന ചെയ്തിരിക്കുന്നത്. കാർബൺ ബഹിർഗ മനം രാജ്യം നേരിടുന്ന വലിയ വെല്ലുവിളിയാണെന്ന് അറിയുക.

നിലവിലുള്ള ട്രെയിനുകളിലെ സ്റ്റോപ്പുകൾ കുറ ച്ചാൽ എട്ടു മണിക്കൂർ കൊണ്ട് തിരുവനന്തപുരത്തു നിന്ന് കാസറഗോഡ് എത്താമെന്ന് ഏതോ ഒരു ലോ ക്കോ പൈലറ്റ് പറഞ്ഞതായി വാട്സാപ്പിൽ പ്രചരി ക്കുന്ന വിഡ്ഢിത്തം വലിയ കാര്യമായി അവതരി പ്പിച്ചിരിക്കുന്നതാണ് ഏറെ വിചിത്രം! തിരുവനന്തപുരം കാസറഗോഡ് പാതയിൽ 626 വളവുകളുണ്ട്. അതിനാൽ വേഗനിയന്ത്രണം 20 കി.മീ. മുതൽ 110 കി.മീ. വരെയാണ്. അതായത് 576 കി.മീ. പാതയിൽ 36 % പാതയും വളവുകൾ നിറഞ്ഞതാണ്. അപ്പോൾ ചില സ്റ്റോപ്പുകൾ കുറച്ചാൽ വേഗത കൂടുമെന്നു പറ യുന്നത് എന്ത് മഠയത്തരമാണ് ! സ്റ്റോപ്പുകൾ കൂടി യതുതന്നെ ജനത്തിന്റെ ആവശ്യം മുൻനിർത്തിയാ ണുതാനും. വളവുകൾ നിവർത്തിയാലെന്തുമാത്രം ജനവാസകേന്ദ്രങ്ങളെയാണ് ബാധിക്കുക ! ഇത് കൂടുതൽ പ്രശ്നങ്ങൾ വിളിച്ചുവരുത്തും.

ലേഖനത്തിലെ മറ്റൊരു പിശക് ഈ പദ്ധതിക്ക് 6,60,000 കോടി രൂപ ചെലവ് വരുമെന്നതാണ്. ഈ കണക്ക് എവിടെനിന്നു കിട്ടി? പ്രതിപക്ഷം പോലും ഉന്ന യിക്കാത്തതാണ്. പദ്ധതിയുടെ ആകെ ചെലവ് 63,941 കോടി രൂപയാണ്. സർക്കാർ വരുമാനത്തിന്റെ സിം ഹഭാഗവും സർക്കാർ ജീവനക്കാരുടെ ശമ്പളത്തി നും പെൻഷനുമായി ചെലവഴിക്കുന്നുവെന്നു ആവ ലാതിപ്പെടുന്ന ലേഖകൻ തന്നെ സർക്കാർ പെൻഷൻ മാസാമാസം കൈപ്പറ്റുന്ന ഒരു പെൻഷണറല്ലേ ?

നഷ്ടപരിഹാരം എന്ന് കിട്ടും എന്നാണ് മറ്റൊരു ആശങ്ക ! ദേശീയ പാതക്കും ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ ഇട്ടപ്പോഴും കുടിയിറക്കപ്പെട്ടവർക്കും എത്ര രൂപയാണ് നഷ്ടപരിഹാരം ലഭിച്ചതെന്ന് അന്വേ ഷിക്കുന്നത് നന്നായിരിക്കും. സിൽവർ ലൈൻ സംബ ന്ധിച്ച് തലശ്ശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാം പ്ലാനി ഈയിടെ പറഞ്ഞത് ഉദ്ധരിച്ചുകൊണ്ട് ഞാൻ ഈ കത്ത് അവസാനിപ്പിക്കുന്നു.

"യൂറോപ്പിൽ പഠിക്കുന്ന കാലത്തു സ്പീഡ് ട്രെയിനുകൾ കണ്ടതാണ്. 400 കിലോമീറ്റർവേ ഗത്തിൽ പോകുന്ന ബ്രസ്സൽസ് – പാരീസ് ട്രെയിനിൽ യാത്രചെയ്യുമ്പോൾ ഇതുപോലുള്ള സംവിധാനം നമ്മുടെ നാട്ടിൽ വരുന്നതിനെക്കുറിച്ചും സ്വപ്നം കണ്ടിരുന്നു.അതിവേഗത്തിൽ ഓടുന്ന ട്രെയിൻ വരുന്നതിൽ ആർക്കെങ്കിലും എതിർപ്പുണ്ടാകുമെന്നു കരുതുന്നില്ല. വേണ്ടത്ര ബോധവല്ക്കരണം ഇല്ലാ ത്തതു കൊണ്ടാണ് എതിർപ്പ്."

**ആർക്കാഞ്ചലോ എം**

*സ്പെഷൽ സെക്രട്ടറി (റിട്ട.), തിരുവനന്തപുരം*



www.malankaralibrary.com

# സംവാദം



വാഴ്ത്തപ്പെട്ട ദേവസഹായം വിശുദ്ധിയുടെ മകുടം അണിയുമ്പോൾ ഭാരതസഭ ദൈവാനുഗ്രഹത്തിന്റെ നിറവിലാണ്. ക്രിസ്തുവിന്റെ ചോരയും വിയർപ്പും തെന്നുന്ന പാതയിലൂടെ ജീവിതസഹനങ്ങളുടെ ഗിരികൾ താണ്ടിയ ഭാരതത്തിന്റെ ഈ പ്രഥമ അല്മായ വിശുദ്ധൻ നമുക്ക് നൽകുന്നത് കത്തിജ്വലിക്കുന്ന വിശ്വാസസാക്ഷ്യമാണ്. ഹൈന്ദവനായി ജനിച്ച നീലകണ്ഠപിള്ള തന്റെ യൗവ്വനത്തിൽ ക്രിസ്തുവിനെ കണ്ടെത്തുകയും സംശയലേശമെന്യേ ക്രിസ്തുമാർഗം പിന്തുടരുകയും അതിനുവേണ്ടി എണ്ണിയാലൊടുങ്ങാത്ത പീഡനങ്ങളും നിന്ദാപമാനങ്ങളും ഏറ്റുവാങ്ങിക്കൊണ്ട് ദേവസഹായമായി രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. പദവികളും നേട്ടങ്ങളും ക്രിസ്തുസ്നേഹത്തിൽ നിന്ന് ഈ ധീരയുവാവിനെ പിന്തിരിപ്പിച്ചില്ല. ഏത് ജീവിതാവസ്ഥയിലും യേശുവിനെ പ്രഘോഷിക്കാനും വിശ്വാസം സംരക്ഷിക്കാനും സാധിക്കുമെന്ന ഈ അല്മായ സാക്ഷ്യം ക്രിസ്തുവിനെപ്രതി ഇന്നും പീഡനം ഏൽക്കേണ്ടിവരുന്ന സഭാമക്കൾക്ക് പ്രചോദനമാണ്. വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന ഒരു നാല്പതുകാരന്റെ ത്യാഗോജ്വല പുണ്യസരണികൾ തെളിച്ചു കാട്ടുകയാണ് ഈ ലക്കം കാരുണികൻ.

## ദ്യോവിലുയർന്ന ദേവസഹായം

- രക്തസാക്ഷികൂട്ടിലെ ഒരേ തൂവൽപക്ഷികൾ
- അതിരുകളില്ലാത്ത ദൈവനീതിയുടെ പ്രവാചകൻ
- കാറ്റാടിമലയിലെ സഹനബലി
- രക്തസാക്ഷികളുടെ സഭ
- വിശുദ്ധ ദേവസഹായവും കമുകിൻകോട് തിരുരക്തനേർച്ചയും
- ചാവല്ലൂർ പൊറ്റയുടെ സ്വന്തം ദേവസഹായം
- അത്ഭുതസാക്ഷ്യമായ ദേവിൻ ജോ

ഇഗ്നേഷ്യസ് ഗോൺസാൽവസ്
ഇഗ്നേഷ്യസ് തോമസ്
റവ. ഡോ. സണ്ണി ജോസഫ് S.J
ക്ലിന്റൺ ഡാമിയൻ
മനു എസ്.എസ്
ഫാ. ജോസഫ് അനിൽ വി.
ജറാൾഡ് ബി. മിരാൻഡ

www.malankaralibrary.com


# രക്തസാക്ഷികൂട്ടിലെ ഒരേ തൂവൽപക്ഷികൾ



ഇഗ്നേഷ്യസ്
ഗോൺസാൽവസ്
*പ്രസിഡന്റ്,*
*ഇന്ത്യൻ കാത്തലിക് പ്രസ്*
*അസോസിയേഷൻ (ICPA)*

**ഭാരതത്തിന്റെ പ്രഥമ വിവാഹിത അല്മായ രക്തസാക്ഷി ദേവസഹായം വിശുദ്ധകിരീടം അണിയുമ്പോൾ, പ്രഥമ ഭാരതീയ വിശുദ്ധനായ ഫ്രാൻസിസ്കൻ അല്മായ സഹോദരൻ ഗോൺസാലോ ഗാർഷ്യയുടെ രക്തസാക്ഷിത്വവും വിശുദ്ധപദവിയും തമ്മിൽ സമാനതകളേറെയാണ്. ഇരുരക്തസാക്ഷികളുടെയും വിശ്വാസജീവിതത്തിന്റെ നിണപ്പാതകളിലൂടെ...**

ഭാരതത്തിന്റെ പ്രഥമ അല്മായ വിശുദ്ധനായി അൾത്താരയിലെ വണക്കത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്ന ദേവസഹായവും പ്രഥമ ഭാരതീയ വിശുദ്ധൻ ഗോൺസാലോ ഗാർഷ്യയും ഒരേ തൂവൽപക്ഷികൾ. ഇരുവരും രക്തസാക്ഷിമകുടം ചൂടിയവർ. അവരവരുടെ കർമ്മമണ്ഡലങ്ങളിൽ അസാമാന്യമായ പ്രതിഭാവിലാസം കാട്ടിയവർ. വിശ്വാസത്തിനുവേണ്ടി വീരമൃത്യുവരിക്കുമ്പോൾ ഇരുവർക്കും ഒരേപ്രായം – 40.

## സമാനതകളുള്ള പ്രേഷിതർ


ഈ ഒന്നാമന്മാരുടെ ജീവിതകഥകളിൽ സമാനതകൾ വേറെയുമുണ്ട്. ദേവസഹായത്തിന്റെ കാര്യത്തിൽ വിധികർത്താവായി മാർത്താണ്ഡവർമ മഹാരാജാവാണെങ്കിൽ ഗാർഷ്യയെയും കൂട്ടരെയും വധിക്കാൻ വിധിച്ചത് ജപ്പാനിലെ ടായ്ക്കോസാമ അഥവാ ചക്രവർത്തി ആണ്. മഹാരാജാവിനു ദേവസഹായത്തോടും ചക്രവർത്തിക്ക് ഗാർഷ്യയോടും ആദ്യഘട്ടത്തിൽ അകൈതവമായ പ്രതിപത്തിയും വാത്സല്യവും ഉണ്ടായിരുന്നു എന്നതു മറ്റൊരു സമാനത. ഇരുവർക്കുമിടയിൽ ഓരോ വില്ലന്മാരും ഉണ്ടായി. രാമയ്യൻ ദളവയും കൊട്ടാരം വൈദ്യൻ സിയാകുയിൻ ഹോയിനും ആയിരുന്നു യഥാക്രമം വില്ലൻ വേഷങ്ങളിൽ.

താരതമ്യാഖ്യാനം തുടരുംമുമ്പ് ദേവസഹായവും ഗാർഷ്യയും തമ്മിലുള്ള ഒരു അസമാനതയെക്കുറിച്ചു പറയേണ്ടിയിരിക്കുന്നു. ദേവസഹായം ഒരു വിവാഹിത അല്മായനും ഗാർഷ്യ ഒരു സമർപ്പിത സന്ന്യാസസഹോദരനും ആയിരുന്നു. പ്രഥമഭാരതീയ വിശുദ്ധനായ ഗോൺസാലോ ഗാർഷ്യ അല്മായനായിരുന്നു എന്ന തെറ്റുധാരണ ചിലർക്കെങ്കിലും ഉള്ളതിനാലാണ് ഇക്കാര്യം എടുത്തുപറയുന്നത്. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യയിൽനിന്ന് ഒരു അല്മായൻ ആദ്യമായി വിശുദ്ധപദമേറുന്നത് ഒരു ചരിത്രസംഭവമായി മാറുന്നതും ഒരു നാഴികകല്ലായി അത് അടയാളപ്പെടുന്നതും.

മെയ് 15-ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ദിവ്യബലിമധ്യേ ഫ്രാൻസിസ് പാപ്പാ നടത്തിയ പ്ര

www.malankaralibrary.com

ഖ്യാപനത്തോടെ 10 വാഴ്ത്തപ്പെട്ടവരാണ് വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ടത്. ആ ദശപുഷ്പമഞ്ജരിയിലെ ഏക അല്മായനാണ് ദേവസഹായം എന്നതും ശ്രദ്ധേയം. *Praedicate Evangelium* (സുവിശേഷം പ്രഘോഷിക്കുക) എന്ന അപ്പസ്തോലിക ഭരണഘടന പരിശുദ്ധപിതാവ് പ്രസിദ്ധീകരിച്ച് (മാർച്ച് 19) മൂന്നാം മാസം അതു സംഭവിക്കുന്നു എന്നതു യാദൃശ്ചികവുമല്ല. അല്ലെങ്കിൽത്തന്നെ, ദൈവികപദ്ധതികളിൽ യാദൃശ്ചികത എന്നൊന്നില്ലല്ലോ.



സംശയപരിച്ഛേദിയായി ഒരു കാര്യം ഉറപ്പിക്കാം. റോമൻ കൂരിയയെ അടിപടലം നവീകരിക്കുന്ന ഈ അപ്പസ്തോലിക ഭരണഘടന വലിയ പ്രത്യാശയ്ക്കു വക നൽകുന്നതും പ്രതിസന്ധികളിലേക്കു വഴി തുറക്കുന്നതും എന്നാൽ ആത്യന്തികമായി നന്മയിലേക്കു നയിക്കുന്നതുമത്രേ. ജ്ഞാനസ്നാനമെന്ന കൂദാശയുടെ പരമോന്നത പ്രാമുഖ്യത്തിനും അല്മായതുല്യതയ്ക്കും ഈ ഭരണഘടന അടിവരയിടുന്നു എന്നതാണ് ഇതിനുകാരണം. ജ്ഞാനസ്നാനം സ്വീകരിച്ച, യോഗ്യരായ ഏതൊരു സ്ത്രീക്കും പുരുഷനും റോമൻ കൂരിയായിലെ 16 ഡൈകാസ്റ്ററികളിൽ ഏതിലും ഉൾപ്പെടാനും വേണ്ടിവന്നാൽ നയിക്കാനും *Praedicate Evangelium* വഴിതുറക്കുന്നു. ദൂരവ്യാപകങ്ങളായ മാറ്റങ്ങളാവും അങ്ങനെ ഉണ്ടാവുക! ജ്ഞാനസ്നാനം സ്വീകരിച്ചവരുടെയൊക്കെ അടിസ്ഥാനബാധ്യതയാണ് സാക്ഷ്യവും പ്രഘോഷണവുമെന്ന് വിശേഷിച്ചുപറയേണ്ടതായിട്ടില്ലല്ലോ.

## നീലകണ്ഠപിള്ള ദേവസഹായത്തിലേക്ക്

കൊല്ലം ജില്ലയിലെ മരുതൂർകുളങ്ങര സ്വദേശി വാസുദേവൻ നമ്പൂതിരിയുടെയും കന്യകുമാരി ജില്ലയിലെ നട്ടാലത്ത് മരുതംകുളങ്ങര നായർ തറവാട്ടിലെ ദേവകി അമ്മയുടെയും മകനായി 1712 ഏപ്രിൽ 23-നു ജനിച്ച നീലകണ്ഠപിള്ളയാണ് കാലത്തിന്റെ തികവിൽ വിശുദ്ധ ദേവസഹായം ആയി മാറുന്നത്. ലക്ഷ്മികുട്ടി എന്നൊരു സഹോദരിയും ഉണ്ടായിരുന്നു. നട്ടാലത്തിനടുത്ത് ആദികേശവ പെരുമാൾ ക്ഷേത്രത്തിലെ പൂജാരിയായിരുന്നു അച്ഛൻ വാസുദേവൻ നമ്പൂതിരി. തെക്കൻ തിരുവിതാംകൂറിന്റെ തിലകക്കുറിയായിരുന്ന കന്യകുമാരി ജില്ല 1956-ൽ മാത്രമാണ് തമിഴ്നാടിന്റെ ഭാഗമായതെന്ന് ഈ പശ്ചാത്തലത്തിൽ അനുസ്മരിക്കേണ്ടതുണ്ട്. ഭാഷാടിസ്ഥാനത്തിലുള്ള പുനഃസംഘടനയെ തുടർന്നായിരുന്നു അത്.

നായർ സമുദായത്തിൽ മരുമക്കത്തായമായിരുന്നുവല്ലോ സമ്പ്രദായം. അതിൻപ്രകാരം മൂത്ത അമ്മാവന്റെ മേൽനോട്ടത്തിലും ശിക്ഷണത്തിലുമാണ് നീലകണ്ഠൻ വളർന്നത്. നീലൻ, നീലംപുള്ള എന്നൊക്കെ അവൻ അറിയപ്പെട്ടുപോന്നു. മലയാളം, തമിഴ്, സംസ്കൃതം ഭാഷകളിലും വേദങ്ങൾ, ഇതിഹാസങ്ങൾ, കാവ്യം, വ്യാകരണം ഇത്യാദികളിലും നീലകണ്ഠൻ വ്യുത്പത്തി നേടി. ചാന്ത തിരുകണ്ഠ മൂപ്പർ എന്നൊരു വിദ്വാനായിരുന്നു പ്രധാന ഗുരു.

www.malankaralibrary.com

പ്രഗല്ഭരായ ആശാന്മാരുടെ കീഴിൽ ആയോധന വിദ്യകളിലും നൈപുണ്യംനേടി.

മാർത്താണ്ഡവർമ മഹാരാജാവിന്റെ സൈന്യത്തിൽ പ്രവേശനം ലഭിക്കുക എന്നതായിരുന്നു തിരുവിതാംകൂറിലെ ഏതൊരു യുവാവിന്റെയും മോഹം. അതു പത്മനാഭപുരം കൊട്ടാരത്തിന്റെ ചുമതലയുള്ള യൂണിറ്റിലേക്കായാൽ മഹാഭാഗ്യമായി കരുതപ്പെട്ടു. 1740–ൽ നീലകണ്ഠ പിള്ളയ്ക്ക് ആ രണ്ടാംഘട്ടത്തിൽ എത്താൻ കഴിഞ്ഞു. ഇതിനിടെ അയാൾ വിവാഹിതനായി. ഇരണിയേലിനടുത്ത് മേക്കാട് ഗ്രാമത്തിൽനിന്നുള്ള ഭാർഗവി അമ്മാളായിരുന്നു വധു.

പത്മനാഭപുരം നീലകണ്ഠസ്വാമിക്ഷേത്രം കാര്യക്കാരൻ, പത്മനാഭപുരം കൊട്ടാരത്തിൽ ഭണ്ഡാരവിചാരിപ്പുകാരൻ, ഉദയഗിരികോട്ടയിലെ അറ്റകുറ്റപണികളുടെ മേൽനോട്ടക്കാരൻ തുടങ്ങിയ പദവികൾ ക്രമേണ നീലകണ്ഠപിള്ളയെ തേടിയെത്തി. തിരുവിതാംകൂറിലെ ജൂലിയസ് സീസർ എന്നും മറ്റും മാർത്താണ്ഡവർമ മഹാരാജാവ് വാഴ്ത്തപ്പെട്ടുകൊണ്ടിരുന്ന കാലമായിരുന്നു അത്. മഹാരാജാവിന്റെ സവിശേഷമായ കടാക്ഷത്തിനു പാത്രമായിക്കഴിഞ്ഞിരുന്നു അയാൾ.

അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഉദയഗിരി കോട്ടയിൽ എത്തിയപ്പോഴാണ് യൂസ്താക്കിയൂസ് ബെനദിക്തൂസ് ഡിലനോയിയുമായി നീലകണ്ഠ പിള്ള അടുത്തുപരിചയപ്പെടുന്നത്. 1741– ലെ കൊളച്ചൽ യുദ്ധത്തിൽ മാർത്താണ്ഡവർമയോട് അടിയറവുപറഞ്ഞ ഡച്ച് സൈന്യത്തിൽനിന്നു തടവുകാരനായി പിടികൂടപ്പെട്ട ക്യാപ്റ്റൻ ഡിലനോയ് തിരുവിതാംകൂറിന്റെ സൈന്യാധിപനായി മാറിയത് കാലത്തിന്റെ മറ്റൊരു മറിമായം! നീലകണ്ഠപിള്ളയും ഡിലനോയിയും ഉറ്റസുഹൃത്തുക്കളായി മാറാൻ അധികനാൾവേണ്ടി വന്നില്ല.

ഉത്തമ കത്തോലിക്കനായിരുന്നു ഡിലനോയ്. തന്റെ വിശ്വാസം ജീവിക്കാൻ ആത്മാർഥമായി പരിശ്രമിച്ചിരുന്ന ഒരാൾ. ആ ജീവിതത്തിലേക്ക് നീലകണ്ഠ പിള്ളയും ക്രമേണ ആകൃഷ്ടനാവുകയായിരുന്നു. ആയിടയ്ക്ക് പിള്ളയുടെ കുടുംബത്തിൽ പല അനിഷ്ടസംഭവങ്ങളും ഒന്നിനുപിറകേ മറ്റൊന്നായി ഉണ്ടായി. കൃഷിനാശം, കന്നുകാലികൾ ചത്തൊടുങ്ങൽ, ഇഷ്ടജനത്തിനു പലവിധ വ്യാധികൾ എന്നിങ്ങനെ പലതും. ഹൈന്ദവ വിശ്വാസപ്രകാരമുള്ള പരിഹാരക്രിയകളൊന്നും ഫലിച്ചില്ല. നീലകണ്ഠപിള്ള ഇക്കാര്യങ്ങൾ ഡിലനോയിയോടു പറയുമായിരുന്നു.



*വിശുദ്ധ ഗോൺസാലോ ഗാർഷ്യ*

ബൈബിളിൽ ജോബിന്റെ പുസ്തകത്തെ ആധാരമാക്കിക്കൊണ്ട് ഡിലനോയി അദ്ദേഹത്തിന് ക്രൈസ്തവമായ ഉപദേശങ്ങൾ നൽകിപ്പോന്നു.

ഈ ഉപദേശങ്ങൾ നീലകണ്ഠപിള്ളയെ സമാശ്വസിപ്പിക്കുകമാത്രമല്ല, കർത്താവായ യേശുവിനെ കൂടുതൽ കൂടുതൽ അടുത്തറിയാൻ നിമിത്തമാവുകയും ചെയ്തു. പക്ഷേ, ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്ത്യാനിയാകാനുള്ള തന്റെ നിശ്ചയം നീലകണ്ഠപിള്ള അറിയിച്ചപ്പോൾ ഡിലനോയി അക്ഷരാർഥത്തിൽ ഞെട്ടുകതന്നെ ചെയ്തു. ഒരു മേൽജാതിക്കാരനെ സംബന്ധിച്ചിടത്തോളം, അതിലുപരി രാജസേവനത്തിലുള്ള ഒരാളെ സംബന്ധിച്ചിടത്തോളം ചിന്തിക്കാൻ കൂടി വയ്യാത്തതായിരുന്നു അക്കാര്യം

www.malankaralibrary.com

അക്കാലത്തെ തിരുവിതാംകൂറിൽ! ക്രിസ്തുവിനെ അറിഞ്ഞുകഴിഞ്ഞ നീലകണ്ഠപിള്ള പക്ഷേ പിൻവാങ്ങാൻ തയ്യാറായിരുന്നില്ല.

ഈ സാഹചര്യത്തിലാണ് ഡിലനോയി അദ്ദേഹത്തെ ജ്ഞാനസ്നാനാർഥിയായി നേമം മിഷനിലെ ഫാ. ജ്യൊവാന്നി ബറ്റിസ്റ്റ ബുട്ടാരി എസ്.ജെ യെ ഭരമേൽപ്പിക്കുന്നത്. ഒൻപതുമാസത്തെ പരിശീലനത്തിനും ഒരുക്കത്തിനും ഒടുവിൽ 1745 മെയ് 14-ന് വടക്കൻകുളം പള്ളിയിൽവച്ച് ബുട്ടാരി അച്ചനിൽ നിന്ന് നീലകണ്ഠപിള്ള ജ്ഞാനസ്നാനം സ്വീകരിച്ചു. 'ലാസറസ്' അഥവാ 'ദേവസഹായം' എന്ന നാമമാണ് അദ്ദേഹത്തിന് നൽകപ്പെട്ടത്. ജ്ഞാനപ്രകാശം എന്നൊരാളാണ് ജ്ഞാനസ്നാനപിതാവ് അഥവാ തലതൊട്ടപ്പനായി നിന്നത്.

ഭർത്താവ് ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതിനോട് ആദ്യമൊക്കെ ഭാർഗവി അമ്മാളിന് അനിഷ്ടമായിരുന്നു. പക്ഷേ ക്രമേണ അവരും സുവിശേഷത്തിന്റെ രക്ഷാകരമായ വെളിച്ചം കണ്ടു. തെരേസ എന്നതിന്റെ ഭാഷാന്തരമായ ജ്ഞാനപ്പൂ എന്ന പേരാണ് ജ്ഞാനസ്നാനത്തിൽ അവർക്കു നൽകപ്പെട്ടത്. ഭാർഗവി അമ്മാൾ അങ്ങനെ ചരിത്രത്തിൽ ജ്ഞാനപ്പൂ അമ്മാളായി ലബ്ധപ്രതിഷ്ഠയായി.

സാംസ്കാരിക അനുരൂപണത്തിനു മിഷണറിമാർ അക്കാലത്ത് ശ്രദ്ധവച്ചിരുന്നു. ദേവസഹായം, ജ്ഞാനപ്പൂ തുടങ്ങിയ പേരുകൾ ആ സത്യമാണ് അടയാളപ്പെടുത്തുക. ദേവസഹായത്തെ ജ്ഞാനസ്നാനപ്പെടുത്തിയ ജ്യൊവാന്നി ബറ്റിസ്റ്റ ബുട്ടാരി അച്ചൻപോലും തന്റെ പേര് അത്തരത്തിൽ അനുരൂപപ്പെടുത്തി ഭാരതവല്ക്കരിക്കുകയുണ്ടായി. പരംജ്യോതി നാഫർ എന്നായിരുന്നു നാട്ടുകാർക്കിടയിൽ അദ്ദേഹത്തിന്റെ നാമം!

## രാജ്യദ്രോഹിയെന്നാരോപണം

അയിത്താചാരവും ജാതിയുടെ ഉച്ചനീചത്വങ്ങളുമൊക്കെ അക്രൈസ്തവമെന്നുകണ്ട് അവയെ പാടേ അവഗണിച്ച് ദേവസഹായം നയിച്ച വിശ്വാസജീവിതം മേൽജാതിക്കാരായ നമ്പൂതിരി- നായർ അച്ചുതണ്ടിനെ വല്ലാതെ അലോസരപ്പെടുത്തി. സമൂഹത്തിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടുമെന്നും തങ്ങളുടെ മേൽക്കോയ്മ നഷ്ടപ്പെടുമെന്നും തങ്ങൾക്കുവേണ്ടി (അടിമകളെപ്പോലെ) പണിയെടുക്കാൻ ആളെകിട്ടാതാകുമെന്നും ഉന്നതകുലജാതർപോലും ദേവസഹായത്തിന്റെ വിശ്വാസപാത പിന്തുടർന്നേക്കുമെന്നും അവർ ഭയപ്പെട്ടു. രാമയ്യൻ ദളവയെപ്പോലുള്ളവർ ദേവസഹായത്തിന്റെ ഉയർച്ചയിൽ അസൂയാലുക്കളും സൈന്യാധിപനായ ഡിലനോയിയുമായി അദ്ദേഹത്തിനുണ്ടായിരുന്ന സൗഹൃദത്തിൽ സംശയാലുക്കളും ആയിരുന്നു.

ചാരവൃത്തി ഉൾപ്പെടെയുള്ള രാജ്യദ്രോഹ കുറ്റങ്ങൾ അദ്ദേഹത്തിന്റെമേൽ ആരോപിക്കപ്പെടാൻ പിന്നെ താമസമുണ്ടായില്ല. ധീരവും പ്രവാചക സമാനവുമായ സാക്ഷ്യം നൽകി ജീവിക്കുന്ന ക്രിസ്തുശിഷ്യർക്കെതിരെ ചരിത്രത്തിന്റെ അനുസ്യൂതിയിൽ ഏതുകാലത്തും ഉയർന്നിട്ടുള്ള ആരോപണമാണല്ലോ രാജ്യദ്രോഹം! ആദിമക്രൈസ്തവർക്കെതിരെ നീറോയെപ്പോലുള്ള റോമൻചക്രവർത്തിമാർ ചാർത്തിയിരുന്ന കുറ്റം അതായിരുന്നു. അരികുവല്ക്കരണത്തിന് ഇരയായവരുടെ മോചനത്തിനായി തന്റെ ജീവിതത്തെ സുവിശേഷമാക്കിയതിനു തന്റെ ജീവൻതന്നെ വിലയായി കൊടുക്കേണ്ടിവന്ന സ്റ്റാൻസ്വാമി എന്ന ഈശോസഭാ വൈദികനെതിരെ ചുമത്തപ്പെട്ടതും രാജ്യദ്രോഹകുറ്റംതന്നെ. 2021 ജൂലൈ അഞ്ചിനായിരുന്നല്ലോ മുംബൈയിൽ ആ വിശ്വാസവീരന്റെ കസ്റ്റഡിമരണം.

ആരോപണവിധേയനായ ഘട്ടത്തിൽപോലും മാർത്താണ്ഡവർമയ്ക്കു ദേവസഹായത്തോട് സ്നേഹവാൽസല്യങ്ങളുണ്ടായിരുന്നുവെന്നു വ്യക്തം. താൻ ആവശ്യപ്പെട്ടാൽ പുതിയ വിശ്വാസം ഉപേക്ഷിക്കാൻ ദേവസഹായം തയ്യാറാകുമെന്ന് അദ്ദേഹം വിശ്വസിച്ചു. അത്തരത്തിൽ ഒരു 'ഘർവാപ്പസി' യാഥാർഥ്യമാക്കാൻ മഹാരാജാവിന്റെ കാര്യദർശിയായ ശിങ്കരായ അണ്ണാവി നിയുക്തനാകുന്നതിന്റെ പശ്ചാത്തലം ഇതത്രേ. ആ ദൗത്യം വിജയിച്ചില്ലെന്നു മാത്രമല്ല, വിപരീതഫലം ഉളവാക്കുകയും ചെയ്തു. അങ്ങനെ "ബ്രാഹ്മണനിന്ദ" എന്നൊരു പാതകംകൂടി ദേവസഹായത്തിനുമേൽ ചാർത്തപ്പെട്ടു. ശിങ്കരായവുമായുള്ള വിശ്വാസസംബന്ധമായ സംവാദം നടത്താമെന്നും ആ ബ്രാഹ്മണൻ വിജയിച്ചില്ലെങ്കിൽ അയാളുടെ പൂണൂൽ അരഞ്ഞാണമാക്കുമെന്നും ദേവസഹായം പറഞ്ഞതായി മൊഴിയുണ്ടായി. ഹൈന്ദവരുടെ ആരാധനാ മൂർത്തികളെ അവമതിക്കുന്നു എന്ന ആരോപണവും ഇക്കാലത്ത് ഉണ്ടായി. അതോടെ മാർത്താണ്ഡവർമ എന്ന ശ്രീപത്മനാഭദാസനു സഹികെട്ടു.

## കാറ്റാടിമലയിലെ ജീവത്യാഗം

1749 ഫെബ്രുവരി 23-ന് ദേവസഹായത്തെ അറസ്റ്റുചെയ്തു കൽത്തുറുങ്കിൽ അടച്ചു. ജ്ഞാന

www.malankaralibrary.com

സ്നാനം സ്വീകരിച്ചിട്ടു കഷ്ടിച്ചു നാലുവർഷമേ ആയിട്ടുണ്ടായിരുന്നുള്ളൂ. അവർണനീയങ്ങളായ പീഡനങ്ങളുടെ കാലമായിരുന്നു അടുത്ത മൂന്നു വർഷം. അരുവായ് മൊഴിയിലെ കാറ്റാടിമലയുടെ നെറുകയിൽ കൊണ്ടുപോയി 1752 ജനുവരി 14-നു പോയിന്റ് ബ്ലാങ്കിൽ വെടിവച്ചുകൊല്ലുംവരെ അതുതുടർന്നു. ഇടയ്ക്കെപ്പോഴെങ്കിലും മനസ്സു തിരിഞ്ഞ് പുതു 'മാർഗം' ഉപേക്ഷിക്കുന്നെങ്കിൽ അങ്ങനെയാവട്ടെ എന്ന ചിന്തയിലാണ് പീഡനപർവം ഇങ്ങനെ നീട്ടിക്കൊണ്ടുപോയത്. പക്ഷേ പീഡനങ്ങൾ അദ്ദേഹത്തെ വിശ്വാസത്തിൽ ആഴപ്പെടുത്തുകയും ക്രിസ്തുവിനോടു പൂർവോപരി അനുരൂപപ്പെടുത്തുകയുമാണുണ്ടായത്.

ജ്ഞാനപ്പൂ അമ്മാളിന്റെ മനസ്സുമാറ്റാനും അവർ വഴി ദേവസഹായത്തെ സ്വാധീനിച്ച് മാർഗത്യാഗം സാധിക്കാനും കൊണ്ടുപിടിച്ച ശ്രമം നടന്നു. ജ്ഞാനപ്പൂ അമ്മാളിന്റെ അമ്മയെയാണ് തൽപ്പരകക്ഷികൾ ഇതിനു രംഗത്തിറക്കിയത്. ആ ശ്രമങ്ങളൊന്നും വിജയിച്ചില്ലെന്നു വിശേഷിച്ചു പറയേണ്ടതായിട്ടില്ലല്ലോ. അനേകരെ ക്രിസ്തുവിലേക്ക് ആകർഷിച്ചും അവരെ വേദോപദേശം പഠിപ്പിച്ചും ആ സുകൃതിനി തന്റെ ശിഷ്ടജീവിതം കഴിച്ചു. 1766-ൽ മരിച്ച അവരെ വടക്കൻകുളത്ത് അടക്കി.

എട്ടുതാലൂക്കുകളും 108 ഇനം നികുതികളുമാണ് അക്കാലത്ത് തിരുവിതാംകൂറിൽ ഉണ്ടായിരുന്നത്. കൽക്കുളം, അഗസ്തീശ്വരം, തോവാള, വിളവൻകോട്, നെയ്യാറ്റിൻകര, നെടുമങ്ങാട്, ചിറയിൻകീഴ്, തിരുവനന്തപുരം എന്നിവയായിരുന്നു താലൂക്കുകൾ. കർത്താവിന്റെ കാൽവരിയാത്രയെ അനുസ്മരിപ്പിക്കുംവിധം ഈ എട്ടു താലൂക്കുകളിലൂടെയും ദേവസഹായത്തെകൊണ്ടുവന്ന് അപഹസിക്കുകയും പരസ്യമായി മർദിക്കുകയും ഇതരപീഡനമുറകൾക്ക് ഇരയാക്കുകയും ചെയ്തു. പോത്തിൻപുറത്ത് ഇരുത്തിയും നടത്തിച്ചും മരക്കമ്പികൾകെട്ടിതൂക്കി ചുമന്നുമൊക്കെയാണ് ആ വിശ്വാസവീരനെക്കൊണ്ടുവന്നത്.

കൽക്കുളം താലൂക്ക് അധികാരി ദേവസഹായത്തിനു ദിവസവും 30 അടിവീതം നൽകാൻ വിധിക്കുകയും നടപ്പാക്കുകയും ചെയ്തു. അഗസ്തീശ്വരം അധികാരിയാവട്ടെ, അടിക്കുന്നതു ചൂരമുള്ളു കൊണ്ടായിരിക്കണം എന്നു നിഷ്ക്കർഷിച്ചു. കൽത്തൂണിൽ കെട്ടിയിടാനായിരുന്നു തോവാള താലൂക്ക് അധികാരിയുടെ ഉത്തരവ്. വിളവൻകോട് അധികാരി ദേവസഹായത്തെ മുളകുപൊടിപ്പുകയിൽനിർത്തി. കുറേക്കൂടി ക്രൂരമായിരുന്നു നെയ്യാറ്റിൻകരയിൽ കിട്ടിയ ശിക്ഷ. ദേവസഹായത്തെ കടിയുറുമ്പുകളെക്കൊണ്ടുനിറച്ച മരപ്പെട്ടിയിലിട്ടു പൂട്ടാനാണ് അവിടുത്തെ അധികാരി കൽപ്പിച്ചത്. നെടുമങ്ങാട് താലൂക്കിൽ പാമ്പുകളുടെയും തേളുകളുടെയും കൂട്ടിൽ ഇട്ടു. ചിറയിൻകീഴ് താലൂക്കിലാവട്ടെ കോട്ടയ്ക്കടുത്ത് പൊരിവെയിലത്ത് തുള്ളിവെള്ളം പോലും നൽകാതെ കെട്ടിയിട്ടു. തിരുവനന്തപുരത്തെത്തിച്ച ദേവസഹായത്തെ പാളയത്താണു ബന്ധനത്തിൽ പാർപ്പിച്ചത്. പ്രത്യേകശിക്ഷയായി അദ്ദേഹത്തെ കുരങ്ങിൻകൂട്ടിൽ അടയ്ക്കാനും തിരുവനന്തപുരം താലൂക്ക് അധികാരി കൽപ്പിച്ചു. മണലിയിൽവച്ച് ദേവസഹായത്തെ ചുണ്ണാമ്പുചൂളയിൽ ഇറക്കി നിർത്തി ചുറ്റിലും തീയിട്ടു!

ഈ പീഡാനുഭവ യാത്രയ്ക്കിടെ നിരവധി അദ്ഭുത സംഭവങ്ങളുണ്ടായതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഉണങ്ങിനശിച്ച വേപ്പുമരം തളിർക്കുക, അനപത്യതാദുഃഖം അനുഭവിച്ചിരുന്ന ആരാച്ചാർക്കു കുഞ്ഞു പിറക്കുക, ഒരിറ്റു ദാഹജലത്തിനു കൊതിച്ച് പാറപ്പുറത്ത് കൈമുട്ടുകൊണ്ടിടിച്ചപ്പോൾ അവിടെ ഉറവയുണ്ടാവുക എന്നിങ്ങനെ പോകുന്നു പ്രകൃത്യാതീതമായ ആ സംഭവങ്ങൾ. പെരുവിളയിൽവച്ച് ദേവസഹായത്തിനു തിരുകുടുംബത്തിന്റെ ദർശനമുണ്ടായതായും പറയപ്പെടുന്നു. സഹനങ്ങളെ രക്ഷാകരമായികണ്ട് ഉൾക്കൊള്ളാൻ അങ്ങനെ അദ്ദേഹത്തിനു ശക്തികിട്ടി.

പുലിയൂർ കുറിച്ചിയിലാണ് പുതിയ ഉറവയുണ്ടായത്. ഇപ്പോഴുമുണ്ട് ആ അത്ഭുത ഉറവ. സമീപസ്ഥമായ 'മുട്ടിടിച്ചാൻപാറ' യിൽ ഉള്ളത് മറ്റൊരു അത്ഭുതത്തിന്റെ സാക്ഷ്യമാണെന്ന് പ്രദേശവാസികൾ തലമുറകളായി വിശ്വസിച്ചുപോരുന്നു. വിരിപ്പാറയിൽ മുട്ടുകുത്തി പ്രാർഥിച്ചശേഷം ദേവസഹായം അർധസാഷ്ടാംഗ പ്രണാമം നടത്തിയപ്പോൾ അദ്ദേഹത്തിന്റെ കൈമുട്ടുകളും കാൽമുട്ടുകളും ആ കരിമ്പാറയിൽ അടയാളം പതിപ്പിച്ചു. പിൽക്കാലത്ത് അതിനുസമീപം വിശുദ്ധ മിഖായേലിനു പ്രതിഷ്ഠിക്കപ്പെട്ട ദൈവാലയം ഉയർന്നു. കാറ്റാടിമലയിലെ 'മണിയടിച്ചാൻ പാറ' യ്ക്കും പറയാനുണ്ട് ഇങ്ങനെയൊരു കഥ. പട്ടാളക്കാരായ ആരാച്ചാരന്മാരുടെ വെടിയുണ്ടകളേറ്റ് ദേവസഹായം പ്രാണൻവെടിഞ്ഞ അതേ നിമിഷത്തിൽ മണിനാദംപോലൊരു മുഴക്കത്തോടെ ആ മലയിൽനിന്നു കൂറ്റനൊരു പാറ അടർന്നു നിലം പതിച്ചു! അതിപ്പോഴും കാണാം. അതിൽ തട്ടിയാൽ മണിയൊച്ചയും കേൾക്കാം!

www.malankaralibrary.com

## ഒരു അല്മായന്റെ ആദര കബറടക്കം

പാറ പിളർന്നു വീണതുകണ്ട ഭടന്മാർ ഭയചകിതരായി ദേവസഹായത്തിന്റെ മൃതദേഹം മലമുകളിൽ നിന്നു താഴേക്കെറിഞ്ഞശേഷം അവിടെനിന്നു പലായനം ചെയ്യുകയായിരുന്നു. അരുവായ്മൊഴി അക്കാലത്ത് വന്യമൃഗങ്ങൾ സ്വൈര്യവിഹാരം നടത്തിയിരുന്ന കൊടുംകാടായിരുന്നു. ദിവസങ്ങൾ നീണ്ട തിരച്ചിലിനൊടുവിലാണ് വീരരക്തസാക്ഷിയുടെ പൂജ്യശരീരാവശിഷ്ടങ്ങൾ ആ പ്രദേശത്തെ ക്രൈസ്തവർക്കു വീണ്ടെടുക്കാനായത്. ദേവസഹായം ഒരു വിശുദ്ധനാണെന്ന് പ്രാദേശിക സഭയ്ക്ക് അന്നേ ഉറപ്പായിരുന്നു. അതുകൊണ്ടുതന്നെ കോട്ടാറിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ നാമധേയത്തിലുള്ള ദൈവാലയത്തിനകത്ത് അൾത്താരയ്ക്കു തൊട്ടുമുന്നിലായി അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കബറടക്കിയത്. ഒരു അല്മായ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അത്യപൂർവമായൊരു ബഹുമതിതന്നെയായിരുന്നത്. ഫാ. തോമസ് ഡി പൊൻശേഖരയുടെ കാർമികത്വത്തിലായിരുന്നു സംസ്കാര ശുശ്രൂഷകൾ.

## തിരുശേഷിപ്പുകൾ

ദേവസഹായത്തിന്റെ തലപ്പാവും എഴുത്തോലകളും വടക്കൻകുളത്തും, പടവാളും കണ്ഠകോടാലിയും നട്ടാലത്തും സൂക്ഷിച്ചിരിക്കുന്നു. ആ വീരരക്തസാക്ഷിയുടെ കുരിശിന്റെ വഴിയിൽ പരാമർശിക്കപ്പെടുന്ന സ്ഥലങ്ങളെല്ലാം പ്രമുഖ ക്രൈസ്തവ കേന്ദ്രങ്ങളാണിന്ന്. "വേദസാക്ഷികളുടെ രക്തം സഭയുടെ വിത്ത്" എന്ന തെർത്തുല്യന്റെ ഉദ്ഘോഷണം ലോകത്തെവിടെയും എന്നതുപോലെ ഈ ദേശങ്ങളിലും യാഥാർഥ്യമാവുകയായിരുന്നു.

## വൈകിയെത്തിയ വിശുദ്ധപ്രഖ്യാപനം

സമകാലീനരുടെ സാക്ഷ്യങ്ങളും അവയുടെ ആധികാരികവും കാനോനികവുമായ ഡോക്യുമെന്റേഷനുകളും ഉണ്ടായിട്ടും രക്തസാക്ഷിത്വം കഴിഞ്ഞു 260 വർഷത്തിനുശേഷമാണ് 2012 ഡിസംബർ രണ്ടിന് ദേവസഹായം വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെടുന്നത്. വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടാൻ കൃത്യം 10 വർഷംകൂടി പിന്നെയും വേണ്ടിവന്നു. നാമകരണ നടപടികൾ എന്തേ ഇത്രയും വൈകി എന്ന ചോദ്യം സ്വാഭാവികം. ഓരോന്നിനും ഓരോ സമയമുണ്ട് എന്ന വിശുദ്ധഗ്രന്ഥനിലപാട് (സഭാപ്രസംഗകൻ 3:1-8) ഇവിടെ പ്രസക്തമാണെന്നുതോന്നുന്നു. 1773 -ൽ ലോകവ്യാപകമായിത്തന്നെ ഈശോസഭ നിരോധിക്കപ്പെട്ടതാണ് നാമകരണ നടപടികൾ നിലയ്ക്കാനും അനവരതമായെന്നോണം നീണ്ടുപോകാനും പ്രധാനകാരണം. ഇതിനിടെ, രേഖകൾ എവിടെയൊക്കെയാണെന്ന് അറിയാനാകാതെവന്നതും ഏറെ വിസ്മൃതമായതും മറ്റൊരുകാരണം. വത്തിക്കാൻ പുരാരേഖാലയത്തിലെ രഹസ്യവിഭാഗത്തിൽ നിന്നും ഈശോ സഭക്കാരുടെ റോമിലെയും ഷെമ്പകനൂരിലെയും (തമിഴ്നാട്) പുരാരേഖാലയങ്ങളിൽ നിന്നുമൊക്കെ അവ കണ്ടെത്തി വീണ്ടെടുക്കാനായത് ഒരു അത്ഭുതമായിത്തന്നെ കണക്കാക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ പല കള്ളക്കഥകളും ചരിത്രസത്യങ്ങളായി ശാശ്വതവല്ക്കരിക്കപ്പെടുമായിരുന്നു.

ദേവസഹായത്തോടൊപ്പം തടവറയിൽ തൊമ്മൻ തിരുമുത്ത് എന്നൊരു കവി ഉണ്ടായിരുന്നു. ദേവസഹായത്തിന്റെ സഹനങ്ങളുടെയും വിശ്വാസദാർഢ്യത്തിന്റെയും വിശദാംശങ്ങൾ അദ്ദേഹം പനയോലയിൽ എഴുതിസൂക്ഷിച്ചിരുന്നു. 'വേദസാക്ഷിയിൽ ഉയരമാനപാടുകൾ' എന്ന കവിതാസമാഹാരം അങ്ങനെയുണ്ടായതാണ്.

## ദേവസഹായവും കൊച്ചിരൂപതയും

ദേവസഹായത്തിന്റെ ജീവിതവും രക്തസാക്ഷിത്വവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ അക്കാലം കൊച്ചി രൂപതയുടെയും പദ്രുവാദോയുടെയും ഭരണസീമകളിൽ ആയിരുന്നു. ഡച്ചുകാരുടെ ശത്രുതമൂലം കൊച്ചിമെത്രാൻ ക്ലെമൻസ് ജോസഫ് കൊളാക്കോലെയ്ത്വാ തിരുവനന്തപുരത്തിനടുത്ത് അഞ്ചിതെങ്ങിലാണ് താമസിച്ചുകൊണ്ടിരുന്നത്. ദേവസഹായത്തിന്റെ വിശ്വാസജീവിതത്തെയും അറസ്റ്റിനെയും വർഷങ്ങൾ നീണ്ട സഹനങ്ങളെയുംകുറിച്ച് ബന്ധപ്പെട്ടവരിൽനിന്ന് അതതുസമയം അറിഞ്ഞും, പ്രാർഥനയിൽ പിന്തുണച്ചും പോന്നയാളായിരുന്നു ഈശോസഭാംഗമായ ആ മിഷണറി മെത്രാൻ. കാറ്റാടിമലയിലെ രക്തസാക്ഷിത്വ വാർത്ത ആദ്യം അറിഞ്ഞവരിൽ ഒരാളും ബിഷപ് ലെയ്ത്വാതന്നെ. ഉടനെ അദ്ദേഹം തന്റെ സഹായികളായ വൈദികർക്കൊപ്പം കപ്പേളയിൽ പ്രവേശിച്ച് 'തെ ദേവും' എന്ന കൃതജ്ഞതാസ്തോത്രം ആലപിച്ചു. സഭയ്ക്ക് വിശ്വാസവീരനും വിശുദ്ധനുമായൊരു രക്തസാക്ഷിയെ നൽകിയതിനു ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവാലയ

www.malankaralibrary.com

മണികൾ മുഴക്കാനും 'തെ ദേവും' ആലപിക്കാനും തന്റെ ഭരണസീമയിലെ സകലദൈവാലയങ്ങളിലേക്കും അദ്ദേഹം സർക്കുലർ അയക്കുകയും ചെയ്തു.

അതുകൊണ്ടും അവസാനിപ്പിക്കാതെ 1756 നവംബർ 15-നു പരിശുദ്ധപിതാവിനു സമർപ്പിച്ച 'ക്വിൻക്വിനീയൽ റിപ്പോർട്ടി'ൽ ദേവസഹായത്തിന്റെ ജീവിതവും രക്തസാക്ഷിത്വവും ബിഷപ് ലെയ്ത്വാ സവിസ്തരമായിത്തന്നെ ഉൾപ്പെടുത്തി. സഭാചട്ടപ്രകാരം മെത്രാന്മാർ അഞ്ചുവർഷത്തിലൊരിക്കൽ റോമിലെത്തണമെന്നും (ആദ് ലിമിന) രൂപതയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നുമുണ്ട്. ഈ റിപ്പോർട്ടാണ് ക്വിൻക്വിനിയൽ റിപ്പോർട്ട്.

ദേവസഹായത്തിന്റെ രക്തസാക്ഷിത്വത്തിന്റെ നാലാംവർഷം സമർപ്പിക്കപ്പെട്ട ഈ റിപ്പോർട്ട്, നാമകരണ നടപടികളിലെ ഏറ്റവും പ്രാമാണിക രേഖയായി ഭവിച്ചു. വത്തിക്കാന്റെ രഹസ്യരേഖാലയത്തിൽനിന്നാണ് ബിഷപ് ലെയ്ത്വാ പരിശുദ്ധപിതാവ് ബനഡിക്ട് പതിനാലാമന് സമർപ്പിച്ച ആ നിർണായകരേഖ കണ്ടെത്തിയത്. റോമിലെത്തിയ ജോസഫ് കരിയാറ്റിൽ മൽപ്പാനും പാറേമാക്കൽ തോമാകത്തനാരും ദേവസഹായത്തെ വിശുദ്ധനായി പ്രഖ്യാപിക്കാൻ വിശുദ്ധരുടെ നാമകരണനടപടികളുടെ ചുമതലപ്പെട്ട തിരുസംഘത്തിനു നിവേദനം സമർപ്പിച്ചതായി 1791-ൽ വിരചിതമായ 'വർത്തമാനപ്പുസ്തക' ത്തിൽ കാണുന്നു. *Vita Del Padrae Giovanni Battista Buttari* (ഫാ. ജ്യോവാന്നി ബറ്റിസ്ത ബുട്ടാരിയുടെ ജീവിതം) ആണ് മറ്റൊരു സമകാലീനകൃതി. ബുട്ടാരി അച്ചൻ ദേവസഹായത്തെക്കുറിച്ച് എഴുതിയ ഒട്ടുവളരെ കൈയെഴുത്തു രേഖകളുമുണ്ട്.

ദേവസഹായവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ പിന്നീട് പൂർണമായും വരാപ്പുഴ വികാരിയാത്തിന്റെ ഭരണസീമയിലായി. കർമലീത്താ സഭയ്ക്കു ഭരമേൽപ്പിക്കപ്പെട്ടതായിരുന്നു ആ വികാരിയാത്ത്. കുറേക്കാലം കഴിഞ്ഞ് വരാപ്പുഴ വികാരിയാത്ത് വിഭജിച്ച് കൊല്ലം, മംഗലാപുരം പ്രോ വികാരിയാത്തുകൾ നിലവിൽവന്നു. അവ പിന്നീട് വികാരിയാത്തുകളും ഒടുവിൽ രൂപതകളും ആയി. ദേവസഹായത്തിന്റെ കുഴിമാടം തുറന്നു പരിശോധന നടത്താൻ കാനോനിക നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത് കൊല്ലം മെത്രാനായിരുന്ന ദൈവദാസൻ അലോഷ്യസ് മരിയ ബെൻസിഗർ ഒ.സി.ഡി ആണ്. 1911 ആഗസ്റ്റ് 17-നായിരുന്നു അത്. കൊല്ലം രൂപത വിഭജിച്ചുണ്ടായ തിരുവനന്തപുരം രൂപത വിഭജിച്ചാണ് ഇന്നത്തെ കോട്ടാർ രൂപത രൂപീകരിച്ചത്. കോട്ടാർ രൂപതയുടെ നേതൃത്വത്തിലാണ് ദേവസഹായത്തിന്റെ നാമകരണ നടപടികൾ തുടർന്നത്. ആ പരിശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിയ ഈ ഘട്ടത്തിൽ നമുക്ക് പ്രഥമ ഭാരതീയ വിശുദ്ധനായ ഗൊൺസാലോ ഗാർഷ്യയെ സംബന്ധിച്ച വിവരണവും വിചിന്തനവും പൂർത്തിയാക്കേണ്ടതുണ്ട്. ലേഖനാരംഭം അങ്ങനെയായിരുന്നല്ലോ.



കോട്ടാർ സെന്റ് ഫ്രാൻസീസ് സേവ്യേഴ്സ് കത്തീഡ്രലിലെ അൾത്താരക്ക് മുന്നിലെ വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ കബറിടം

www.malankaralibrary.com

## ഗാർഷ്യ ഒരു ഗ്ലോബൽ ഇന്ത്യൻ

മുംബൈ മഹാനഗരത്തിനുവടക്ക് ചരിത്രപ്രസിദ്ധമായ വസ്സായ് ഗ്രാമത്തിൽ 1557 -ൽ ആണ് ഗോൺസാലോ ഗാർഷ്യയുടെ ജനനം. മുംബൈ ഉൾപ്പടെ ഈ തീരപ്രദേശമത്രയും അക്കാലത്ത് പോർച്ചുഗീസ് ഭരണത്തിലായിരുന്നു. പോർച്ചുഗലിൽനിന്ന് എത്തിയ ഒരു സൈനികനായിരുന്നു പിതാവ്. അദ്ദേഹം സൈനികവൃത്തി ഉപേക്ഷിക്കുകയും ഉത്തമകത്തോലിക്കയും കുലീനയുമായ ഒരു ഇന്ത്യക്കാരിയെ വിവാഹംകഴിച്ച് ഇവിടം തന്റെ മാതൃഭൂമിയാക്കുകയും ചെയ്തു.

വസ്സായിയിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ നാമത്തിലുള്ള കോട്ടയിൽ ഈശോസഭക്കാരുടെ ശിക്ഷണത്തിലായിരുന്നു ഗോൺസാലോ ഗാർഷ്യയുടെ വിദ്യാഭ്യാസം. ഭാഷ, തത്വശാസ്ത്രം, വ്യാകരണം, ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ വ്യുത്പത്തിനേടിയ ഗാർഷ്യ ഒരു ബഹുമുഖപ്രതിഭയായിരുന്നു. രാജ്യാന്തര വാണിജ്യം, നയതന്ത്രം, സുവിശേഷപ്രഘോഷണം എന്നിങ്ങനെ വിവിധ മേഖലകളിൽ ഗാർഷ്യ വെന്നിക്കൊടി പാറിച്ചു. ജപ്പാനിലും ഫിലിപ്പീൻസിലുമൊക്കെ അദ്ദേഹത്തിനു വ്യാപാരശാലകളുണ്ടായിരുന്നു.

ഏത് അർഥത്തിലും ഒരു ഗ്ലോബൽ ഇന്ത്യൻ ആയിരുന്നു ഗാർഷ്യ. ഒരുപക്ഷേ ഒന്നാമത്തെ ഗ്ലോബൽ ഇന്ത്യൻ! ജാപ്പനീസ് ഭാഷയിലും ഫിലിപ്പീൻസിലെ ഭാഷകളിലും അസാമാന്യമായ നൈപുണ്യമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മനില ആസ്ഥാനമാക്കിയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. രാജ്യാന്തരയാത്രകൾക്കിടയിൽ ഫ്രാൻസിസ്കൻ സന്ന്യാസികളുമായി പരിചയപ്പെടാൻ അവസരമുണ്ടായി. അങ്ങനെ ക്രമേണ അദ്ദേഹം ഒരു ഫ്രാൻസിസ്കൻ സന്ന്യാസസഹോദരനായി വ്രതവാഗ്ദാനം നടത്തി.

മനിലയിലെ സ്പാനിഷ് ഗവർണർ അദ്ദേഹത്തെ ജപ്പാനിലേക്കുള്ള ഒരു നയതന്ത്ര ദൗത്യത്തിന്റെ ഭാഗമാക്കിയത് ജാപ്പനീസ് ഭാഷ അദ്ദേഹത്തിനു പച്ചവെള്ളംപോലെ വശമായിരുന്നതുകൊണ്ടാണ്. സംഘനേതാവായ ഫ്രാൻസിസ്കൻ സന്ന്യാസി ഫാ. പീറ്റർ ബാപ്റ്റിസ്റ്റയ്ക്കാവട്ടെ ആ ഭാഷ ബാലികേറാമലയുമായിരുന്നു. 1593 മെയ് 21-ന് സംഘം ജപ്പാനിലെ ഹിറാഡോ തുറമുഖത്തെത്തി. ദൗത്യം വിജയിച്ചു എന്നുമാത്രമല്ല, ടായ്കോ സാമയുടെ പ്രീതിനേടി ആ രാജ്യത്ത് വ്യാപകമായി സുവിശേഷപ്രഘോഷണം നടത്താനും അവർക്കായി. വൻ ഭൂവുടമകളും പ്രമാണികളുമൊക്കെ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു തുടങ്ങി. ഇവിടെനിന്നങ്ങോട്ട് ഗാർഷ്യയുടെ ജീവിതത്തിന് ദേവസഹായത്തിന്റെ ജീവിതവുമായുള്ള സാക്ഷ്യം അമ്പരപ്പിക്കുന്നതത്രേ.

## സമാനതകളുള്ള രക്തസാക്ഷികൾ

തിരുവിതാംകൂറിൽ ദേവസഹായത്തിനെതിരെ മേൽജാതി അച്ചുതണ്ട് ഗൂഢപ്രവർത്തനങ്ങൾ നടത്തിയതുപോലെ ജപ്പാനിൽ ബുദ്ധമതനേതൃത്വമാണ് സടകുടഞ്ഞുണർന്നത്. അവർ ഗാർഷ്യയ്ക്കും കൂട്ടർക്കുമെതിരെ ഇല്ലാക്കഥകൾ മെനഞ്ഞു. ടായ്കസോമയെ (ചക്രവർത്തിയെ) അധികാരഭ്രഷ്ടനാക്കുകയാണു മിഷണറിമാരുടെ യഥാർഥ ലക്ഷ്യമെന്നും മിഷണറിമാർ വാസ്തവത്തിൽ സ്പാനിഷ് രാജാവിന്റെ ചാരന്മാരാണെന്നും അവർ അദ്ദേഹത്തെ ധരിപ്പിച്ചു. ചക്രവർത്തി അത് വിശ്വസിക്കാൻതക്കവിധ ചില സംഭവങ്ങളും ഉണ്ടായി!

മിഷണറിമാരെയൊക്കെ അറസ്റ്റ് ചെയ്യാനും വധിക്കാനും ചക്രവർത്തി ഉത്തരവായി. നിയാക്കോയിലെ (ഇന്നത്തെ ക്യൂട്ടോ നഗരം) ആശ്രമത്തിൽനിന്ന് അവരെ കടുത്ത മഞ്ഞുകാലത്ത് 600 മൈലോളം നടത്തിച്ച് നാഗസാക്കിയിൽ എത്തിച്ചു. സക്കായി, ഒക്കായാമ, ഹിരോഷിമ, ഷിമണോസേക്കി, കറാട്സു തുടങ്ങിയ പ്രദേശങ്ങളിൽ ഏറിയകൂറും മഞ്ഞിലൂടെയുള്ള ഈ യാത്ര തിരുവിതാംകൂറിലെ എട്ടു താലൂക്കിലൂടെയും ദേവസഹായത്തെ കൊണ്ടുനടന്നു പീഡിപ്പിച്ചതിനുസമാനം തന്നെ!

ദേവസഹായത്തിന്റെ രക്തസാക്ഷിത്വം കാറ്റാടിമലയിലായിരുന്നെങ്കിൽ ഗാർഷ്യയുടെയും കൂട്ടരുടെയും രക്തസാക്ഷിത്വം നിഷിഗാവോക്ക എന്ന കുന്നിന്മേലായിരുന്നു. ഗാർഷ്യയുൾപ്പടെ 26 പേരുണ്ടായിരുന്നു വധിക്കപ്പെടാൻ. 26 പേരെയും കുരിശിൽ തറച്ചശേഷം കുറേക്കഴിഞ്ഞ് കുന്തംകൊണ്ട് കുത്തികൊന്നു. നാഗസാക്കിയിൽനിന്നും നിഷിഗാവോക്കയിലേക്കു ഗാർഷ്യയും കൂട്ടരും നടന്നത് സങ്കീർത്തനങ്ങൾ ആലപിച്ചുകൊണ്ടാണ്. കുരിശിൽകിടന്നും അവർ സ്തുതിപ്പു തുടർന്നു! 1597 ഫെബ്രുവരി 5-നായിരുന്നു ആ രക്തസാക്ഷിത്വം. ഊർബൻ എട്ടാമൻ പാപ്പ 1627 സെപ്തംബർ 14-ന് ഗാർഷ്യയെയും കൂട്ടരെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. 1862 ജൂൺ 8-ന് ഒമ്പതാംപിയൂസ് പാപ്പ അവരെ വിശുദ്ധരായി ഉയർത്തി. ■

www.malankaralibrary.com


# അതിരുകളില്ലാത്ത ദൈവ നീതിയുടെ പ്രവാചകൻ



ഇഗ്നേഷ്യസ് തോമസ്
*റിട്ട. ഹെഡ്മാസ്റ്റർ, പള്ളിക്കര*
*വാഴ്ത്തപ്പെട്ട ദേവസഹായ നാമകരണ സമിതി അംഗം*

**നീലകണ്ഠപിള്ളയിൽ നിന്നും ദേവസഹായത്തിലേക്കെത്തിയ സപ്തവർഷങ്ങൾകൊണ്ടു തന്നെ സ്വർഗം കീഴടക്കിയ ഭാരതത്തിലെ പ്രഥമ വിവാഹിത അല്മായ രക്തസാക്ഷിയുടെ പ്രേഷിതഭൂമികയിലേക്കൊരു നേർക്കാഴ്ച.**


കേവലം ഏഴുവർഷം മാത്രം ക്രൈസ്തവനായി ജീവിക്കുക, അതിൽ നാല് വർഷം സുവിശേഷം പ്രഘോഷിക്കുക, വചനാനുഭവത്തിൽ നിലനില്ക്കുക, തുടർന്നുള്ള മൂന്ന് വർഷം കഠിനമായ പീഡനങ്ങൾ അനുഭവിക്കുക, പരിസമാപ്തിയിൽ രക്തസാക്ഷിമകുടം ചൂടുക! സഭാചരിത്രത്തിൽ അപൂർവമായി മാത്രമെ ഇങ്ങനെയൊരു രക്തസാക്ഷിയെ നാം കണ്ടുമുട്ടുകയുള്ളൂ. 33-ാം വയസ്സിൽ ക്രൈസ്തവവിശ്വാസത്തിലേക്ക് കടന്നുവരുകയും 40-ാം വയസ്സിൽ വിശുദ്ധിയുടെ പൊൻകിരീടം ചാർത്തപ്പെടുകയും ചെയ്ത വിശുദ്ധ ദേവസഹായത്തിന്റെ ക്രൈസ്തവ ജീവിതം അത്ഭുദാദരവോടെ മാത്രമേ നമുക്ക് നോക്കി കാണാനാവൂ. 1752 ജനുവരി 14-ന് രക്തസാക്ഷിത്വം വരിച്ച ദേവസഹായം 2022 മേയ് 15-ന് ഫ്രാൻസിസ് പാപ്പാ വിശുദ്ധനായി പ്രഖ്യാപിച്ചപ്പോൾ ദേവസഹായം ഭാരതത്തിൽ നിന്നുളള ആദ്യ വിവാഹിത അല്മായ വിശുദ്ധനായി തീരുകയാണ്. രക്തസാക്ഷിത്വം വരിച്ച് 270 വർഷം പിന്നിടുമ്പോഴാണ് സഭ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുന്നത്. ദേവസഹായത്തെ ആദരിക്കാൻ സഭ വൈകിയത് എന്തുകൊണ്ട് എന്ന് ചിന്തിക്കുന്നവർ ഉണ്ടാകാം! ആത്യന്തികമായി ദൈവത്തിന്റെ പദ്ധതിയും ഇടപെടലുമായി വേണം വിശുദ്ധപദ പ്രഖ്യാപനത്തെ നാം വീക്ഷിക്കേണ്ടത്. "എല്ലാറ്റിനുമൊരു സമയമുണ്ട്. ആകാശത്തിൻ കീഴിലുള്ള സമസ്ത കാര്യത്തിനും ഒരവസരമുണ്ട്. കാലത്തിന്റെ തികവിൽ ദൈവം എല്ലാം പുനഃസൃഷ്ടിക്കും. ഇന്നുള്ളത് പണ്ടേ ഉണ്ടായിരുന്നതാണ്; ഇനി ഉണ്ടാകാനിരിക്കുന്നത് ഉണ്ടായിരുന്നതുതന്നെ. കടന്നുപോയ ഓരോന്നിനെയും ദൈവം യഥാകാലം തിരിച്ചുകൊണ്ടുവരും" (സഭാ 3:1,15). സഭയുടെ ഭാഗത്തുനിന്നും ശുഷ്കാന്തിയില്ലായ്മയും ജാഗ്രതക്കുറവും ഉണ്ടായിട്ടുണ്ടാവാം. വിശുദ്ധപദ പ്രഖ്യാപനം വൈകിയതിന് ചരിത്രപരമായ കാരണങ്ങളും കണ്ടെത്തിയേക്കാം. ഈ വചനങ്ങളുടെ പൊരുൾ ദേവസഹായത്തിന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ യോജ്യമായ സമയത്തെക്കുറിച്ചുള്ള ഉത്തരം നല്കുന്നു.

www.malankaralibrary.com

ക്രൈസ്തവനാകാനുള്ള ദൈവവിളിയും പീഡനങ്ങളുടെ തീച്ചൂളയിലൂടെയുള്ള കടന്നുപോക്കും ആത്യന്തികമായി സംഭവിച്ച രക്തസാക്ഷിത്വവുമെല്ലാംതന്നെ ദൈവിക ഇടപെടലുകളുടെ വ്യക്തമായ അടയാളങ്ങൾതന്നെ. വിശുദ്ധപദ പ്രഖ്യാപനം യോജ്യവും സ്വീകാര്യവുമായ സമയത്ത് സംഭവിച്ചു എന്നുതന്നെ കരുതാം. കാരണം, നമ്മുടെ ഭാരതം അത്യന്തം സങ്കീർണമായ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ സാഹചര്യങ്ങളിലൂടെ ഇന്ന് കടന്നുപോകുമ്പോൾ വിശുദ്ധ ദേവസഹായത്തിന്റെ ജീവിതസാക്ഷ്യം ഏറെ പ്രസക്തമായിത്തീരുന്നു. ഇന്ന് നിലനില്ക്കുന്ന സാമൂഹ്യവ്യവസ്ഥിതിയും സാമ്പത്തിക ഉച്ചനീചത്വങ്ങളും അധികാര ദുഷ്പ്രഭുത്വവും മതവിവേചനവും വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വിഭജനത്തിന്റെ മതിലുകൾ കെട്ടി ഉയർത്തുന്നു. ഇവിടെ ഫാ. സ്റ്റാൻസ്വാമിയെപോലെയുള്ള രക്തസാക്ഷികൾ ദേവസഹായത്തിന്റെ ഗണത്തിൽ അണിചേർക്കപ്പെടുന്നു. "നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്. എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആഹ്ലാദിച്ചാനന്ദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കുമുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്" (മത്താ 5:10-12).

## ദൈവരാജ്യമൂല്യങ്ങൾക്കായി ജീവത്യാഗം

ക്രിസ്ത്യാനിയായതിനാൽ നിരന്തരമായ പീഡനങ്ങൾ ഏറ്റുവാങ്ങി രാജകല്പന പ്രകാരം ആരുവാഴ്മൊഴിക്കടുത്തുള്ള കാറ്റാടി മലയിൽവച്ചു ഭടന്മാരുടെ വെടിയേറ്റ് രക്തസാക്ഷിത്വം വരിച്ചു. ആത്യന്തികമായി അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞതിനാൽ



www.malankaralibrary.com

തന്നെ സംഭവിച്ചു എന്ന സത്യം അടിവരയിട്ടുതന്നെ പറയാം. വെറുമൊരു മതം മാറ്റവും ഭരണാധികാരികളുടെ മതവിദ്വേഷവും മാത്രമാക്കി ദേവസഹായത്തിന്റെ രക്തസാക്ഷിത്വത്തെ ചുരുക്കുന്നത് ചരിത്രത്തോടും അദ്ദേഹത്തോടും കാട്ടുന്ന അക്ഷന്തവ്യമായ അപരാധമായിരിക്കും. സഹനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും വിശുദ്ധിയുടെയും വ്യാപ്തിയും ആകെത്തുകയും യേശുവിന്റെ ദൈവരാജ്യദർശനങ്ങളുടെ അടിസ്ഥാനത്തിലാകണം വിലയിരുത്തപ്പെടേണ്ടത്. അതിന് പതിനെട്ടാം നൂറ്റാണ്ടിലെ തെക്കൻ തിരുവിതാംകൂറിലെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലം അറിയുകയും അനീതിയും അനിശ്ചിതത്വവും നിറഞ്ഞ ഘടനാ സംവിധാനങ്ങളെ വിശകലനം ചെയ്യപ്പെടുകയും വേണം. ദൈവരാജ്യ മൂല്യങ്ങൾക്കെതിരായ സംവിധാനങ്ങളോട് ദേവസഹായം എങ്ങനെ പ്രതികരിച്ചു എന്നും സ്വീകരിച്ച നിലപാടുകൾ എന്തെന്നും നാം അറിയണം. ഇത്തരത്തിലുള്ള സൂക്ഷ്മ നിരീക്ഷണം ആത്യന്തികമായി അദ്ദേഹത്തിന്റെ സഹനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും യഥാർഥ മൂല്യം വെളിപ്പെടുത്തും.

## മാർത്താണ്ഡവർമകാലത്തെ തിരുവിതാംകൂർ

ഇരുപത്തിമൂന്നാമത്തെ വയസ്സിൽ തിരുവിതാംകൂറിന്റെ ഭരണാധികാരിയായി ചുമതലയേറ്റ മാർത്താണ്ഡവർമയെന്ന യുവരാജാവ് അതിനിപുണനും സമർഥനും ക്രാന്തദർശിയുമായ ഭരണകർത്താവായിരുന്നു. തന്റെ അധികാരവും ആധിപത്യവും അരക്കിട്ടുറപ്പിക്കാനായി എതിരാളികളെ നിഷ്കരുണം നശിപ്പിച്ചു നാമാവശേഷമാക്കാൻ അദ്ദേഹം ഒട്ടും മടികാട്ടിയിരുന്നില്ല. "അദ്ദേഹം മനുഷ്യത്വരഹിതമായ വിധം മനഃസാക്ഷിയില്ലാത്തവനും ക്രൂരഹൃദയനും സ്വരാജ്യസ്നേഹരഹിതനും ആയിരുന്നു. എട്ടുവീട്ടിൽപിള്ളമാരുടെ കുടുംബങ്ങളോട് അദ്ദേഹം കാട്ടിയ ക്രൂരതയും തമ്പിമാരുടെ അരുംകൊലയും മാന്യതയും നീതിയും തീർത്തും അന്യമായിരുന്നു" എന്നാണ് പ്രസിദ്ധ ചരിത്രകാരൻ സർദാർ കെ.എം. പണിക്കർ രേഖപ്പെടുത്തിയിട്ടുള്ളത്.

അത്യന്തം സങ്കീർണമായ സ്ഥിതിവിശേഷമായിരുന്നു മാർത്താണ്ഡവർമ 1720-ൽ തിരുവിതാംകൂറിലെ രാജാവായി ചുമതലയേൽക്കുമ്പോൾ നിലനിന്നിരുന്നത്. ആഭ്യന്തരവും വൈദേശികവുമായ നിരവധി വെല്ലുവിളികൾ അദ്ദേഹത്തിന് നേരിടേണ്ടതായിവന്നു. ആഭ്യന്തര സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി അദ്ദേഹം വിട്ടുവീഴ്ച ഇല്ലാത്ത നിലപാടുകൾ കൈക്കൊണ്ടു. തന്റെ എതിരാളികളായി നിലകൊണ്ട എട്ടുവീട്ടിൽ പിള്ളമാരെ നിഷ്ക്കരുണം നിർവീര്യരാക്കി തുടച്ചുമാറ്റി. കൊല്ലം, കായംകുളം, തെക്കൻകൂർ, വടക്കൻകൂർ തുടങ്ങിയ ചെറുരാജ്യങ്ങളെ ആക്രമിച്ചു തിരുവിതാംകൂറിനോടു കൂട്ടിച്ചേർത്തുകൊണ്ട് രാജ്യവിസ്തൃതി വിപുലപ്പെടുത്തി.

രാജ്യത്തിന്റെ ഔദ്യോഗിക മതമായിരുന്ന ഹിന്ദുമതത്തിന്റെയും ആരാധനാലയങ്ങളുടെയും സംരക്ഷണവും പരിപാലന ചുമതലയും തിരുവിതാംകൂർ രാജാവ് എന്ന നിലയിൽ മാർത്താണ്ഡവർമക്കായിരുന്നു. തന്റെ ഉടവാൾ ശ്രീപത്മനാഭന് സമർപ്പിച്ചുകൊണ്ട് രാജ്യഭരണം പത്മനാഭദാസനായ താൻ നടത്തുമെന്ന് രാജാവ് പ്രഖ്യാപനം നടത്തി. ക്ഷേത്രാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പുരോഹിതരെയും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള ദൗത്യം തനിക്കാണെന്ന് മാർത്താണ്ഡവർമ കരുതി. അതോടൊപ്പം ബ്രാഹ്മണ പുരോഹിതരെ വന്ദ്യരായി കരുതി അവർക്ക് ഭൂമിയും സ്വർണവും അന്നവും സമൃദ്ധമായി നല്കി. അങ്ങനെ തിരുവിതാംകൂറിനെ ഹൈന്ദവ മതമൂല്യങ്ങൾക്കനുസൃതമായ ധർമരാജ്യമാക്കി മാർത്താണ്ഡവർമ മാറ്റി. അതേ സമയംതന്നെ സുറിയാനി ക്രിസ്ത്യാനികളുടെ വ്യാപാര വാണിജ്യ ഇടപാടുകൾക്കും മതപരമായ അനുഷ്ഠാനങ്ങൾക്കും പുതിയ ദൈവാലയങ്ങളുടെ നിർമിതിക്കും മാർത്താണ്ഡവർമ നിർലോഭമായ സഹായവും പിന്തുണയും നല്കിയിരുന്നു. ഒപ്പം മുസ്ലീം കച്ചവടക്കാരുടെ ചൂഷണത്തിൽനിന്നും ആക്രമണത്തിൽനിന്നും ക്രൈസ്തവരായ തീരദേശവാസികൾക്ക് ആവശ്യമായ സംരക്ഷണവും നല്കിയിരുന്നു. ഇപ്രകാരം രാജാവ് സുറിയാനി ക്രിസ്ത്യാനികളോടും തീരദേശവാസികളോടും പുലർത്തിയിരുന്ന സൗഹൃദവും സ്നേഹവും അവർക്ക് നല്കിയിരുന്ന സംരക്ഷണവും ചൂണ്ടിക്കാട്ടിയാണ് സമകാലികരായ ചരിത്രകാരന്മാർ മാർത്താണ്ഡവർമ്മ ക്രിസ്ത്യാനികളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു എന്ന് സമർഥിക്കുന്നത്.

എന്നാൽ ഉയർന്നജാതിയിൽപ്പെട്ട ക്ഷത്രിയ, ബ്രാഹ്മണ, നായർ വിഭാഗങ്ങളിൽ നിന്നോ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട് ഊഴിയവേല ചെയ്യാൻ മാത്രം വിധിക്കപ്പെട്ടിരുന്ന കീഴ്ജാതിക്കാരിൽ നിന്നോ മതപരിവർത്തനം ചെയ്യാൻ ആർക്കും അനുവാദമുണ്ടായിരുന്നില്ല. ചുരുക്കത്തിൽ പുതിയതായി ആരുതന്നെ ക്രിസ്തുമതത്തിൽ ചേരുന്നതിനോ

www.malankaralibrary.com

മതപ്രചരണം നടത്തുന്നതിനോ തിരുവിതാംകൂർ രാജ്യത്ത് നിയമം അനുവദിച്ചിരുന്നില്ല.

ജാതി സമ്പ്രദായവും അതിന്റെ പേരിലുള്ള അനിയന്ത്രിതമായ ചൂഷണവും തിരുവിതാംകൂറിൽ അതിന്റെ കാഠിന്യത്തോടെ നിലനിന്നിരുന്നു. ജാത്യാചാരങ്ങളും അനുഷ്ഠാനങ്ങളും ജാതിനിയമങ്ങളും കൊണ്ട് മനുഷ്യനെ വരിഞ്ഞുമുറുക്കിയിരുന്നു. പൂണൂൽ ധരിച്ച നമ്പൂതിരിയും ഉടവാളേന്തിയ ക്ഷത്രിയനും ഇവരോടൊപ്പം ചേർന്നു നിന്ന നായന്മാരുടെയും ആധിപത്യവും വാഴ്ചയുമാണ്, പതിനെട്ടാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ നടമാടിയിരുന്നത്. ബ്രാഹ്മണരുടെ ഉപദേശമനുസരിച്ച് ഭരണം മുന്നോട്ടു കൊണ്ടുപോകാൻ രാജാവ് ശ്രദ്ധിച്ചിരുന്നു. അവരെ പ്രീതിപ്പെടുത്തിയും ദാനധർമങ്ങൾ നല്കിയും മാർത്താണ്ഡവർമ മുന്നോട്ടുനീങ്ങി. ഇതോടൊപ്പം നായന്മാരും തിരുവിതാംകൂറിലെ വരേണ്യവിഭാഗമായി നിലകൊണ്ടിരുന്നു. ഫ്രാൻസിസ് ബുക്കാനൻ നല്കുന്ന വിവരണ പ്രകാരം "നായന്മാരുടെ മുഖ്യതൊഴിൽ ആയുധങ്ങളേന്തുക എന്നതായിരുന്നു. രാജാവിനാൽ നിയന്ത്രിക്കപ്പെടുകയും നമ്പൂതിരിമാരാൽ നയിക്കപ്പെടുകയും ചെയ്തിരുന്ന പടയാളികളിൽ ഏറിയ പങ്കും നായർ സമുദായത്തിൽപ്പെട്ടവരായിരുന്നു." സമാധാനം പുലരുന്ന കാലത്ത് ഇവർ കാർഷികവൃത്തിയിലും ഏർപ്പെട്ടിരുന്നു. സവർണരിൽ തിരുനെൽവേലി, മധുര എന്നിവിടങ്ങളിൽ നിന്ന് കുടിയേറി പാർത്ത വെള്ളാളരും തിരുവിതാംകൂറിൽ മാപ്പിളമാർ എന്ന് വിളിച്ചിരുന്ന സിറിയൻ ക്രിസ്ത്യാനികളും ഉൾപ്പെട്ടിരുന്നു. മറ്റുള്ള ഈഴവർ, നാടാർ, മുക്കുവർ, കമ്മാളർ, പുലയർ തുടങ്ങിയ ജാതിക്കാരെല്ലാം കീഴ്ജാതിക്കാരും അസ്പർശ്യരുമായി പരിഗണിക്കപ്പെട്ടിരുന്നു. ഇങ്ങനെ വ്യക്തമായി ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വിഭജിതമായ സമൂഹമായിരുന്നു പതിനെട്ടാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ കാണപ്പെട്ടിരുന്നത്.

## മാർത്താണ്ഡവർമയും ക്രൈസ്തവബന്ധവും

മാർത്താണ്ഡവർമയുടെ ഭരണകാലയളവിൽ മതപരിവർത്തനത്തിന്റെ പേരിൽ മതപീഡനങ്ങൾ നടന്നതായി യാതൊരു തെളിവുകളുമില്ലായെന്നാണ് ചരിത്രകാരനായ പ്രൊഫ. എ. ശ്രീധരമേനോൻ അഭിപ്രായപ്പെടുന്നത്. എന്നാൽ ആധികാരികമായി ജസ്വീറ്റ് ചരിത്രകാരന്മാരും പ്രൊട്ടസ്റ്റന്റ് ചരിത്രകാരന്മാരായ സാമുവൽ മെറ്റിയർ, വാർഡ് ആന്റ്

> **ഉയർന്നജാതിയിൽപ്പെട്ട ക്ഷത്രിയ, ബ്രാഹ്മണ, നായർ വിഭാഗങ്ങളിൽ നിന്നോ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട് ഊഴിയവേല ചെയ്യാൻ മാത്രം വിധിക്കപ്പെട്ടിരുന്ന കീഴ്ജാതിക്കാരിൽ നിന്നോ മതപരിവർത്തനം ചെയ്യാൻ ആർക്കും അനുവാദമുണ്ടായിരുന്നില്ല. ചുരുക്കത്തിൽ പുതിയതായി ആരുതന്നെ ക്രിസ്തുമതത്തിൽ ചേരുന്നതിനോ മത പ്രചരണം നടത്തുന്നതിനോ തിരുവിതാംകൂർ രാജ്യത്ത് നിയമം അനുവദിച്ചിരുന്നില്ല.**

കോണർ, സി.എം. അഗൂർ ഉൾപ്പെടെയുള്ളവർ ദേവസഹായം ക്രിസ്തുമതത്തിലേക്കു പരിവർത്തനം നടത്തിയതിനാലാണ് മരണം വരിക്കേണ്ടിവന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

തിരുവിതാംകൂറിലെ സിറിയൻ ക്രിസ്ത്യാനികൾക്ക് വ്യാപാരവാണിജ്യ ഇളവുകളും ആനുകൂല്യങ്ങളും നല്കിയും ദൈവാലയങ്ങൾ പണിയുന്നതിന് ഭൂമിയും നികുതി ഇളവുകളും അനുവദിച്ചും അവരോട് ഉദാരസമീപനം മാർത്താണ്ഡവർമ കൈക്കൊണ്ടുവെന്നത് യാഥാർഥ്യമായിരുന്നു.

തീരപ്രദേശത്ത് മത്സ്യബന്ധനം നടത്തിയിരുന്ന മുക്കുവർക്ക് രാജാവിൽ നിന്ന് പൂർണസംരക്ഷണം ലഭിച്ചിരുന്നു. കൂടാതെ തിരുവിതാംകൂർ നാവിക വിഭാഗത്തിൽ ഏതാണ്ടു മുഴുവനായും മുക്കുവരായിരുന്നു. ഈ നാവിക പടയാണ് ധീരതയോടും സാഹസികതയോടും കൂടെ ഡച്ചു നാവിക പടയെ നേരിട്ടത്. തീരദേശത്തും ഉൾനാടുകളിലും മത്സ്യബന്ധനവും വ്യാപാരവും നടത്തിയിരുന്ന ഇക്കൂട്ടർക്ക് തീരത്തും ഉൾനാടുകളിലും പള്ളികളുണ്ടായിരുന്നു. പത്മനാഭപുരത്തെ ഇടവകവികാരിയായിരുന്ന

www.malankaralibrary.com

വൈദികൻ ഫാ.പീറ്റർ ബരൈറോസ് ഉദയഗിരി പള്ളിയുടെയും ചാപ്ലിനായിരുന്നു. അദ്ദേഹത്തിന് ശമ്പളം കൊടുത്തിരുന്നതും രാജാവായിരുന്നു. ഇക്കാര്യങ്ങളെല്ലാം ചൂണ്ടിക്കാട്ടിയാണ് സെക്കുലർ ചരിത്രകാരന്മാരെന്ന് ഭാവിക്കുന്നവർ തിരുവിതാംകൂറിൽ മതപീഡനം നടന്നിട്ടില്ലെന്ന് സമർഥിക്കുന്നത്.

ഉൾനാടുകളിൽ പാർത്തിരുന്ന സവർണർക്കോ അവർണർക്കോ മതപരിവർത്തനം നടത്താൻ അനുവാദമുണ്ടായിരുന്നില്ല. രാജസേവകന്മാരായ സവർണർ ക്രൈസ്തവമതത്തിലേക്ക് കടന്നുവരുന്നത് ഉൾക്കൊള്ളാൻ ഭരണ പുരോഹിതവർഗത്തിന് ചിന്തിക്കാനാവുമായിരുന്നില്ല. വരേണ്യവർഗത്തിന്റെ വിടുവേല ചെയ്യുന്ന അടിമകളും കീഴാളരുമായവർ, ക്രൈസ്തവരായി മാറിയാൽ കാർഷിക മേഖലയിൽ അടിമ പണിചെയ്യാൻ ആളില്ലാതാകും. അങ്ങനെ സവർണ മേധാവിത്വം തകരും. അടിമകളുടെ മോചനം ചിന്തിക്കാനെ സവർണർക്ക് സാധ്യമല്ലായിരുന്നു.

## സാമൂഹ്യനീതിയുടെ പ്രവാചകൻ

പതിനെട്ടാം നൂറ്റാണ്ടിലെ തിരുവിതാംകൂറിലെ സാമൂഹിക അന്തരീക്ഷം ജാതി വ്യവസ്ഥയുടെ കാറിന്യത്താൽ വരിഞ്ഞു മുറുക്കപ്പെട്ടിരുന്നു. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നിവ അതിന്റെ ക്രൂരഭാവത്തിൽ നിലകൊണ്ടിരുന്നു. താണജാതിക്കാർക്ക് ചെരുപ്പ് ധരിക്കാനോ ഓടിട്ട വീടുകളിൽ താമസിക്കാനോ കുട പിടിച്ചുകൊണ്ട് നടക്കാനോ അനുവാദമുണ്ടായിരുന്നില്ല. സ്ത്രീകൾക്ക് മാറ് മറയ്ക്കാനും അവകാശമുണ്ടായിരുന്നില്ല. ക്രൈസ്തവരെ (ലത്തീൻ) താണ ജാതിക്കാരായാണ് പരിഗണിച്ചിരുന്നത് അവരെ ചണ്ഡാളർ, കീഴ്ജാതി, നീചജാതി എന്നിങ്ങനെയാണ് സംബോധന ചെയ്തിരുന്നതുതന്നെ.

ദേവസഹായം ആകട്ടെ യേശുവിനോടുള്ള സ്നേഹത്തെപ്രതി എല്ലാവരെയും ഒരേപോലെ വീക്ഷിക്കുകയും കീഴ്ജാതി, മേൽജാതി വ്യത്യാസമില്ലാതെ എല്ലാവരുമായി ഇടപഴകാൻ മുന്നോട്ടുവരുകയും ചെയ്തു. നീലകണ്ഠൻ എന്ന ദേവസഹായം ക്രൈസ്തവനായി തീർന്നതുതന്നെ യേശുവിനെ അനുകരിക്കാനും തന്റെ ജീവൻ അവനുവേണ്ടി ത്യജിക്കാനുമായിരുന്നു. ക്രൈസ്തവനായിതീർന്ന ദേവസഹായം രാജ്യസേവനത്തിൽ വീണ്ടും മുഴുകുകയും താൻ സ്വീകരിച്ച ക്രൈസ്തവ വിശ്വാസത്തിന് അനുസൃതമായ ജീവിതം നയിക്കുകയും ചെയ്തു. തന്റെ പൂർവ മതത്തിലെ ആചാരാനുഷ്ഠാനങ്ങൾ പിന്തുടരാൻ അദ്ദേഹം കൂട്ടാക്കിയില്ല. അസ്പൃശ്യരുമായി സ്വതന്ത്രമായി അദ്ദേഹം ഇടപഴകി; അവരോടൊത്ത് ഭക്ഷണം കഴിച്ചു. ഈ പ്രവൃത്തികൾ ഉന്നതകുല ജാതരെ അസഹ്യപ്പെടുത്തി. ഹൈന്ദവ ദേവന്മാരെ ആരാധിക്കാനോ തിരുവിതാംകൂർ രാജാക്കന്മാർ പിന്തുടരുന്ന മതാചാരങ്ങൾ അനുഷ്ഠിക്കാനോ അദ്ദേഹം തയ്യാറായില്ല. ഉന്നതകുല ജാതരുടെ ദൃഷ്ടിയിൽ നീലകണ്ഠൻ കീഴ്ജാതിക്കാരുമായി സംസർഗത്തിലായതു നിമിത്തം അദ്ദേഹവും അശുദ്ധനായി തീർന്നു. ഉയർന്ന ജാതിക്കാരിൽ നിന്നും താണ ജാതിക്കാരിൽ നിന്നും ക്രിസ്തുമതം സ്വീകരിക്കാൻ ധാരാളം പേർ മുന്നോട്ടുവന്നപ്പോൾ രാജ്യത്ത് നിലനിൽക്കുന്ന സാമൂഹ്യഘടന തകരുമെന്ന് രാജാവും ബ്രാഹ്മണരും ഭയപ്പെട്ടു. സാമൂഹ്യ വ്യവസ്ഥ പൊളിച്ചെഴുതി സാമൂഹ്യനീതിക്കായി പ്രയത്നിക്കുന്ന ദേവസഹായത്തെ എത്രയും വേഗം തുടച്ചു നീക്കാൻ ബ്രാഹ്മണ പൗരോഹിത്യവും ഭരണവർഗവും രാജാവിൽ പ്രേരണ ചെലുത്തി.

## രക്തസാക്ഷി

ക്രിസ്തുവിന്റെ പീഡകളോട് ചേർന്നുനിന്ന് എല്ലാവിധ ക്രൂരമായ അതിക്രമങ്ങളും നിഷ്ഠൂരമായ പീഡകളും ഏറ്റുവാങ്ങിക്കൊണ്ട് യേശുവിന്റെ പീഡാസഹനത്തിലും കുരിശുമരണത്തിലും ദേവസഹായം പങ്കുചേർന്നു. അദ്ദേഹത്തെ അപമാനിക്കാനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും വേണ്ടി എരുമപ്പുറത്തിരുത്തി കൈകാലുകൾ ചങ്ങലകളാൽ ബന്ധിച്ച് ദുർഗന്ധം വമിക്കുന്ന എരിക്ക് മാല ചാർത്തി പെരുമ്പറകൊട്ടി നാടുനീളെ പ്രദർശിപ്പിച്ചു. ചാട്ടവാറുകൊണ്ട് ക്രൂരമായി അടിച്ചു വ്രണങ്ങളിൽ മുളകുപൊടി തേച്ചു. ചുട്ടുപഴുത്ത ചുണ്ണാമ്പ് ചൂളയിലിരുത്തി ശ്വാസം മുട്ടിച്ചു. മലിനമായ ജലം കുടിക്കാൻ നൽകി. ഇങ്ങനെയുള്ള പീഡനങ്ങൾ കൊണ്ടൊന്നും യേശുവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം ഇല്ലാതാക്കാനോ യേശുവിനെ തള്ളിപ്പറയാനോ അദ്ദേഹം കൂട്ടാക്കിയില്ല. മാത്രമല്ല ഉപവാസത്തിലൂടെയും നിരന്തരമായ പ്രാർഥനയിലൂടെയും ആത്മീയ പുസ്തകങ്ങൾ വായിച്ചും യേശുവുമായി കൂടുതൽ അടുത്തുകൊണ്ടിരുന്നു. തടവിലായിരുന്ന കാലയളവിൽ തന്നെ സന്ദർശിക്കാൻ വരുന്നവർക്ക് സ്നേഹപൂർവമായ ഉപദേശങ്ങൾ നൽകിയും പ്രാർഥന വഴിയും യേശുസ്നേഹം പകർന്നു നല്കി. പീഡകർക്കും തന്റെ ജീവനെടുക്കാൻ തുനിഞ്ഞവർക്കുപോലും അദ്ദേഹം നന്മകൾ ചെയ്തു. ദേവസഹാ

www.malankaralibrary.com

യത്തെ വധിക്കാൻ നിയോഗിക്കപ്പെട്ടിരുന്ന പെരുവിളയിലെ ആരാച്ചാർക്ക് സന്താനഭാഗ്യമില്ലാതെ വിഷമിച്ചിരുന്നു. ദേവസഹായത്തിന്റെ പ്രാർഥനയുടെ ഫലമായി ആരാച്ചാരുടെ ഭാര്യ ഗർഭവതിയാകുകയും ഒരു കുഞ്ഞിനു ജന്മം നൽകുകയും ചെയ്തു. തന്നെ കാണാനെത്തുന്ന വിശ്വാസികൾ കൊണ്ടുവരുന്ന ഭക്ഷണം കാവലിരുന്ന പട്ടാളക്കാർക്ക് അദ്ദേഹം നല്കുമായിരുന്നു. ഇപ്രകാരം തന്നെ പീഡിപ്പിക്കുന്നവരോടുപോലും ക്ഷമിക്കാനും പൊറുക്കാനും അദ്ദേഹം തയ്യാറായി.

## സുവിശേഷ പ്രഘോഷകനായ ക്യാപ്റ്റൻ ഡിലനോയി

ദേവസഹായത്തിന്റെ ജീവിതം പരിശോധിക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിതം പൂർണമായും സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നതായിരുന്നുവെന്ന് വ്യക്തമാകുന്നു. ഏത് ജീവിതാവസ്ഥയിലായിരുന്നുകൊണ്ടും യേശുവിനെ പ്രഘോഷിക്കാൻ, ഉത്തമസാക്ഷികളാകാൻ ഏതൊരു അല്മായനും സാധിക്കുമെന്ന് വ്യക്തമാക്കുന്നതായിരുന്നു ഭാരതത്തിലെ പ്രഥമ വിവാഹിത അല്മായൻ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടതോടെ. നീലകണ്ഠനെന്ന വ്യക്തിയെ ദേവസഹായമാക്കി മാറ്റാൻ കാരണഭൂതനായ ക്യാപ്റ്റൻ ഡിലനോയ്തന്നെ ഉത്തമനായ ക്രൈസ്തവ വിശ്വാസിയും ധീരനായ സുവിശേഷ പ്രഘോഷകനുമായിരുന്നുവെന്ന കാര്യം ശ്രദ്ധേയമാണ്. അദ്ദേഹമായിരുന്നു നീലകണ്ഠനിൽ വിശ്വാസത്തിന്റെ വിത്ത് വിതച്ചത്. ക്രൈസ്തവ വിശ്വാസത്തിന്റെ ബാലപാഠങ്ങൾ പകർന്നുനല്കിയത് ഡിലനോയിയായിരുന്നു. ജ്ഞാനസ്നാന കൂദാശ സ്വീകരിക്കാൻ തിരുവിതാംകൂർ രാജ്യത്തിന് പുറത്ത് വടക്കൻകുളത്തേക്ക് നീലകണ്ഠനെ പറഞ്ഞയക്കുകയും മധുരമിഷനിലെ മിഷണറി ഫാ. ബുട്ടാരിക്കുള്ള കത്തുനൽകുകയും ചെയ്തത് ഡിലനോയിയാണ്. ഇദ്ദേഹം സമുന്നത



www.malankaralibrary.com

നായ സുവിശേഷ പ്രഘോഷകനും വിശ്വാസ സാക്ഷിയുമായിരുന്നു. ദേവസഹായം വിശ്വാസത്തെപ്രതി കഠിനമായ പീഡകൾ സഹിക്കുമ്പോൾതന്നെ അദ്ദേഹത്തെ ധൈര്യപ്പെടുത്തി ആശ്വസിപ്പിക്കാനും ധീരതയോടെ സഹനാനുഭവങ്ങളിലൂടെ സഞ്ചരിക്കാനും ഡിലനോയി ദേവസഹായത്തെ പ്രേരിപ്പിച്ചു. പീഡനങ്ങളിൽനിന്നും സഹനങ്ങളിൽ നിന്നും പിൻതിരിയാനും തടവിൽനിന്ന് രക്ഷപ്പെടാനും ദേവസഹായത്തിന് പ്രലോഭനങ്ങളുണ്ടായ സന്ദർഭങ്ങളുണ്ടായിരുന്നു. ആ സന്ദർഭങ്ങളിൽ ഡിലനോയി ക്രിസ്തീയമായ സഹനത്തിന്റെയും ധൈര്യത്തിന്റെയും ശക്തമായ സന്ദേശം ദേവസഹായത്തിന് പകർന്നു നല്കി. അങ്ങനെ രക്തസാക്ഷിത്വത്തിന്റെ പൊൻകിരീടം ചൂടാൻ ഡിലനോയി ദേവസഹായത്തെ ധൈര്യപ്പെടുത്തുകയായിരുന്നു. ഭാരതസഭക്ക് ദേവസഹായമെന്ന അല്മായ രക്തസാക്ഷിയെ സംഭാവന നല്കിയതിൽ പടനായകനായിരുന്ന ഡിലനോയിയുടെ പങ്ക് ഏറ്റവും മഹത്തരമായിരുന്നു.

## സ്നേഹത്തിന്റെ പ്രവാചകൻ

അതിരുകളില്ലാത്ത, അളവുകളില്ലാത്ത യേശുസ്നേഹത്തിന്റെ യഥാർഥ പ്രവാചകനായിരുന്നു ദേവസഹായം. മൂന്ന് വർഷക്കാലം നീണ്ടുനിന്ന കഠിന പീഡനങ്ങൾ യേശു സ്നേഹത്തിൽ ആഴപ്പെടാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. യേശുവിനെതിരെ ഗൂഢാലോചന നടത്തിയവർ, ചതിച്ചവർ, മർദ്ദനം നടത്തിയവർ, അതികഠിനമായി വേദനിപ്പിച്ചവർ, പരിഹാസ വാക്കുകൾ ചൊരിഞ്ഞവർ, ഭർത്സിച്ചവർ, വിലാവിൽ കുത്തിയവർ, മുൾമുടി ധരിപ്പിച്ചവർ, കുരിശിൽ തറച്ചവർ എന്നിവരോടെല്ലാം അവിടുന്ന് കരുണാർദ്രമായ സ്നേഹം ചൊരിഞ്ഞു. ദേവസഹായമാകട്ടെ യേശുവിന്റെ വേദനകളോടും പീഡകളോടും താദാത്മ്യം പ്രാപിച്ചു. മൂന്നുവർഷക്കാലത്തെ പാടുപീഡകൾ യേശുവിന്റെ സഹനങ്ങളോട് താദാത്മ്യപ്പെടുന്നതായിരുന്നു. കരുണാർദ്രമായ യേശു സ്നേഹത്തോട് അലിഞ്ഞു ചേർന്നുകൊണ്ട് ക്ഷമിക്കുന്ന സ്നേഹത്തിന്റെ മഹനീയ മാതൃക അദ്ദേഹം തന്റെ എതിരാളികളായ ബ്രാഹ്മണ പുരോഹിതർ, പടയാളികൾ, എതിരാളികൾ എന്നിവരോട് കാട്ടി. സ്നേഹത്തിന്റെയും സഹനത്തിന്റെയും ഉദാത്ത മാതൃകയാണ് ജനഹൃദയങ്ങളിൽ അദ്ദേഹത്തിന് നിത്യമായ സ്ഥാനം നേടിക്കൊടുത്തത്.

## ദേവസഹായത്തിന്റെ ജീവിതസന്ദേശത്തിന്റെ പ്രസക്തി

ഇന്ന് നമ്മുടെ നാട്ടിൽ തുടർന്നു പോരുന്ന കാലുഷ്യത്തിന്റെയും കലഹസമാനമായ അന്തരീക്ഷത്തിന്റെയും മധ്യേ ദേവസഹായത്തിന്റെ രക്തസാക്ഷിത്വത്തിനും വിശുദ്ധപദവിക്കും എന്ത് പ്രസക്തിയാണുള്ളതെന്ന് ചിന്തിക്കുന്നവർ ധാരാളമുണ്ട്. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ ദേവസഹായത്തിന് മരണം വരിക്കേണ്ടിവന്നു എന്ന യാഥാർഥ്യം അംഗീകരിക്കാൻ വിഖ്യാത ചരിത്രകാരന്മാരോ തീക്ഷ്ണമതികളായ ഹൈന്ദവ സോദരന്മാരോ സന്നദ്ധരാവുകയില്ല. വിശുദ്ധ പദവി മതസൗഹാർദ്ദത്തെയും ഹൈന്ദവ സഹിഷ്ണുതയെയും മുറിവേല്പിക്കപ്പെടുമെന്ന് വ്യാഖ്യാനിക്കുന്നവരുമുണ്ട്.

എന്നാൽ ഇന്ത്യയിൽ ഇന്നും നിലനില്ക്കുന്ന സാമൂഹ്യ-മത-രാഷ്ട്രീയ സാഹചര്യങ്ങളെപ്പറ്റി വിശകലനം ചെയ്യുന്നവർക്ക് ഇന്നും ഈ നാട്ടിൽ പതിനെട്ടാം നൂറ്റാണ്ടിലെ സംഭവങ്ങൾ പുനഃരാവിഷ്ക്കരിക്കപ്പെടുന്നതായികാണാം. സാമൂഹ്യ നീതിയുടെ സ്വതന്ത്രാശയങ്ങൾ പ്രചരിപ്പിക്കാൻ നീതിയുടെ പ്രവാചകന്മാർക്ക് കഴിയുന്നില്ല. ഇഷ്ടമുള്ള മതത്തിൽ വിശ്വസിച്ചുകൊണ്ട് മതതത്വങ്ങൾ പ്രഘോഷിക്കാൻ ന്യൂനപക്ഷ മത വിഭാഗങ്ങൾക്ക് കഴിയുന്നില്ല. സമൂഹത്തെ വിഭജിക്കുന്ന ജാതിമതിലുകൾ പണിത് വേർതിരിച്ചിരുന്ന പതിനെട്ടാം നൂറ്റാണ്ടിലെ സമൂഹത്തിന്റെ അതേ മാതൃകയിൽ സവർണാധിപത്യം കോട്ടകളുയർത്തുന്നു. ഏക മതം, ഏകഭാഷ, ഏകനിയമങ്ങൾ എന്നിവയിലൂടെ രാജ്യത്തെ ഏകീകരിക്കാൻ ശ്രമിക്കുമ്പോൾ വൈവിധ്യവും ബഹുസ്വരതയും നാടിന്റെ പടികടക്കുന്നു.

ദേവസഹായം സ്വതന്ത്ര മനസ്സോടെ യേശുവിനെ അറിഞ്ഞു, അനുഭവിച്ചു. സ്നേഹത്തിന്റെ സുവിശേഷം അദ്ദേഹം സ്വതന്ത്രമായി സംസാരിച്ചു. സുവിശേഷ സത്യങ്ങൾ സ്വീകരിച്ചതുവഴി സ്വാതന്ത്ര്യബോധത്തിലേക്ക് അദ്ദേഹം നടന്നു നീങ്ങി. പരിമിതികളില്ലാത്ത, അളവുകളില്ലാത്ത ദൈവസ്നേഹവും നീതിബോധവും ദേവസഹായം അനുഭവിച്ചു. അത്തരത്തിൽ ദേവസഹായം മാനവസ്നേഹത്തിനും ദൈവസ്നേഹത്തിനും സാക്ഷിയായി. ഭാരതത്തിന്റെ ഇന്നത്തെ ചുറ്റുപാടുകളിൽ അതിർത്തി നിർണയിക്കപ്പെടാത്ത നീതിയുടെയും കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും യഥാർഥ സാക്ഷികളായി തീരുകയെന്നതാണ് ക്രൈസ്തവരുടെ ഈ കാലഘട്ടത്തിലെ വെല്ലുവിളി. ■

www.malankaralibrary.com

# കാറ്റാടിമലയിലെ സഹനബലി



റവ. ഡോ. സണ്ണി ജോസഫ് S.J
***റിസർച്ച് ഡയറക്ടർ,***
***അർണോസ് പാതിരി അക്കാദമി, വേലൂർ***

**വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ മരണവും വിശുദ്ധ നാമകരണവും തമ്മിൽ നൂറ്റാണ്ടുകളുടെ അകലം ഉണ്ടെങ്കിലും ഒരു വിശ്വാസിസമൂഹ ത്തിന്റെ ചിരകാല അഭി ലാഷമാണ് പൂവണിയുന്നത്. ഈ വിശുദ്ധ പ്രഖ്യാപന വേളയിൽ ദേവസഹാ യത്തിന്റെ വിശ്വാസ ജീവിതത്തിന്റെ സഹന പാതകളിലൂടെയൊരു പ്രദക്ഷിണം.**

ഇന്നത്തെ കന്യകുമാരി ജില്ലയിൽ വിളവൻകോട് താലൂക്കിൽ നട്ടാലം ഗ്രാമത്തിലാണ് പിൽക്കാലത്ത് ദേവസഹായമായി രൂപാന്തരപ്പെട്ട നീലകണ്ഠ പിള്ള ജനിച്ചത്. ജില്ലാ ആസ്ഥാനമായ നാഗർകോവിലിന് പടിഞ്ഞാറ് ഏകദേശം 28 കി.മീ അകലെയായി നട്ടാലം സ്ഥിതിചെയ്യുന്നു. 1700 കളുടെ ആരംഭത്തിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ മരുതുകുളങ്ങരയിൽ നിന്ന് വാസുദേവൻ നമ്പൂതിരി നട്ടാലത്ത് ആദികേശ ക്ഷേത്രത്തിലെ പൂജാരിയായി ചുമതലയേറ്റ് അവിടെ താമസമായി. നട്ടാലം നാട്ടിലെ ക്ഷേത്രവും ക്ഷേത്രഭൂമിയും സംരക്ഷിച്ച് പരിപാലിച്ച് പോന്നത് ആ നാട്ടിലെ ജന്മിയായ രാമൻപിള്ള എന്ന നായർ കുടുംബാംഗമായിരുന്നു. രാമൻപിള്ളയ്ക്ക് ദേവകിയമ്മ എന്ന ഒരു സഹോദരി ഉണ്ടായിരുന്നു. ഈ സഹോദരിയെ മേൽസൂചിപ്പിച്ച വാസുദേവൻ നമ്പൂതിരി വിവാഹം ചെയ്തു. വാസുദേവൻ നമ്പൂതിരിയുടെയും ദേവകിയമ്മയുടെയും മകനായി 1712 ഏപ്രിൽ 23-ന് ദേവസഹായം ആയിത്തീർന്ന നീലകണ്ഠൻ പിറന്നു. കുടുംബത്തിലെ മൂത്തസഹോദരിയുടെ കടിഞ്ഞൂൽ പുത്രനായിരുന്നതിനാൽ മരുമക്കത്തായ സമ്പ്രദായപ്രകാരം തറവാട്ടിൽ ഒരു സവിശേഷ സ്ഥാനമുണ്ടായിരുന്നു നീലകണ്ഠന്. ലക്ഷ്മികുട്ടി എന്ന ഒരു സഹോദരിയും അദ്ദേഹത്തിനുണ്ടായിരുന്നു.

നാട്ടിൽ നിലനിന്നിരുന്ന വിദ്യാഭ്യാസ സമ്പ്രദായമനുസരിച്ച് നീലകണ്ഠനും ബാല്യത്തിൽ വിദ്യ അഭ്യസിച്ചു. കോവിൽവിള തോമയാർതോട്ടം വീട്ടിലെ ചാന്റ തിരു കര കണ്ട മുത്തപ്പാർ ആയിരുന്നു അദ്ദേഹത്തിന്റെ പ്രധാന ഗുരു. ബുദ്ധിശക്തിയിലും കായികശേഷിയിലും അഗ്രഗണ്യനായിരുന്ന മുത്തപ്പാർ മർമശാസ്ത്രത്തിലും യുദ്ധതന്ത്രത്തിലും നിപുണനായിരുന്നു. അദ്ദേഹം നടത്തിയിരുന്ന പരക്കാട് കോട്ടവിളയിലുള്ള ചിലമ്പശാലയിലായിരുന്നു നീലകണ്ഠൻ ആയോധനകലകൾ അഭ്യസിച്ചത്. ആയോധന വിദ്യകൾക്കൊപ്പം ആശാന്മാരുടെ കീഴിൽ തമിഴ്, മലയാളം, സംസ്കൃതം, വ്യാകരണം, വാനശാസ്ത്രം തുടങ്ങിയവയിലും അറിവും ജ്ഞാനവുംനേടി. താളിയോലയിൽ നാരായംകൊണ്ട് എഴുതാനും പഠിച്ചു.

www.malankaralibrary.com



തിരുവിതാംകൂറിന്റെ പടിഞ്ഞാറുഭാഗത്ത് അമരാവതിക്കുളത്തിന്റെ സമീപം സ്ഥിതിചെയ്തിരുന്ന മേക്കോട് കുടുംബത്തിലെ ഭാർഗവിയമ്മയെ നീലകണ്ഠൻ വിവാഹം ചെയ്തു. മരുമക്കത്തായ പ്രകാരം തറവാടിന്റെ ഇളയകാരണവരായിരുന്നു നീലകണ്ഠൻപിള്ള. ഈ സ്ഥാനം ചാർത്തിക്കൊടുത്ത ഉത്തരവാദിത്വങ്ങൾ അദ്ദേഹം നിർവഹിച്ചുപോന്നു.

## രാജ്യസേവന രംഗത്ത്

അറിവിലും നിപുണികളിലും സ്വഭാവത്തിലും ഖ്യാതിനേടിയ നീലകണ്ഠൻപിള്ളയെ തിരുവിതാംകൂർ രാജാവ് ഒരു കൊട്ടാര ഉദ്യോഗസ്ഥനായി നിയമിച്ചു. 1729-ൽ അധികാരത്തിലേറിയ മാർത്താണ്ഡവർമയായിരുന്നു രാജ്യത്തിന്റെ ഭരണാധികാരി. തന്റെ അധികാരവും ആധിപത്യവും ഉറപ്പിക്കുന്നതിന് സഹായകമാംവിധം മാർത്താണ്ഡവർമ പ്രഗല്ഭരും കാര്യപ്രാപ്തിയും നേതൃഗുണവും പ്രകടമാക്കിയിരുന്നവരെ ഭരണതലത്തിലും സൈനിക നേതൃത്വത്തിലും നിയോഗിച്ചു. രാമയ്യൻ ദളവ, മല്ലൻ ശങ്കരൻ, ഡിലനോയി എന്നിങ്ങനെ ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു നിരതന്നെ സൈനികനിരയിലും ഭരണനേതൃത്വത്തിലും ഉണ്ടായിരുന്നു. മാർത്താണ്ഡവർമ ഏറെ പ്രാധാന്യത്തോടെ ശ്രദ്ധ ചെലുത്തിയിരുന്ന പത്മനാഭപുരം കോട്ടയുടെ നവീകരണത്തിന്റെയും പുനർനിർമാണത്തിന്റെയും മേൽനോട്ടക്കാരനായി നീലകണ്ഠൻപിള്ളയെ നിയമിച്ചു. കോട്ട പണിക്ക് സാധനങ്ങൾ ശേഖരിക്കുക, പണിക്കാർക്ക് കൂലികൊടുക്കുക തുടങ്ങിയ ജോലികളും കൊട്ടാരം സംബന്ധിച്ച മേലന്വേഷണവും ഉണ്ടായിരുന്നു. ഒരു വിഭാഗം സൈന്യത്തിന്റെ ചുമതലയും നീലകണ്ഠനുണ്ടായിരുന്നെന്ന് ജോസഫ് ബെട്രാൻഡ് സൂചിപ്പിക്കുന്നു. രാജാവിന് പ്രിയങ്കരനും വിശ്വസ്തനുമായതിനാലാണ് നീലകണ്ഠനെ പ്രധാനപ്പെട്ട ഈ ദൗത്യം ഏൽപ്പിച്ചത് എന്നുവേണം നാം മനസ്സിലാക്കാൻ. എന്നാൽ ഭരണ- സൈനികരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരുടെ പേരുകൾ തിരുവിതാംകൂർ ചരിത്രകാരന്മാർ പ്രതിപാദിക്കുന്നുവെങ്കിലും നീലകണ്ഠൻപിള്ളയുടെ പേര് ഔദ്യോഗികമായി രേഖപ്പെടുത്തിക്കാണുന്നില്ല. തന്റെ മതം മാറ്റം മൂലം അപ്രീതിക്ക് കാരണമായിത്തീരുകയും രാജ്യദ്രോഹിയായി മുദ്രകുത്തപ്പെടുകയും ചെയ്തതിനാൽ നീലകണ്ഠന്റെ പേര് എല്ലാ ഔദ്യോഗിക രേഖകളിൽനിന്നും നീക്കം ചെയ്യപ്പെട്ടിരിക്കാനാണ് സാധ്യത.

## നീലകണ്ഠന്റെ മാനസാന്തരം

തിരുവിതാംകൂറും ഡച്ചുകാരും തമ്മിൽ 1741-ൽ നടന്ന കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ വിജയിച്ചു. ഈ യുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെട്ട ഡിലനോയിയുടെ (Eustace Benedict D'Lannoy) സവിശേഷമായ വ്യക്തിത്വവും പെരുമാറ്റരീതികളും മാർത്താണ്ഡവർമയിൽ പ്രീതിയും ബഹുമാനവും ഉളവാക്കുകയും തിരുവിതാംകൂർ സേനയെ

www.malankaralibrary.com




*വിശുദ്ധ ദേവസഹായത്തിന്റെ തിരുശേഷിപ്പ് അടക്കം ചെയ്തിടം*

യൂറോപ്യൻ മാതൃകയിൽ നവീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം രാജാവ് ഇദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്തു. ഏൽപ്പിച്ച ചുമതലകൾ ഉത്തരവാദിത്വത്തോടും വിശ്വസ്തതയോടും നിർവഹിച്ചതിനാൽ രാജ്യത്തിലെ സൈന്യത്തിന്റെ പരമോന്നതപദവിയിലേക്ക് ഡിലനോയി ഉയർത്തപ്പെട്ടു. മാർത്താണ്ഡവർമയുടെ സൈനീക വിജയങ്ങൾക്കും കീഴടക്കലുകൾക്കും പിന്നിൽ ഡിലനോയിയുടെ കരുത്തുറ്റ കരങ്ങളുണ്ടായിരുന്നു.

ധീരനും കർമകുശലനുമായ ഈ സൈനികൻ അടിയുറച്ച കത്തോലിക്കാ വിശ്വാസിയും മാതൃകാപരമായ വിശ്വാസജീവിതം നയിച്ച വ്യക്തിയുമായിരുന്നു. 1716 ഡിസംബർ 30-നാണ് ഇദ്ദേഹത്തിന്റെ ജനനം. ഫ്രാൻസിലെ ആർസിലാണ് ജനിച്ചതെന്നും അതല്ല ഹോളണ്ടിൽ കത്തോലിക്കർക്ക് ഭൂരിപക്ഷമുള്ള ഫ്ളാൻഡേഴ്സ് പ്രവശ്യയിലാണ് ജനിച്ചതെന്നും തർക്കം നിലനിൽക്കുന്നു. ഡച്ച് സൈന്യത്തിൽ പരിശീലനം നേടിയശേഷം 1738-ൽ ഡച്ച് നേവൽ ഓഫീസറായി കൊച്ചിയിൽ എത്തിച്ചേർന്നു. ഈ ജോലിയിലിരിക്കെയാണ് അദ്ദേഹം കുളച്ചൽ യുദ്ധത്തിൽ പങ്കെടുക്കുന്നതും തടവുകാരനായി പിടിക്കപ്പെടുന്നതും.

നായർ സമുദായത്തിൽപ്പെട്ട നീലകണ്ഠൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ച് ദേവസഹായം ആയിത്തീർന്നതിൽ ഡിലനോയിക്ക് വലിയ പങ്കുണ്ട്. മാർത്താണ്ഡവർമയുടെ സൈന്യത്തെ നയിച്ചിരുന്ന ഡിലനോയിയുടെ നേതൃത്വത്തിൽ ഉദയഗിരി കോട്ടയുടെ നിർമാണം ഇക്കാലത്ത് നടന്നുവരികയായിരുന്നു. ഇവിടെ ജോലിക്കാർക്ക് വേതനം വിതരണം ചെയ്യാനും പണിസാധനങ്ങൾ ശേഖരിക്കാനും നീലകണ്ഠൻ നിയുക്തനായിരുന്നു. ഇവിടെവച്ചാണ് ഇരുവരും കാണാനും പരിചയപ്പെടാനും സുഹൃത്തുക്കളായി മാറാനും ഇടയായത്.

ഔദ്യോഗിക ജീവിതത്തിൽ സംതൃപ്തിയും സന്തോഷവും നിലനിന്നെങ്കിലും നീലകണ്ഠന്റെ കുടുംബജീവിതത്തിൽ അസ്വസ്ഥതകൾ നിലനിന്നിരുന്നു. ആത്മസുഹൃത്തുകളായിത്തീർന്ന നീലകണ്ഠനും ഡിലനോയിയും സന്തോഷങ്ങളും സന്താപങ്ങളും പരസ്പരം പങ്കുവച്ചിരുന്നു. സമർഥനായ ഡിലനോയി എന്ന പടയാളി ഇവിടെ തീക്ഷ്ണമതിയായ സുവിശേഷ പ്രഘോഷകനായി മാറി. ആഴമായ വിശ്വാസവും വചനാനുഭവത്താൽ നിറഞ്ഞവനുമായിരുന്ന ഡിലനോയി ക്രിസ്തീയ ജീവിതത്തിന്റെ സാരാംശം നീലകണ്ഠന് പകർന്നുനൽകി. സഹനത്തിന്റെ രക്ഷാകരമൂല്യം സുഹൃത്തിന് മനസ്സിലാക്കിക്കൊടുത്തു. പഴയനിയമ പുസ്തകത്തിലെ ജോബിന് നേരിടേണ്ടിവന്ന പരീക്ഷണങ്ങളും കഷ്ടതകളും സഹനങ്ങളും ഡിലനോയി സുഹൃത്തിന് പറഞ്ഞുകൊടുത്തു. അതിരുകളില്ലാതെ സ്നേഹിക്കുന്ന, ക്ഷമിക്കുന്ന, സഹിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് ഡിലനോയി നീലകണ്ഠന് നൽകിയത്. ഇത് നീലകണ്ഠനെ പ്രത്യാശാനിർഭരനാക്കി. ഡിലനോയിലൂടെ താനറിഞ്ഞ യേശുവിന് തന്നെത്തന്നെ സമർപ്പിക്കാനുള്ള ആഗ്രഹം നീലകണ്ഠനിൽ ഉത്ക്കടമായി അനുഭവപ്പെട്ടു. തനിക്ക് എത്രയുംവേഗം ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്ത്യാനിയായിത്തീരണമെന്നുള്ള ആഗ്രഹം അദ്ദേഹം ഡിലനോയിയെ അറിയിച്ചു.

അക്കാലത്ത് തിരുവനന്തപുരത്തിന് തെക്കുള്ള തിരുവിതാംകൂറിന്റെ പ്രദേശങ്ങളിൽ ജസ്വീറ്റ്സ് (ഈശോസഭക്കാർ) മിഷൻപ്രവർത്തനത്തിലേർപ്പെട്ടി

www.malankaralibrary.com

രുന്നു 'നേമം മിഷൻ' എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. 1699-ൽ ആരംഭിച്ച ഈ മിഷന്റെ ആസ്ഥാനം ആദ്യകാലത്ത് തിരുവനന്തപുരത്തിന് 10 കി.മീ തെക്കുള്ള നേമം എന്ന സ്ഥലത്തായിരുന്നു. പക്ഷേ 1740 തോടുകൂടി തിരുവിതാംകൂറിൽ ഉടലെടുത്ത ശക്തമായ മതപീഠനത്തിന്റെ പശ്ചാത്തലത്തിൽ ആസ്ഥാനം തിരുവിതാംകൂറിന് പുറത്തുള്ള, പത്മനാഭപുരത്തുനിന്നും 30 കി.മീ അകലെയായി സ്ഥിതിചെയ്യുന്ന, വടക്കുംകുളം എന്ന സ്ഥലത്തേക്കുമാറ്റി. മാമ്മോദീസ സ്വീകരിച്ച് ഒരു ക്രൈസ്തവനാകാനുള്ള നീലകണ്ഠന്റെ ആഗ്രഹത്തെ സഫലീകരിക്കാനായി ഡിലനോയി ഒരു കത്തുമായി നീലകണ്ഠനെ അയച്ചത് വടക്കുംകുളത്തുള്ള ഫാ. ബുട്ടാരി എസ്.ജെയുടെ അടുത്തേക്കാണ്. അന്ന് പത്മനാഭപുരത്ത് പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ദൈവാലയത്തിലെ വികാരിയായി ഫാ. പീറ്റർ പെരിയോറസ് എസ്.ജെ പ്രവർത്തിച്ചിരുന്നു. എന്നിട്ടും മാമ്മോദീസ സ്വീകരിക്കാൻ നീലകണ്ഠനെ വടക്കുംകുളത്തേക്ക് അയച്ചത് അക്കാലത്ത് ഉയർന്നജാതിക്കാരുടെ മതപരിവർത്തനം തിരുവിതാംകൂർ പൂർണമായും നിരോധിച്ചിരുന്നു എന്നതിനാലാവണം.

ഡിലനോയി കൊടുത്തുവിട്ട കത്തുമായി വടക്കുംകുളത്തെത്തിയ നീലകണ്ഠൻ ഫാ. ബുട്ടാരിക്ക് കത്ത് നൽകിയശേഷം ഒരു കത്തോലിക്കനാകാനുള്ള തന്റെ ആഗ്രഹം അദ്ദേഹത്തോട് വ്യക്തമാക്കി. എന്നാൽ നീലകണ്ഠന്റെ അഭ്യർഥന സ്വീകരിക്കാതെ ബുട്ടാരി അദ്ദേഹത്തെ തിരിച്ചയച്ചു. യേശുവിനെ സ്വീകരിക്കാൻ കൂടുതൽ ഒരുങ്ങാനും ക്രൈസ്തവവിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാനും ഫാ. ബുട്ടാരി നീലകണ്ഠനോട് നിർദേശിച്ചു. കത്തോലിക്കാവിശ്വാസത്തിൽ നീലകണ്ഠന്റെ രൂഢത എത്രമാത്രമുണ്ടെന്നും ക്രൈസ്തവനാകാൻ കൈക്കൊണ്ട തീരുമാനം പക്വമായിരുന്നോ എന്നും പരിശോധിക്കാനായിരിക്കണം ജ്ഞാനസ്നാനം നൽകുന്നത് വൈകിപ്പിച്ചത്.

ഏകദേശം ഒൻപത് മാസങ്ങൾക്കുശേഷം നീലകണ്ഠൻ തിരിച്ചെത്തി. 40 ദിവസം ഏകാന്തതയിലും പ്രാർഥനയിലും ഉപവാസത്തിലും ചെലവഴിച്ചശേഷമാണ് എത്തിയത്. നീലകണ്ഠന്റെ വിശ്വാസവും സ്ഥൈര്യവും ബോധ്യമായ ബുട്ടാരി നീലകണ്ഠനെ ക്രൈസ്തവജീവിതത്തിലേക്ക് സ്വാഗതം ചെയ്തു. 1745 മെയ് 14-ന് തന്റെ 32-ാം വയസ്സിൽ, വടക്കുംകുളം തിരുകുടുംബ ദൈവാലയത്തിൽ വച്ച് ഫാ. ബുട്ടാരിയിൽനിന്ന് നീലകണ്ഠൻ ജ്ഞാനസ്നാനം സ്വീകരിച്ചു. ലാസറസ് എന്ന് തമിഴിൽ അർഥം വരുന്ന ദേവസഹായം എന്ന ക്രൈസ്തവ നാമം സ്വീകരിച്ചു. ഈ പേരിലാണ് പിന്നീട് നീലകണ്ഠൻ അറിയപ്പെട്ടത്.

ഒരു പുതുജീവിതത്തിലേക്കുള്ള ചുവടുവയ്പ്പായിരുന്നു ദേവസഹായത്തിന്റെ ജ്ഞാനസ്നാനം. കുടുംബത്തിലേക്കും കൊട്ടാരത്തിലേക്കും തിരിച്ചെത്തിയ അദ്ദേഹം താനറിഞ്ഞ, അനുഭവിച്ചറിഞ്ഞ ക്രിസ്താനുഭവം തന്നിൽമാത്രം ഒതുങ്ങാതെ എല്ലാവരുമായി പങ്കുവയ്ക്കാനും ഈ അനുഭവത്തിലേക്ക് മറ്റുള്ളവരെ ആനയിക്കാനും പരിശ്രമിച്ചു. തനിക്കുണ്ടായ ആന്തരിക അനുഭവം ഭാര്യയുമായി അദ്ദേഹം പങ്കുവച്ചു. തന്റെ ഭർത്താവ് ക്രിസ്തുവിശ്വാസിയായി എന്ന വാർത്ത ഉൾക്കൊള്ളാൻ അവർ സന്നദ്ധയായില്ല. ഹീനജാതിക്കാർ ഉൾകൊള്ളുന്ന ഒരു മതത്തിൽ ചേർന്നാലുണ്ടാവുന്ന സമുദായഭ്രഷ്ട്, അധികാരനഷ്ടം എന്നിവ ഭാർഗവിയമ്മയ്ക്ക് ചിന്തിക്കാനേ കഴിയുമായിരുന്നില്ല. ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നതിന് ഭാർഗവിയമ്മയുടെ മാതാവും അതിശക്തമായി എതിർത്തു. എന്നാൽ തന്റെ ഭാര്യയെ ക്രൈസ്തവവിശ്വാസത്തിലേക്ക് കൊണ്ടുവരാൻ ദേവസഹായം നടത്തിയ ശ്രമം വിജയം കണ്ടു. ദേവസഹായത്തിന്റെ അചഞ്ചലമായ വിശ്വാസം, ജീവിതരീതി, ഉപദേശം എന്നിവമൂലം ഭാർഗവിയമ്മയും കത്തോലിക്കാമതം സ്വീകരിച്ചു. ദേവസഹായത്തെപ്പോലെ ഭാര്യയും വടക്കുംകുളം പള്ളിയിൽവച്ചാണ് ജ്ഞാനസ്നാനം സ്വീകരിച്ചത്. ജ്ഞാനപ്പൂ (ത്രേസ്യ) എന്നായിരുന്നു ജ്ഞാനസ്നാന നാമം.

ദേവസഹായത്തിന്റെ മതപരിത്യാഗവും സുവിശേഷപ്രചരണവും രാജ്യത്തെ പ്രധാനമന്ത്രിയായ (ദളവ) രാമയ്യൻ ഉൾപ്പടെയുള്ള യാഥാസ്ഥിതികരും പരിധിയില്ലാതെ അധികാരം അനുഭവിച്ചവരുമായിരുന്ന ബ്രാഹ്മണരുടെ കടുത്ത എതിർപ്പിന് കാരണമായി. ഇതൊന്നും വകവയ്ക്കാതെ ദേവസഹായം തന്റെ സുവിശേഷപ്രചരണം തുടർന്നുകൊണ്ടേയിരുന്നു. ബ്രാഹ്മണമതത്തിന്റെ അന്ധവിശ്വാസങ്ങളെയും മനുഷ്യത്വരഹിതമായ ആചാരങ്ങളെയും അദ്ദേഹം ചോദ്യം ചെയ്തു. അധസ്ഥിതരെയും അവർണരെയും സഹോദരങ്ങളായിക്കണ്ട് അവരോട് സമഭാവത്തിലും സ്വാതന്ത്ര്യത്തിലും ഇടപഴകി. ജ്ഞാനസ്നാനത്തിനുശേഷം നാലുവർഷക്കാലം ദേവസഹായം തന്റെ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവഹിച്ചുകൊണ്ട് രാജ്യസേവനം തുടർന്നു. മതപരിത്യാഗവും സവർണർ മതംമാറിക്കൂടാ എന്ന രാജ്യനിയമത്തിന്റെ

www.malankaralibrary.com

ലംഘനവും നടത്തിയ ദേവസഹായത്തിന് വധശിക്ഷ നൽകണം എന്ന ബ്രാഹ്മണ– ഉദ്യോഗസ്ഥ പ്രമുഖ സംഘത്തിന്റെ ആവശ്യത്തിനും തന്നെ വിശ്വസ്തത യോടെയും കാര്യക്ഷമതയോടെ സേവിച്ച ദേവസ ഹായത്തെ ഉപേക്ഷിക്കാനുള്ള വൈമുഖ്യത്തിനുമി ടയിൽ രാജാവ് അല്പമൊന്ന് കുഴങ്ങി. എങ്കിലും രാജാവ് ആദ്യത്തെ കൂട്ടരുടെ ഇംഗിതത്തിനുവഴ ങ്ങി ദേവസഹായത്തെ രാജ്യസേവനത്തിൽനിന്നും പിരിച്ചുവിടുകയും അറസ്റ്റ് ചെയ്യുകയും ചെയ്തു.

## കുരിശിന്റെ വഴിയും മരണവും

ദേവസഹായത്തിന്റെ അറസ്റ്റിനുശേഷം അദ്ദേഹ ത്തിനു സംഭവിച്ച കാര്യങ്ങൾ ഏറ്റവും സുവ്യക്തവും സത്യസന്ധവുമായി ലഭിക്കുന്നത് 1756 നവംബർ 15–ന് അന്നത്തെ കൊച്ചിമെത്രാനായ ക്ലെമന്റ് ജോ സഫ് ലയിത്തോ (Clement Joseph Laeiao) അന്നത്തെ മാർപാപ്പ ബനഡിക്റ്റ് പതിനാലാമന് അയച്ച *Quinquennial Report*-ൽ നിന്നാണ്. ആയതിനാൽ ഈ റിപ്പോർട്ടിൽനിന്നുള്ള പ്രസക്ത ഭാഗങ്ങൾ അല്പം സുദീർഘമായി ഇവിടെ പ്രതിപാ ദിക്കുന്നു.

അറസ്റ്റിന്റെ "പിറ്റേദിവസം തന്നെ രാജാവ് അദ്ദേഹത്തെ മരണശിക്ഷയ്ക്ക് വിധിക്കുകയും. അതിനു മുന്നോടിയായി അദ്ദേഹത്തെ മാരകമായി പീഡിപ്പിക്കുകയും ചെയ്തു. അദ്ദേഹം സന്തോഷ ത്തോടെ പീഡനങ്ങൾ സഹിക്കുന്നതു കണ്ട പലർ ക്കും അദ്ദേഹത്തോടുള്ള ആദരവ് വർധിച്ചു. അദ്ദേ ഹത്തിന്റെ വേദന രൂക്ഷമാക്കുന്നതിനായി അദ്ദേഹ ത്തെ രാജ്യത്തിലെ എല്ലാ പട്ടണങ്ങളിലും കൊണ്ടു പോകാൻ രാജാവ് കല്പിച്ചു.

തുടർച്ചയായി 16 ദിവസങ്ങളോളം പട്ടണങ്ങളി ലൂടെ വലിച്ചിഴക്കപ്പെട്ടു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മറ്റാളുകളെപ്പോലെ കാൽനടയായിട്ടല്ല കൊണ്ടു പോയിരുന്നത്. പ്രത്യുത ഒരു പോത്തിന്റെ പുറത്താ യിരുന്നു യാത്ര. അദ്ദേഹത്തിന്റെ അപമാനം വർധി ക്കാനായാണ് ഇപ്രകാരം ചെയ്തത്. കൈകൾ പിന്നി ലേക്ക് ബന്ധിച്ച്, കഴുത്തിൽ എരുക്കു പുഷ്പംകൊ ണ്ടുള്ള മാലയണിയിച്ച് ഭടന്മാരുടെയും പെരുമ്പറ



***കൊളച്ചൽ യുദ്ധാനന്തരം ഡച്ച് സൈന്യാധിപൻ ഡിലനോയ് മാർത്താണ്ഡവർമ മഹാരാജാവിന്റെ മുൻപിൽ കീഴടങ്ങുന്നു (ഇദ്ദേഹമാണ് നീലകണ്ഠപിള്ളയെ ദേവസഹായമാക്കി മാനസാന്തരപ്പെടുത്തിയത്).***

www.malankaralibrary.com

നാദത്തിന്റെയും അകമ്പടിയോടെ വാളോങ്ങിയ ആരാച്ചാരന്മാർ അനുസേവിതരായി അവസാന യാത്ര നടത്തിയ അദ്ദേഹത്തെ വീണ്ടും വീണ്ടും പീഡിപ്പിക്കാൻ അവർ മടിച്ചില്ല.

അദ്ദേഹത്തെ പട്ടണങ്ങളിലൂടെ പ്രദർശിപ്പിക്കുന്നത് അവസാനിപ്പിച്ചപ്പോൾ കൂടുതൽ പീഡനങ്ങൾക്കായി വീണ്ടും ഭടന്മാരെ ഏൽപ്പിച്ചു. അവരാകട്ടെ അദ്ദേഹത്തെ അജ്ഞാതമായ ഒരു സ്ഥലത്തേക്ക് കൊണ്ടുപോയി. അവിടെ ഒരുമരത്തിൽ ബന്ധിതനായി ഏഴുമാസത്തോളം കഴിയേണ്ടിവന്നു. തന്മൂലം എഴുന്നേൽക്കാനോ ചലിക്കാനോ അദ്ദേഹത്തിനു സാധിച്ചില്ല. ഈ പീഡനങ്ങളുടെ കാലഘട്ടത്തിൽ അദ്ദേഹം മരണത്തിനായി ആഗ്രഹിച്ചിരുന്നുവെങ്കിലും അത് ദൂരത്തായിരുന്നു. രക്തസാക്ഷിത്വത്തിന്റെ കിരീടം തനിക്ക് നഷ്ടമാകുമോ എന്നുപോലും അദ്ദേഹം ഭയപ്പെട്ടിരുന്നു. തന്റെ കാലുകളെ ബന്ധിച്ചിരുന്ന ചങ്ങല അഴിക്കാനോ ബന്ധനത്തിൽ നിന്നും മോചിതനാകാനോ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. രക്ഷപെടാനുള്ള സാഹചര്യം ഭടന്മാർ നൽകിയപ്പോൾ അദ്ദേഹം സ്നേഹപൂർവം അത് നിരസിച്ചു.

ഒരു രക്തസാക്ഷിക്കനുയോജ്യമായ ജീവിതമാണ് ചങ്ങലയിലും അദ്ദേഹം നയിച്ചത്. പകലും രാത്രിയിലും സ്വർഗീയ കാര്യങ്ങളെക്കുറിച്ച് ധ്യാനിക്കാൻ സമയം കണ്ടെത്തി. തനിക്കുണ്ടായ അനുഭവംകണ്ട് ഭയന്നവരെ ദൈവവിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ അദ്ദേഹം ധൈര്യപ്പെടുത്തി. അക്രൈസ്തവരോട് തന്റെ സന്മാതൃകയിലൂടെ അദ്ദേഹം സുവിശേഷം പ്രസംഗിച്ചു. പലരും ക്രിസ്തുവിശ്വാസം സ്വീകരിക്കാൻ സന്നദ്ധരാവുകയും ചെയ്തു.

അദ്ദേഹത്തിന്റെ ജീവിതമാതൃകയും പ്രവർത്തനവും ജനഹൃദയങ്ങളിൽ ആരാധന ഉളവാക്കുകയും അദ്ദേഹത്തിന്റെ നാമം ഉച്ചരിക്കുന്നത് മഹനീയമായി കണക്കാക്കുകയും ചെയ്തു. ദൂരെനിന്നുപോലും ക്രൈസ്തവരും അക്രൈസ്തവരും അദ്ദേഹത്തെ കാണാനും ശ്രദ്ധിക്കാനും വന്നുകൊണ്ടിരുന്നു. കാവൽനിന്നിരുന്ന ഭടന്മാർ അത് തടഞ്ഞതുമില്ല. എന്നാൽ ഭടന്മാരുടെ തലവനായി മറ്റൊരാൾ നിയമിതനായപ്പോൾ ഇത് തീരെ ഇഷ്ടപ്പെട്ടില്ല. ഭടന്മാർ ദേവസഹായത്തോട് സംസാരിക്കുന്നതുപോലും അയാൾ വിലക്കി. എന്നാൽ അത് ഫലപ്രദമാകുന്നില്ല എന്നു മനസ്സിലാക്കിയപ്പോൾ അയാൾ രാജാവിനെ വിവരം അറിയിച്ചു. ഉടനെ രാജാവ് ദേവസഹായത്തെ രഹസ്യമായി വധിക്കാൻ കല്പന പുറപ്പെടുവിക്കുകയും ചെയ്തു.

1752 ജനുവരി 14-നും 15-നും ഇടയ്ക്കുള്ള അർധരാത്രിയിൽ ഭടന്മാർ അദ്ദേഹത്തെ തങ്ങളുടെ തലവന്റെ മുമ്പിൽ ഹാജരാക്കണമെന്ന വ്യാജേന വിളിച്ചുണർത്തി. എന്നാൽ തന്നെ എവിടേക്കാണ് കൊണ്ടുപോകുന്നതെന്ന് തനിക്കറിയാം എന്നദ്ദേഹം അവരോട് പറഞ്ഞു. അദ്ദേഹം നടക്കാൻ ശ്രമിച്ചു. എന്നാൽ കാലിൽ ബന്ധിച്ചിരുന്ന ചങ്ങലകൾ കാരണം അതിനു സാധിച്ചില്ല. അതിനാൽ ഭടന്മാർ അദ്ദേഹത്തെ ചുമന്നുകൊണ്ട് അടുത്തുള്ള ഒരു മലയിലേക്ക് (അരൾവായ്മൊഴിയ്ക്ക് അടുത്തുള്ള കാറ്റാടിമല) കൊണ്ടുപോയി. അവിടെ അവരുടെ അനുവാദത്തോടുകൂടി അല്പനേരം പ്രാർഥനാനിരതനായി മുട്ടിന്മേൽ നിന്നു. അതിനുശേഷം തന്റെ ജോലി പൂർത്തിയായിരിക്കുന്നുവെന്ന് ഭടന്മാരെ അറിയിച്ചു. ഭടന്മാർ അദ്ദേഹത്തിന്റെമേൽ അഞ്ചു പ്രാവശ്യം നിറയൊഴിച്ചു. 'യേശുവേ രക്ഷിക്കണേ' എന്ന പ്രാർഥനയോടുകൂടി തന്റെ ആത്മാവിനെ ദൈവത്തിങ്കൽ സമർപ്പിച്ചു.

തടവിലാക്കപ്പെട്ടിട്ട് മൂന്നുവർഷം പൂർത്തിയാകാൻ 40 ദിവസങ്ങൾ മാത്രം അവശേഷിക്കുമ്പോഴാണ് അദ്ദേഹം രക്തസാക്ഷിത്വം വരിക്കുന്നത്. അപ്പോൾ അദ്ദേഹത്തിന് 40 വയസ്സ് പ്രായമായിരുന്നു. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചിട്ട് ഏകദേശം 7 വർഷവും ആയിരുന്നു. മരണശേഷം അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നും നീക്കപ്പെട്ട ചങ്ങലകൾ ഈശോസഭാവൈദികർ വിലയ്ക്കുവാങ്ങി. അദ്ദേഹത്തിന്റെ ശരീരം വന്യമൃഗങ്ങൾ പിച്ചിചീന്തുന്നതിനായി വനത്തിൽ ഉപേക്ഷിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മൃതദേഹം സ്വന്തമാക്കാൻ (വടക്കുംകുളത്തെ) വൈദികർ നടത്തിയ ശ്രമങ്ങൾ വിഫലമായി. മറ്റു ക്രിസ്ത്യാനികളാകട്ടെ മൃതദേഹത്തിനായി ശ്രമിച്ചതുമില്ല. കാരണം അവർ രാജകോപത്തെ ഭയപ്പെട്ടിരുന്നു. മരണശിക്ഷ അനുഭവിക്കുന്നവരുടെ മൃതദേഹം അടക്കംചെയ്യുന്നത് അന്ന് നിഷിദ്ധമായിരുന്നു. അഞ്ചാംദിവസം അദ്ദേഹത്തിന്റെ അസ്ഥികൾ കണ്ടെടുക്കപ്പെട്ടു. അവയിൽ മാംസമേ ഉണ്ടായിരുന്നില്ല. എന്നാൽ നാവു മാത്രം ഒരു നാശവും ഏൽക്കാതെ അസ്ഥികൾക്കിടയിൽനിന്നും മാറിക്കിടന്നിരുന്നു. അസ്ഥികൾ എല്ലാം സംഭരിച്ച് കോട്ടാറിലുള്ള സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിൽ അടക്കംചെയ്തു. കല്ലറക്കുമുകളിൽ അതിനുള്ളിൽ സൂക്ഷിച്ചിരിക്കുന്ന വിശുദ്ധനിധിയുടെ മാഹാത്മ്യം വിളിച്ചോതാൻ ഒരു സ്മാരകശിലയും സ്ഥാപിക്കപ്പെട്ടു."

■

www.malankaralibrary.com

# രക്തസാക്ഷികളുടെ സഭ



ക്ലിന്റൺ ഡാമിയൻ
***മാധ്യമപ്രവർത്തകൻ***

**ഒരു അല്മായ ധീര രക്തസാക്ഷിയുടെ വിശുദ്ധജീവിതം അനുസ്മരിക്കുമ്പോൾ സഭയിൽ ഇന്നും രക്തംചിന്താതെതന്നെ രക്തസാക്ഷികൾ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. വിശ്വാസത്തെപ്രതി ജീവത്യാഗംചെയ്യാൻ സന്നദ്ധരാകുന്നവർ സഭയുടെ വളർച്ചയ്ക്കുള്ള വളക്കൂറാണെന്ന യാഥാർഥ്യത്തെ വിശകലനം ചെയ്യുകയാണ് ലേഖകൻ.**

വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. ആഗോള കത്തോലിക്കാസഭയുടെ വിരിമാറിൽ ഭാരത സഭയ്ക്ക് അഭിമാനത്തിന്റെ തിലകക്കുറിയായിടുന്ന സുദിനമാണിത്. ഭാരതത്തിൽ നിന്നും ഒരു വിവാഹിത അല്മായ ശ്രേഷ്ഠൻ ക്രിസ്തുവിനെയും ക്രൈസ്തവ വിശ്വാസത്തെയുംപ്രതി സകലതും മറന്ന് സ്വജീവൻ അർപ്പിച്ച മഹനീയമായ ചരിത്ര സംഭവത്തിന് വിശുദ്ധപദവിയുടെ പരിമള സുഗന്ധം വർഷിക്കപ്പെടുമ്പോൾ സഭയിൽ ഐക്യത്തോടെ സമർപ്പിതരും അല്മായരും ഉൾപ്പെടെ സർവരും മുന്നോട്ട് ഒരുമിച്ച് നീങ്ങണമെന്ന ബോധ്യത്തിൽ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ആഗോള സിനഡ് ഈ കാലഘട്ടത്തിൽതന്നെ സംഭവിക്കുന്നു എന്നത് ദൈവിക ഇടപെടലായി നോക്കി കാണേണ്ടിയിരിക്കുന്നു.

താൻ വഹിച്ചിരുന്ന പദവികളും സമൂഹത്തിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന ഭയഭക്തി നിറഞ്ഞ ആദരങ്ങളും ഉൾപ്പെടെ സകലതും ഡിലനോയി എന്ന ഡച്ച് കപ്പിത്താനിലൂടെ താനറിഞ്ഞ ക്രിസ്തുവിലുള്ള വിശ്വാസത്തെ പ്രതി ലോകത്തിന്റെ കണ്ണിൽ നഷ്ടമാക്കിയ മനുഷ്യൻ എന്ന് അന്ന് സമകാലികരായിരുന്നവർ വിധിച്ചിരിക്കാം. തിരുവിതാംകൂർ എന്ന നാട്ടുരാജ്യത്തിലെ വീരശൂരപരാക്രമിയായ ഒരു സൈന്യാധിപൻ ക്രിസ്തുവിനെ അറിഞ്ഞ് വിശ്വാസം സ്വീകരിച്ചു എന്ന വസ്തുത ജാതീയത വിളയാടിരുന്ന സമൂഹത്തിന് അംഗീകരിക്കാൻ പ്രയാസകരമായിരുന്നു. ആയതിനാൽ പലവിധത്തിലും ക്രൈസ്തവ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുന്നതിനും മനസ്സ് മാറ്റുന്നതിനും പല ശ്രമങ്ങളും അദ്ദേഹത്തിന് നേർക്ക് നടന്നു വന്നു. ആദ്യഘട്ടം സൗമ്യമായ പ്രലോഭനങ്ങൾ കൊണ്ടായിരുന്നുവെങ്കിൽ താൻ അറിഞ്ഞ് പേറിയ ക്രൈസ്തവവിശ്വാസത്തിൽനിന്നും വ്യതിചലിക്കാതിരുന്നതിനാൽ പിന്നീട് ശിക്ഷകളും പീഡനങ്ങളും നിറഞ്ഞ അപമാനത്തിന്റെയും അവഹേളനത്തിന്റെയും ദിനങ്ങളായിരുന്നു നീലകണ്ഠപിള്ളയിൽ നിന്നും ലാസർ എന്ന നാമം സ്വീകരിച്ച് ദേവസഹായമായി തീർന്ന ആ ക്രിസ്തു ശിഷ്യനെ കാത്തിരുന്നത്. തുറുങ്കിലടയ്ക്കപ്പെട്ട് വിവിധതരം പീഡനങ്ങൾ ഏറ്റുവാങ്ങി അപമാനങ്ങളുടെയും അവഹേളനങ്ങളുടെയും

www.malankaralibrary.com

യാതനകൾ നിറഞ്ഞ അനുഭവങ്ങളും ജലപാന നിഷേധവും ഒടുവിൽ കാറ്റാടി മലയുടെ മുകളിൽ വെടിയേറ്റു പിടിഞ്ഞ് വീഴുമ്പോൾ ക്രിസ്തുവി നായി തന്റെ ജീവിതം സധൈര്യം രക്തസാക്ഷി ത്വത്തിലൂടെ സമർപ്പിച്ച അല്മായ ജീവിതം ഇന്ന് ലോകം ഉറ്റുനോക്കുന്ന ചരിത്ര ജീവിതമായി തീർന്നിരിക്കുന്നു.

## ക്രിസ്തുവിൽ തുടക്കം കുറിച്ച രക്തസാക്ഷിത്വം

കത്തോലിക്കാസഭയുടെ ചരിത്രത്തിൽ രക്തസാ ക്ഷിത്വങ്ങൾക്ക് നമ്മോട് പറഞ്ഞുവയ്ക്കാനുള്ള അവരുടെ ജീവത്യാഗചരിതങ്ങളുടെ പിന്നിലെ കാരണം സാമ്രാജ്യങ്ങളും ഭരണകൂടങ്ങളും ക്രൈ സ്തവ വിശ്വാസത്തെ അടിച്ചമർത്താൻ നടത്തിയ ഉരുക്കുമുഷ്ടിയുടെ പീഡനങ്ങളാണ്. മാനവരുടെ പാപങ്ങൾക്ക് സ്വയം ബലിയായി തീർന്ന ക്രിസ്തുവി ന്റെ കുരിശിലെ രക്തസാക്ഷിത്വം ദൈവഹിതം എന്ന തിനുമപ്പുറത്ത് അത് തിരിച്ചറിയാനാകാത്ത അന്ന ത്തെ യഹൂദ പ്രമാണിമാർ ആ നസ്രായനായ മുപ്പ ത്തിമൂന്നുകാരനെ അപമാനിച്ചും അവഹേളിച്ചും അവനെ കഴുത പുറത്തേറ്റി ഓശാന പാടിയ ജനത കളാൽതന്നെ അവനെ ക്രൂശിക്കുക എന്ന് ആർത്തു വിളിക്കാൻ ഇടവരുത്തി. അപമാനിച്ചും അവഹേളിച്ചും ക്രൂശിലേറ്റി ആണികളാൽ തറച്ചു കൊന്നുകളഞ്ഞ തിലൂടെ തങ്ങൾക്കു നേരെ ഉയർന്ന ചോദ്യങ്ങളും കുരിശു മരണംകണ്ട് ചിതറിക്കപ്പെട്ട ക്രിസ്തുവിന്റെ ശിഷ്യഗണവും എല്ലാത്തിനും പരിസമാപ്തിയായെന്നു കരുതി ആശ്വസിച്ചിട്ടുണ്ടാകും. എന്നാൽ ആ കുരി ശിൽ ചിന്തപ്പെട്ട ചോരയിൽ നിന്ന് സഭയുടെ രക്ത സാക്ഷിത്വ ചരിത്രങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടു. റോമാസാമ്രാജ്യത്തിലെ ഒരു പ്രാദേശിക ഭരണകൂട തലവനായ പന്തിയൂസ് പിലാത്തോസിന്റെ കീഴിൽ അസ്തമിക്കപ്പെടുമെന്ന് കരുതപ്പെട്ട ക്രൈസ്തവ വിശ്വാസം റോമാ സാമ്രാജ്യത്തിന്റെ പല ദിക്കുകളിലേ യ്ക്കും സുശക്തമായി വ്യാപിക്കാൻ തുടങ്ങിയപ്പോൾ ആ വിശ്വാസിസമൂഹത്തിന് ഏൽക്കേണ്ടി വന്ന പീഡ നങ്ങളുടെ വ്യാപ്തി വളരെ വലുതായിരുന്നു.



ക്രിസ്തുവിന്റെ കുരിശുമരണ സമയത്ത് സ്വജീ വനുംകൊണ്ട് ഭയത്താൽ ഓടിയൊളിച്ച ശിഷ്യഗണമാ ണ് അതേ ക്രിസ്തുവിനായി ലോകത്തിന്റെ സകല ദിക്കുകളിലേക്കും കടന്നുചെന്ന് സർവസൃഷ്ടികളോ ടും സുവിശേഷം പ്രഘോഷിക്കുവിൻ എന്ന ക്രിസ് തുവിന്റെ ആഹ്വാനം ഏറ്റെടുത്ത് സർവജനതക ൾക്കും ക്രിസ്തുവിനെ നൽകിയത്. അവരിൽ ക്രൈസ്തവ വിശ്വാസം ജ്വലിക്കാൻ നൽകിയത് സിരകളിൽ ഒഴുകിയിരുന്ന ചുടുചോര കൊണ്ടുള്ള രക്തസാക്ഷിത്വംതന്നെയായിരുന്നു. വിശുദ്ധ സ്തേ ഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്നതിലും ക്രിസ്തു ശിഷ്യരായവരെ നശിപ്പിക്കുന്നതിനും സുശക്തം പുറപ്പെട്ട സാവൂൾ ക്രിസ്തുവിന്റെ വിളി കേട്ട് എത്രമേൽ ആദിമസഭയെ തച്ചുടയ്ക്കാൻ കച്ചകെട്ടിയിറങ്ങിയോ അതിനെക്കാൾ പതിന്മടങ്ങ് ക്രിസ്തുവിനെ പ്രഘോഷിച്ച് പൗലോസ് ശ്ലീഹായായി ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചു.

## രക്തംചിന്തിയ ആദിമ ക്രൈസ്തവർ

ആദിമസഭയെ നിഷ്കരുണം വേട്ടയാടാൻ മുൻപന്തിയിൽ നിലകൊണ്ടത് റോമാ സാമ്രാജ്യമായി രുന്നു. ഒരു ചെറു വിശ്വാസ സമൂഹമായി രൂപപ്പെട്ടു വരുന്ന ജനതയെ പലവിധ പീഡനങ്ങൾക്ക് വിധേയ മാക്കി നശിപ്പിച്ചു കളയാം എന്ന് അന്നത്തെ ഭരണാധി കാരികൾ മനക്കോട്ടകെട്ടിയിരുന്നു. ഇന്ന് റോം

www.malankaralibrary.com

സന്ദർശിക്കുന്ന ഏതൊരാളും വിസ്മയത്തോടെ കാണുന്ന കൊളോസിയം എന്ന വിശ്വവിഖ്യാതമായ ഇടം ആദിമ ക്രൈസ്തവ സമൂഹങ്ങളിൽ നിന്നും പിടിച്ചു കൊണ്ടുവന്ന ക്രിസ്തു ശിഷ്യരെ ഗ്ലാഡിയേറ്റർമാരുടെയും വന്യമൃഗങ്ങളുടെയും മുൻപിൽ ജീവനോടെ വലിച്ചെറിഞ്ഞ് വെട്ടി നുറുക്കിയും വന്യമൃഗങ്ങളുടെ ഭക്ഷണമാക്കിയും ഒരു മനുഷ്യന് താങ്ങാവുന്നതിനുമപ്പുറം പീഡനങ്ങൾക്ക് വിധേയരാക്കി. ആ വേദനകളും അന്ത്യനിമിഷങ്ങളും കണ്ട് ഭരണകർത്താക്കളും കാഴ്ചക്കാരായി നിലകൊണ്ട റോമൻ ജനതയും ആ പീഡനങ്ങളിൽ രസിച്ച് ആർപ്പുവിളിച്ചിരുന്നു. അതേ റോമാ സാമ്രാജ്യത്തിന്റെ പീഡനങ്ങൾ കൊണ്ട് ആദ്യ പാപ്പയായിരുന്ന വിശുദ്ധ പത്രോസ് ശ്ലീഹാ തലകീഴായി കുരിശിൽ തറയ്ക്കപ്പെട്ട് രക്തസാക്ഷിത്വം വരിച്ചു.

ഒരാളുടെ ജീവനാണ് അയാളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടത്. ഒരു ആൾക്കൂട്ടത്തിന് മുൻപിൽ ഒരു മനുഷ്യനെ അയാൾ പേറുന്ന ക്രൈസ്തവവിശ്വാസത്തിന്റെ പേരിൽ കുറ്റം ചാർത്തി കൊല്ലുക എന്നത് അയാളുടെ ജീവനെടുക്കുക എന്നതിനെക്കാൾ കാഴ്ചക്കാരായി നിൽക്കുന്നവരുടെ ഇടയിൽ ആ വിശ്വാസം രഹസ്യമായി പേറുന്നവർക്കുള്ള ഓർമപ്പെടുത്തലാണ്. നിങ്ങൾ ഈ പീഡനങ്ങൾ കണ്ടിട്ടും ക്രൈസ്തവവിശ്വാസത്തിൽ തുടരുന്നുണ്ടെങ്കിൽ നിങ്ങൾക്കും ഈ ഗതിവരാം എന്ന് പറയാതെ പറഞ്ഞുവയ്ക്കുകയാണ്. എന്നാൽ ഇത്തരം ഉരുക്ക് മുഷ്ടികൾക്ക് മുൻപിൽ സ്വന്തം ജീവനെപ്പോലും നൽകി സഭയെ പീഡിപ്പിക്കാൻ ആർത്തിരമ്പിയ റോമാ സാമ്രാജ്യം കാലങ്ങൾക്കപ്പുറത്ത് ആഗോള കത്തോലിക്കാ സഭയുടെ ആസ്ഥാനമായി പത്രോസിന്റെ സിംഹാസനം നിലകൊള്ളുന്നയിടമായി തീർന്നിരിക്കുന്നു. ഇന്നത്തെ റോമിന്റെ മണ്ണിന് ക്രൈസ്തവ വിശ്വാസത്തെ പ്രതി ജീവത്യാഗം ചെയ്ത് രക്തസാക്ഷിത്വം പുൽകിയ ലക്ഷക്കണക്കിനു പേരുടെ ചൂടുചോരയുടെ ഗന്ധം ഉണ്ടാകും എന്നതിൽ യാതൊരു സംശയവുമില്ല.

## നിലയ്ക്കാത്ത രക്തസാക്ഷിത്വം

ക്രിസ്തുവിൽ നിന്ന് സഭ തുടക്കം കുറിക്കപ്പെട്ട കാലംമുതൽ നിലയ്ക്കാതെ നടക്കുന്ന ഒരു പ്രക്രിയയായി സഭാമക്കളുടെ രക്തസാക്ഷിത്വം തുടർന്നുകൊണ്ടിരിക്കുന്നു. 2000 വർഷങ്ങളായി ഓരോ നിമിഷവും ലോകത്തിന്റെ ഏതോ ഒരു കോണിൽ ക്രൈസ്തവ വിശ്വാസത്തെ പ്രതി രക്തസാക്ഷികളുണ്ടാകുന്നു എന്നത് വസ്തുത തന്നെയാണ്. ഇന്നും ഭരണകൂടങ്ങളും തീവ്രവാദ ശക്തികളും ക്രൈസ്തവ വിശ്വാസത്തെ അടിച്ചമർത്തുന്നത് യഥേഷ്ടം തുടർന്നുകൊണ്ടിരിക്കുന്നു. 2015 ഫെബ്രുവരി 15-ന് ഈജിപ്തിലെ കോപ്റ്റിക് സഭയിലെ സാധാരണ വിശ്വാസികളായ 21 പേരെ ഐഎസ് തീവ്രവാദികൾ ബന്ദികളാക്കി മെഡിറ്ററേനിയൻ കടൽക്കരയിൽ വച്ച് കഴുത്തറുത്ത് കൊല്ലുന്ന ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു. ശ്രീലങ്കയിൽ ഈസ്റ്റർ രാവിൽ കൊല്ലപ്പെട്ട ക്രൈസ്തവരുടെ രക്തസാക്ഷിത്വം നമ്മുക്ക് എങ്ങനെ വിസ്മരിക്കാനാകും. വ്യാജമതനിന്ദയുടെ പേരിൽ ക്രൈസ്തവർ ന്യൂനപക്ഷമായിരിക്കുന്ന നമ്മുടെ അയൽരാജ്യമായ പാകിസ്ഥാനിൽപോലും ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ക്രൈസ്തവ യുവതികളെ തട്ടികൊണ്ടുപോയി നിർബന്ധിത ഭാര്യമാരാക്കി അടിമകളെ പോലെ ജീവിക്കാൻ ഇടവരുത്തുകയും ചെയ്യുന്നത് വിവരസാങ്കേതിക വിദ്യയുടെ വളർച്ചകൊണ്ടുതന്നെ ഒരു ദൃക്സാക്ഷിയെപോലെ നമുക്ക് അടുത്തറിയാൻ സാധിക്കുന്നു. മേൽപറഞ്ഞ ജീവിതങ്ങളൊക്കെ തന്നെ ക്രിസ്തുവിന്റെ ജീവിക്കുന്ന രക്തസാക്ഷികളാണ്. കേരളസഭ നിലകൊള്ളുന്ന തകർന്നുകൊണ്ടിരുന്ന കംഫർട്ട് സോൺ സാമൂഹിക വ്യവസ്ഥിതിയിൽ ഇത്തരം പീഡനങ്ങൾ നമ്മൾ അനുഭവിച്ചറിയാൻ ഇടയായിട്ടില്ല. പീഡനങ്ങളുടെ, രക്തസാക്ഷിത്വത്തിന്റെ പാതയിലൂടെ കടന്നുപോകുന്ന എല്ലാ ക്രൈസ്തവരോടൊപ്പം പ്രാർഥനയാലും മാനസികമായും നാം നിലകൊള്ളണം. ആഗോള കത്തോലിക്കാ സഭ സിനഡാത്മകതയിലൂടെ സഭാമക്കളെ കേൾക്കാൻ ഇറങ്ങി ചെല്ലുന്ന ഈ കാലഘട്ടത്തിൽ ഭാരതത്തിലെ ആദ്യ വിവാഹിത അല്മായ രക്തസാക്ഷി ദേവസഹായം വിശുദ്ധനായി ഉയർത്തപ്പെടുമ്പോൾ, ക്രൈസ്തവ വിശ്വാസത്തെപ്രതി അദ്ദേഹം ഏറ്റുവാങ്ങിയ പീഡനങ്ങൾ കണ്ട് കാഴ്ചക്കാരായി നിന്നവരും അതിനെ പരിഹസിച്ചവരും വ്യർഥമായി കരുതിയ ജീവത്യാഗം ലോകത്തിന്റെ നാലുദിക്കുകളിലും ക്രിസ്തുവിനും സഭയ്ക്കും വേണ്ടി രക്തം ചിന്തി നൽകിയ മഹാത്യാഗത്തിന്റെ വിശുദ്ധ പദവിയിലൂടെ ലോകചരിത്രത്തിൽ ഇടം പിടിക്കുമ്പോൾ ഒരു അല്മായന്റെ ദൗത്യവും യശസ്സും എന്താണെന്നും നമുക്ക് കാണിച്ചു തരുന്നു. ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം പുൽകിയ സർവ ജീവിതങ്ങളെയും പ്രാർഥനയോടെ സ്മരിക്കുന്നു. ■

www.malankaralibrary.com


# വിശുദ്ധ ദേവസഹായവും കമുകിൻകോട് തിരുരക്തനേർച്ചയും



മനു എസ്.എസ്
**അധ്യാപകൻ, സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, തിരുവനന്തപുരം**

**വിശുദ്ധ രക്തസാക്ഷി ദേവസഹായത്തിന്റെ പാദസ്പർശത്താൽ പരിപൂരിതമാക്കപ്പെട്ട തീർഥാടന കേന്ദ്രമാണ് കമുകിൻകോട് പള്ളി. വിശുദ്ധ അന്തോണീസിന്റെ തിരുസ്വരൂപം ദേവസഹായത്താൽ സമർപ്പിതമായ വിശ്വാസപാരമ്പര്യം നിലനിൽക്കുന്ന തെക്കിന്റെ ഈ കൊച്ചുപാദുവാ വിശുദ്ധന്റെ രക്തദാനനേർച്ച കൊണ്ട് കീർത്തിതമാണ്. ദേവസഹായത്തിന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിൽ ഈ നേർച്ചയ്ക്കും സാർവദേശിയ അംഗീകാരം ലഭ്യമാകുകയാണ്. കമുകിൻകോട് തീർഥാടനകേന്ദ്ര ത്തിന്റെ ഉത്ഭവവും വിശുദ്ധ ദേവസഹായത്തിന്റെ തിരുരക്തനേർച്ചയെയും കുറിച്ചുള്ള വിവരണം.**

വാഴ്ത്തപ്പെട്ട രക്തസാക്ഷി ദേവസഹായം വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടപ്പോൾ തെക്കൻ കേരളത്തിലെ ഒരു ഗ്രാമം അഭിമാനംകൊള്ളുകയാണ്. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര പട്ടണത്തിന് സമീപമുള്ള കമുകിൻകോട് ദൈവാലയം വിശുദ്ധ അന്തോനീസിന്റെ നാമധേയത്തിലുള്ള പ്രശസ്തമായ തീർത്ഥാടനകേന്ദ്രമാണ്. നെയ്യാറ്റിൻകര ദേശത്ത് അനന്യമായ സാംസ്കാരിക സവിശേഷതകളുള്ള കമുകിൻകോട് പ്രദേശം. ഹൈന്ദവ സംസ്കാര പശ്ചാത്തലത്തിൽ മൂന്നു നൂറ്റാണ്ടു മുമ്പ് അടിയുറച്ച ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ഈ പ്രദേശം സവിശേഷ സമന്വയങ്ങളുടെ പ്രതിഭാസമായി നിലകൊള്ളുന്നു. തിരുവിതാംകൂറിന്റെ ഉൾനാടുകളിൽ ക്രിസ്തുമത പ്രചാരണം നടത്തിയ നേമം മിഷനുമായി ബന്ധപ്പെട്ട ചരിത്രമാണ് കമുകിൻകോട് ഇടവകയ്ക്കുള്ളത്. തിരുവിതാംകൂറിന്റെ ഉൾനാടുകളിൽ 18-ാം നൂറ്റാണ്ടിന്റെ ആരംഭംമുതൽ സുവിശേഷവെളിച്ചമെത്തിച്ച ഈശോസഭാ പ്രസ്ഥാനമായ നേമം മിഷന്റെ രണ്ടാമത്തെ ആസ്ഥാനവും രക്തസാക്ഷി ദേവസഹായത്തിന്റെ പ്രേഷിത പ്രവർത്തനങ്ങളാൽ ധന്യവുമാണ് ഈ ഗ്രാമം.

## നേമം മിഷൻ

17-ാം നൂറ്റാണ്ടിന്റെ അവസാനം ഇന്നത്തെ കന്യാകുമാരി ജില്ലയിൽ കോട്ടാറിനും കുളച്ചലിനും ഇടയിലുള്ള പിള്ളെത്തോപ്പ് (തോപ്പോ എന്ന് ജസ്വിട്ട് കത്തിടപാടുകളിൽ പ്രതിപാദിക്കുന്നു) ആയിരുന്നു ഈശോസഭയുടെ മലബാർ പ്രോവിൻസിന്റെ ആസ്ഥാനം. ഇവരുടെ പ്രേഷിതപ്രവർത്തനങ്ങളിലൂടെ കൊല്ലംമുതൽ തൂത്തുക്കുടി വരെയുള്ള തീരദേശത്ത് ധാരാളം മുക്കുവ, പരവ സമുദായങ്ങളിലെ അംഗങ്ങളെ ക്രിസ്ത്യാനികളാക്കി മാറ്റി. ഇതേ കാലയളവിൽ തമിഴ്നാട്ടിന്റെ ഉൾഭാഗത്ത് മധുര കേന്ദ്രമാക്കി മധുരമിഷനും വിജയകരമായി പ്രവർത്തിച്ചുവന്നു. ഇവിടത്തെ

www.malankaralibrary.com



***കമുകിൻകോട്
സെന്റ് ആന്റണീസ്
തീർത്ഥാടന ദൈവാലയം***

മിഷണറിമാർ ഭാരതീയ സന്ന്യാസിമാരുടെ ജീവിത ശൈലിയിൽ കാവിവേഷം ധരിച്ചവരും സസ്യഭുക്കുകളുമായിരുന്നു. ഇവരെ പണ്ടാരസ്വാമികൾ എന്ന് അറിയപ്പെട്ടിരുന്നു.

1699-ൽ വടക്കൻകുളത്ത് പ്രവർത്തിച്ചിരുന്ന മിഷണറി ഫാ. ബർണാഡ് ഡിസ (ദേസ) തിരുവിതാംകൂർ അതിർത്തി കടന്ന് തോവാള-ശുചീന്ദ്രം റോഡിലുള്ള മുരിങ്ങൂർ എന്ന ഗ്രാമത്തിൽ ഏതാനും നാടാർ സമുദായ അംഗങ്ങളെ ജ്ഞാനസ്നാനപ്പെടുത്തി. എന്നാൽ ഹൈന്ദവ വിഭാഗത്തിൽ നിന്നുണ്ടായ കടുത്ത എതിർപ്പിനെത്തുടർന്ന് ഫാ. ഡിസ പിൻവാങ്ങുകയും പിൻഗാമിയായി ഫാ. സവേരിയോ ബോർഗേസ് നിയമിതനാവുകയും ചെയ്തു. അദ്ദേഹം കാടും മലകളും നാട്ടുവഴികളും താണ്ടി നേമത്ത് എത്തി. 1701-ൽ ഒരു രാജകുടുംബാംഗം ഉൾപ്പെടെ മുപ്പതോളം നായർ സമുദായ അംഗങ്ങൾക്ക് അദ്ദേഹം ജ്ഞാനസ്നാനം നൽകിയത് ശുഭകരമായ ഒരു തുടക്കമായിരുന്നു. എന്നാൽ ഈ പ്രവർത്തനങ്ങൾക്ക് തിരിച്ചടിയായ ഒരു ദുരന്തമുണ്ടായി. ആദ്യം ജ്ഞാനസ്നാനം സ്വീകരിച്ച രാജകുടുംബാംഗം ഒരു വിഷക്കമ്പിൽ നിന്ന് വിഷംതീണ്ടി മരിച്ചതോടെ നാട്ടുകാർ കടുത്ത എതിർപ്പുമായി രംഗത്തെത്തി. ഇതേത്തുടർന്ന് ജ്ഞാനസ്നാനം സ്വികരിച്ചവർ ക്രമേണ പിൻവാങ്ങി. എന്നാൽ മിഷണറിമാർ പിൻവാങ്ങിയില്ല. പ്രേഷിത പ്രവർത്തനം പൂർവാധികം ശക്തമാക്കാൻ മധുര മിഷനിൽ നിന്ന് നേമത്തെ വേർപെടുത്തി സ്വതന്ത്രമാക്കാൻ മേലധികാരികൾ തീരുമാനിക്കുകയും ചെയ്തു.

## കമുകിൻകോടും നേമം മിഷനും

മധുരമിഷനിൽ നിന്ന് സ്ഥാപിതമായ നേമം മിഷന്റെ ആദ്യ പ്രവർത്തനകേന്ദ്രമായ നേമത്ത് എതിർപ്പുകൾമൂലം മിഷണറിമാർക്കും അവിടെനിന്ന് പിൻവാങ്ങേണ്ടിവന്നപ്പോൾ എനവറ എന്ന ഈഴവ സമുദായാംഗമായ ജൗളിവ്യാപാരി തന്റെ സ്വദേശവും കമുകിൻകോടിന്റെ സമീപപ്രദേശവുമായ ശാസ്താന്തലയിലേക്ക് അവരെ സ്വാഗതം ചെയ്യുകയും സർവശക്തനായ ദൈവത്തിന്റെ മാർഗം എന്നർത്ഥമുള്ള സർവവാളികോട് എന്ന പേരിൽ ആ സ്ഥലത്തിന് ഈശോസഭാ വൈദികർ നാമകരണം നൽകി. ഫാ. ദേസയുടെ നേതൃത്വത്തിൽ സുവിശേഷവത്കരണം ആരംഭിക്കുകയും ചെയ്തു. 1708 മുതൽതന്നെ ഫാ. ദേസയ്ക്ക് സർവവാളികോടുമായി ബന്ധമുണ്ടായിരുന്നതായി ജസ്വിറ്റ് രേഖകളിൽ സൂചനയുണ്ട്.

***..... ശേഷം പേജ് 41 - ൽ***

www.malankaralibrary.com





ഇപ്പോൾ

കോട്ടയം അതിരൂപതയിലെ കല്ലറ സെന്റ് തോമസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ **PULSATOR** സംവിധാനത്തിലാണ് പള്ളിമണി ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നത്. ഭാരതത്തിൽ 15 സംസ്ഥാനങ്ങളിലായി ഇപ്പോൾ 500-ൽപരം പള്ളിമണികൾ പൾസേറ്റർ സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

## SOME OF THE MADONNA CLIENT CHURCHES IN KOTTAYAM DISTRICT

Lisieux Church, Athirampuzha
Sleeba Malankara Orthodox Syrian Church, Pathamutom
St. George Orthodox Church, Puthuppilly
Vimalagri Cathedral, Kottayam
Mar Sleeva Church, Kanjirathanam
St. Augutine's Church, Ramapuram
Lourde Forane Church, Kottayam Town
Assumption Forane Church, Erumely
St. Antony's Lathin Catholic Church, Wagamon
Christ the King Church, Manipuzha
St. Joseph Church, Variyanikkadu, Pala
St. Mary's Mount Church, Poozhikol, Mannar

**Call: Felix Madonna - 98953 99881, 98952 98951**
Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
*ISO 9001-2008 Certified Company*

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

www.malankaralibrary.com




La Lumière 2022

# FIH PLATINUM JUBILEE Celebrations

## ഒരു വർഷം നീണ്ടുനിന്ന 'ലാ ലുമിയേർ

വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹിക സേവനം എന്നീ ശുശ്രൂഷാദൗത്യങ്ങളോടെ 1907 ജൂലൈ 26 – ന് നാല് സന്ന്യാസിനികളുമായി കുണ്ടറ കാഞ്ഞിരകോട് ഇടവകയിൽ പ്രവർത്തനമാരംഭിച്ച FIH സഭാസമൂഹം 1947 മാർച്ച് 17 – ന് സ്വതന്ത്രസന്ന്യാസിനി സഭയായി രൂപപ്പെട്ടു. 1997 ഒക്ടോബർ 24 – ന് പൊന്തിഫിക്കൽ പദവി ലഭിച്ച വിമലഹൃദയ ഫ്രാൻസിസ്കൻ സഭ ഇന്ന് മൂന്ന് പ്രൊവിൻസുകളിലായി ഭാരതത്തിലെ 12 സംസ്ഥാനങ്ങളിലും ഇറ്റലി, ജർമനി, അമേരിക്ക എന്നീ വിദേശരാജ്യങ്ങളിലെ 11 ഇടവകകളിലും കർമനിരതരായി ശുശ്രൂഷചെയ്യുന്നു.

### പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലെ അനുഗൃഹീത സാന്നിധ്യം




ആർച്ച്ബിഷപ്പ്
തോമസ് ജെ. നെറ്റോ
തിരുവനന്തപുരം



ആർച്ച്ബിഷപ്പ്
അനിൽ ജോസഫ് കൂട്ടോ
ഡൽഹി



ബിഷപ്പ്
വിൻസന്റ് സാമുവൽ
നെയ്യാറ്റിൻകര



ബിഷപ്പ് സെൽവിസ്റ്റർ
പൊന്നുമുത്തൻ
പുനലൂർ



ബിഷപ്പ് സ്റ്റാൻലി
റോമൻ
ബിഷപ്പ് എമരിത്തൂസ്




മദർ ബ്രൂണോൾഫ് മേരി
FIHM
സുപ്പീരിയർ ജനറൽ



www.malankaralibrary.com
.H.GENERALATE
വിമലഹൃദയ ഫ്രാൻസിസ്കൻ
സന്ന്യാസിനി സമൂഹം
FR. LOUIS SAVINIENO DUPAIS
(Founder)
പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ
2022' ന് വർണാഭമായ പരിസമാപ്തി
79 കോൺവെന്റുകൾ
600ൽപ്പരം സഹോദരിമാർ
വിമലഹൃദയ ഫ്രാൻസിസ്കൻ സന്ന്യാസിനി സമൂഹത്തിലേക്ക് സ്വാഗതം
വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹിക സേവനം എന്നീ ശുശ്രൂഷകളിൽ സേവനമനോഭാവത്തോടും അർപ്പണ സന്നദ്ധതയോടുംകൂടെ കർമനിരതയായി ജീവിതം പ്രാർത്ഥനയും പ്രവർത്തനവുംകൊണ്ട് ശോഭിതമാക്കാൻ ആഗ്രഹിക്കുന്ന കുഞ്ഞനുജത്തിമാർക്ക് സ്വാഗതം! എസ്.എസ്.എൽ.സി.യോ ഉപരി വിദ്യാഭ്യാസ യോഗ്യതയോയുള്ള യുവതികൾക്ക് FIH സഭാസമൂഹത്തിൽ ചേർന്ന് കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് സ്ത്രീശക്തീകരണവും കുടുംബനവീകരണവും മുഖ്യപ്രേഷിതപ്രവർത്തനങ്ങളായി സ്വീകരിച്ച് നവ സുവിശേഷവല്ക്കരണത്തിന്റെ സദ്വാർത്താവാഹകരാകാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക.
Vocation Promoter
FIH Generalate, Palathara, Thattamala P.O, Kollam - 691 020
Phone : 0474 2536246, 2530796
ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി
കൊല്ലം
ബിഷപ് ജെയിംസ് റാഫേൽ ആനാപറമ്പിൽ
ആലപ്പുഴ
SR. REXIA MARY
Superior General
DR. SR. CELCY MARY
Asst. Superior General
SR. USHATTA MARY
2nd General Councilor
SR. RENORA MARY
3rd General Councilor
SR. SAJITHA MARY
4th General Councilor
PROVINCIAL SUPERIORS
SR. ADOLF MARY
Kerala Province
SR. COLLINE MARY
Delhi Province
SR. PREETHY MARY
Karnataka Province
FRANCISCAN SISTERS OF THE IMMACULATE HEART OF MARY, QUILON

www.malankaralibrary.com


# കർമ്മലീത്താ സഭയുടെ (O.Carm) സ്വന്തം ബ്രാൻഡ്സ്മ



## വിശുദ്ധഗണത്തിൽ

2022 മെയ് 15 – ന് ഫ്രാൻസിസ് പാപ്പ കർമ്മലീത്താ സന്ന്യാസിയായ **വാഴ്ത്തപ്പെട്ട ടൈറ്റസ് ബ്രാൻഡ്സ്മ**യെ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തുമ്പോൾ ആഗോള O.Carm സന്ന്യാസസമൂഹം ആഹ്ലാദത്തിലാണ്. വിശുദ്ധർക്കിടയിൽ ഒരു മാധ്യമപ്രവർത്തകൻ കൂടിയാകുമ്പോൾ കർമ്മലീത്താസഭയുടെ സദ്വാർത്തവാഹകനായി ഈ വിശുദ്ധൻ അവരോധിതനാകുകയാണ്.

**സദ്വാർത്ത പ്രചാരകരായി ദൈവരാജ്യപ്രഘോഷണത്തിന് സന്നദ്ധതയുള്ള യുവാക്കളെ O.Carm സ്വാഗതം ചെയ്യുന്നു**

വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിയായ വിശുദ്ധ ടൈറ്റസ് ബ്രാൻഡ്സ്മയുടെ മാതൃക പിൻചെന്ന് കർമ്മലീത്താ സഭയിൽ (Order of Carmelites) അംഗങ്ങളായി ക്രിസ്തുവിനുസാക്ഷ്യം വഹിക്കാൻ കുഞ്ഞനുജന്മാരെ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് : The Vocation Director

**CARMEL NIVAS**
Karukadam P.O, Kothamangalam 686 691
Tel: 8281552303, Email: tthekkumpurath@gmail.com

**CARMEL SADAN**
Chettupuzha P.O, Thrissur - 680 012
Tel: 9747475340 Email: lijojoseocarm@gmail.com

# സാഗർ രൂപതയിൽ മിഷണറി വൈദികനാകാൻ സ്വാഗതം



"നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം അറിയിക്കുക" (മർക്കോ 16:15) എന്ന യേശുനാഥന്റെ സ്വരം ശ്രവിച്ചുകൊണ്ട് യേശുവിനെ നാളിതുവരെ അറിഞ്ഞിട്ടില്ലാത്ത മനുഷ്യമക്കളുടെ ഇടയിൽ ക്രിസ്തുവിന്റെ ധീരമിഷണറിയായി മുന്നേറാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സി യോ ഉപരിപഠന യോഗ്യതയോ ഉള്ള കുഞ്ഞനുജന്മാരേ ഹാർദ്ദവമായി ക്ഷണിക്കുന്നു. കേരളത്തോളം സ്ഥലവിസ്തീർണമുള്ളതും മധ്യപ്രദേശിന്റെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന അഞ്ച് ജില്ലകളിൽ രൂപത വൈദികനായി സേവനം ചെയ്യാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക.

Vocation Promoter,
**SAGAR MISSION HOME**
Attore Road, Kutture P.O, Thrissur, Kerala
Mob: 90095 44471, 9424592588

www.malankaralibrary.com

........... പേജ് 36 -ൽ നിന്ന് തുടർച്ച

## ദേവസഹായവും കമുകിൻകോടും

കമുകിൻകോട് കത്തോലിക്ക പള്ളിയുടെ ഉത്ഭവത്തെപ്പറ്റിയുള്ള പാരമ്പര്യം ദേവസഹായവുമായി ബന്ധപ്പെടുത്തി ഇപ്രകാരം വിവരിക്കുന്നു: ദൂരെ ദേശത്തുനിന്നും രണ്ട് നായർ സ്ത്രീകൾ കമുകിൻകോട് എത്തുകയും ഇവിടെ ഒരു ഓലപ്പുരയിൽ അവർ പാർത്തുവരുകയും ചെയ്തു. അവർ പാർത്തിരുന്ന ഓലപ്പുര അടുത്ത വീട്ടിലെ സ്ത്രീകൾ ദിവസവും വിളക്കുവച്ച് സംരക്ഷിച്ചുപോന്നു. 1741 -ൽ മാർത്താണ്ഡവർമയും ഡച്ചുകാരും തമ്മിലുണ്ടായ കൊളച്ചൽ യുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെട്ട ഡിലനോയിയെ മാർത്താണ്ഡവർമ പിന്നീട് തന്റെ സൈന്യത്തിന്റെ വലിയകപ്പിത്താനായി നിയമിച്ചു. ഡിലനോയിയിൽ നിന്നും ബൈബിൾ വായിച്ച് മനപരിവർത്തനം വന്ന സൈനികനായ നീലകണ്ഠപിള്ള ദേവസഹായം എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്തുമത പ്രചാരണം നടത്തിയെന്നും അദ്ദേഹം മുമ്പുപറഞ്ഞ ഓലപ്പുരയിൽ വിശുദ്ധ അന്തോനീസിന്റെ തിരുസ്വരൂപം സമർപ്പിച്ചു എന്നുമാണ് വിശ്വാസ പാരമ്പര്യം.

ദേവസഹായത്തിന്റെ മതപരിവർത്തനത്തോടെ തിരുവിതാംകൂറിന്റെ അന്നത്തെ തലസ്ഥാനമായ പത്മനാഭപുരത്തിനും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലും ദിവാൻ രാമയ്യൻ ദളവയുടെ നേതൃത്വത്തിൽ അരങ്ങേറിയ പീഡനങ്ങൾ പരിവർത്തിത ക്രിസ്തുമത വിശ്വാസികളുടെ ജീവിതം ദുസ്സഹമാക്കി. പലരും നാടുകടത്തപ്പെടുകയും ചിലർ രക്തസാക്ഷികളാവുകയും ചെയ്തു. പലരുടെയും ജീവൻ അപകടത്തിലായി. ദേവസഹായം ജ്ഞാനസ്നാനം സ്വീകരിച്ച 1745 മുതൽ 1749 വരെ തീക്ഷ്ണമായ സുവിശേഷ പ്രചാരണം നടത്തി. വടക്കൻകുളം, രാമപുരം, രാമനാദിച്ചൻപുത്തൂർ, ആശാരിപള്ളം, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ സുവിശേഷവൃത്തിയാൽ അനേകർ ക്രിസ്തുമതം സ്വീകരിച്ചു.



***കമുകിൻകോട് കൊച്ചുപള്ളിയിൽ വിശുദ്ധ ദേവസഹായം സമർപ്പിച്ച വിശുദ്ധ അന്തോനീസിന്റെ തിരുസ്വരൂപം.***

www.malankaralibrary.com

രാമയ്യൻ ദളവയുടെ നേതൃത്വത്തിലുള്ള മതമർദ്ദനത്താൽ ക്രിസ്ത്യാനികളുടെ സ്വൈര്യജീവിതം താറുമാറായി. ഇത് ദേവസഹായത്തിന്റെ കുടുംബത്തെയും സാരമായി ബാധിച്ചു. അദ്ദേഹത്തിന്റെ ഭാര്യ ജ്ഞാനപ്പൂവിനും അമ്മയ്ക്കും എതിർപ്പുകളും ഭീഷണികളും കാരണം സ്വന്തം വീടുവിട്ടിറങ്ങേണ്ടി വന്നു. നട്ടാലത്തുനിന്നും ഇറങ്ങേണ്ടിവന്ന ജ്ഞാനപ്പൂവിനെ സമുദായവും ബന്ധുക്കളും അനഭിമതയായി കണ്ടതിനാൽ സ്വാഭാവികമായി ബന്ധുഗൃഹങ്ങളിൽ അഭയം ലഭിച്ചില്ല. അഭയം നൽകിയത് നേമം മിഷന്റെ പ്രധാനകേന്ദ്രമായിരുന്ന കമുകിൻകോടിലെ ഈ ഓലപ്പുരയായിരുന്നു.ദേവസഹായം തന്റെ രക്തസാക്ഷിത്വത്തിന് മുമ്പ് തന്റെ ഭാര്യയെ അവസാനമായി കണ്ടുമുട്ടുന്ന ഹൃദയഭേദകമായ രംഗത്തിൽ അദ്ദേഹം പ്രിയതമയോട് ഇപ്രകാരം പറയുന്നു: "ഈ നാട്ടിലുള്ള ക്രിസ്ത്യാനികൾ ഇനിയും നിന്നെ സഹായിച്ചാൽ ഗവൺമെന്റ് ഇവരെ പീഡിപ്പിക്കും. സഹോദരൻ ഡിലനോയികൂടി നമുക്കുവേണ്ടി കഷ്ടതയനുഭവിക്കാൻ സാധ്യതയുണ്ട്. നാം അതിന് അവസരം ഉണ്ടാക്കരുത്. അതുകൊണ്ട് നീ വടക്കൻകുളത്തുപോയി അവിടെയിരുന്ന് നമ്മുടെ രാജ്യത്തിനും നാട്ടിലുള്ള ജനങ്ങൾക്കും വേണ്ടി പ്രാർഥിക്കണം."

സർവവാളികോടായിരുന്നു തിരുവിതാംകൂറിലെ പ്രധാന മിഷൻകേന്ദ്രം എന്നതിനാൽ ഓലപ്പുരയിൽ താമസിച്ചുവെന്ന് പറയുന്ന നായർസ്ത്രീകൾ സാക്ഷാൽ ദേവസഹായത്തിന്റെ ഭാര്യയും ഭാര്യാമാതാവുമായിരുന്നു എന്ന് വിശ്വസിക്കുന്നു. തുടർന്ന് അവർ വടക്കൻകുളത്തേക്ക് പോയി. ശേഷിച്ച ജീവിതം വടക്കൻകുളത്ത് നയിച്ച ജ്ഞാനപ്പൂവിനെ മരണശേഷം വടക്കൻകുളം പള്ളിക്ക് സമീപമുള്ള സെമിത്തേരിൽ സംസ്കരിച്ചു. ഇപ്പോഴും അത് അവിടെയുണ്ട്.

## കമുകിൻകോടും വടക്കൻകുളവും

കമുകിൻകോട്ടുകാർ തലമുറകൾക്കു മുമ്പേ ആരംഭിച്ച ഒരു പതിവാണ് വർഷംതോറും ആഗസ്റ്റ് 14-ന് നടത്തുന്ന വടക്കൻകുളം തീർഥാടനം. ഈ പതിവിന് ഇന്നും മാറ്റമില്ല. വടക്കൻകുളം ഒരു മരിയൻ തീർത്ഥാടനകേന്ദ്രമാണ്. നാഗർകോവിൽ പട്ടണത്തിൽ നിന്ന് മുപ്പത് കിലോമീറ്ററോളം അകലെ സ്ഥിതിചെയ്യുന്ന ഈ ഗ്രാമത്തിന് ഇന്നും അത്രവലിയ പരിഷ്കാരങ്ങളൊന്നും ഉണ്ടായിട്ടില്ല. ആഗസ്റ്റ് 14-ന് വടക്കൻകുളത്ത് തിരുനാളിനോടനുബന്ധിച്ച് അർധരാത്രി എഴുന്നള്ളത്ത് ആരംഭിക്കുന്ന പരിശുദ്ധ മാതാവിന്റെ തേര് ദർശിക്കാൻ അവിടെ പള്ളിയങ്കണത്തിൽ വന്നുകൂടുന്ന മലയാളികളിൽ കമുകിൻകോടുകാരാണ് ബഹുപൂരിപക്ഷവും. വർഷങ്ങൾക്കപ്പുറം ഇവിടത്തെ പൂർവികർ കാൽനടയായും കാളവണ്ടികളിലും മറ്റും വടക്കൻകുളം തീർഥാടനം മുടങ്ങാതെ നടത്തിയിരുന്നു. നേമംമിഷന്റെ പ്രധാന കേന്ദ്രങ്ങളായിരുന്നു കമുകിൻകോട് ഇടവകയായി പരിണമിച്ച സർവവാളികോടും വടക്കൻകുളവും. നേമംമിഷന്റെ ആസ്ഥാനം വടക്കൻകുളത്തേക്ക് മാറ്റിയപ്പോഴും കുറേക്കാലം സർവവാളികോട് കേന്ദ്രമാക്കി ഫാ. ആന്റണി തവേരസിന്റെ നേതൃത്വത്തിൽ ഇവിടെ നേമം മിഷൻ സമാന്തരമായി പ്രവർത്തിച്ചു. പിന്നീട് വടക്കൻകുളത്തിന്റെ സബ്സ്റ്റേഷനായി ഇത് മാറുകയും ചെയ്തു. ആ ബന്ധമാണ് കമുകിൻകോടും വടക്കൻകുളവും തമ്മിലുള്ളത്. അതുപോലെ തൊട്ടുമുമ്പ് സൂചിപ്പിച്ചതിൻപ്രകാരം ദേവസഹായത്തിന്റെ ഭാര്യയായ ജ്ഞാനപ്പൂ നേമം മിഷന്റെ സംരക്ഷണയിൽ കമുകിൻകോട് കഴിഞ്ഞതിനുശേഷം വടക്കൻകുളത്തേക്ക് പോയി. ജ്ഞാനപ്പൂവിന് ഇവിടെയുള്ള സ്ത്രീകൾ ശുശ്രൂഷ ചെയ്തിരുന്നതായും സൂചനയുണ്ട്. ഒരുപക്ഷേ സ്നേഹനിധിയായ ജ്ഞാനപ്പൂ അമ്മയെ കാണാൻ ഇവിടത്തുകാർ വടക്കൻകുളത്ത് നടത്തിയ സന്ദർശനവും വടക്കൻകളം തീർഥാടനത്തിന് വഴിയൊരുക്കിയിരിക്കാം.

## രക്തദാന നേർച്ച

രക്തസാക്ഷി ദേവസഹായത്തിനെ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തിയതിനുശേഷം കമുകിൻകോട് ദൈവാലയത്തിൽ ആരംഭിച്ച അതിവിശിഷ്ടമായ നേർച്ചയാണ് രക്തദാനനേർച്ച. ഉദ്ദിഷ്ടകാര്യങ്ങൾക്ക് ഉപകാരസ്മരണയായി മറ്റുനേർച്ചകൾക്കൊപ്പം രക്തദാന നേർച്ചയും ഇടംപിടിച്ചു. മറ്റൊരു ആരാധനാലയത്തിലും ഇല്ലാത്ത സവിശേഷമായ ഈ നേർച്ചയിൽ നൂറുകണക്കിനുപേർ മുടങ്ങാതെ പങ്കുകൊണ്ടിരുന്നു. മെഡിക്കൽകോളജ്, ആർ.സി.സി, ശ്രീചിത്ര തുടങ്ങിയ ഗവൺമെന്റ് ആശുപത്രികളിലേക്കാണ് മാസംതോറും ഈ നേർച്ചയിലൂടെ വിശ്വാസികൾ രക്തം ദാനംചെയ്തുവരുന്നത്. അപരന്റെ ജീവൻ രക്ഷിക്കാനുതകുന്ന ഈ മഹാനേർച്ചക്ക് ഏറെ ശ്ളാഘനീയമായ പിന്തുണ ലഭിച്ചുകൊണ്ടിരിക്കുന്നു. കോവിഡ് കാലഘട്ടത്തിൽ മുടങ്ങിയ ഈ നേർച്ച ഈയിടെ പുനരാരംഭിച്ചു. മഹനീയമായ ഈ നേർച്ച കമുകിൻകോടിന്റെ മാത്രം സവിശേഷതയാണ്. ■

www.malankaralibrary.com



# ചാവല്ലൂർ പൊറ്റയുടെ സ്വന്തം ദേവസഹായം



ഫാ. ജോസഫ് അനിൽ വി.
***മാനേജർ, കോർപൊറേറ്റ് എഡ്യുക്കേഷണൽ ഏജൻസി നെയ്യാറ്റിൻകര രൂപത***

**തിരുവിതാംകൂർ രാജാവിന്റെ കമാൻഡർ- ഇൻ- ചീഫ് നീലകണ്ഠൻ പിള്ളയെന്ന ദേവസഹായത്തിന്റെ ധീരരക്തസാക്ഷിത്വത്തെകുറിച്ച് കേൾക്കാത്തവർ ചുരുക്കമായിരിക്കും. ജനനംകൊണ്ട് ഹൈന്ദവനും വിശ്വാസജീവിതംകൊണ്ട് ക്രൈസ്തവനുമായിരുന്ന ഒരു പ്രേഷിതൻ കത്തോലിക്കാസഭയുടെ വിശുദ്ധാരാമത്തിൽ പുണ്യസൂനമായി വിരിയുമ്പോൾ നെയ്യാറ്റിൻകര രൂപതയിലെ ആറയൂർ ചാവല്ലൂർ പൊറ്റ തീർഥാലയവും സന്തോഷിക്കുകയാണ്. കാരണം, വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ നാമധേയത്തിൽ ലോകത്തു തന്നെ ആദ്യമായി സ്ഥാപിതമായ ആരാധനാലയമാണിത്. ആ നല്ല ഓർമകളെ സ്മരിക്കുകയാണ് തീർഥാലയ വികാരിയും പാറശാല ഫൊറോന വികാരിയുമായ ലേഖകൻ.**

വിശുദ്ധ ബൈബിളിലെ ജോബിന്റെ കഥയിലൂടെ, ക്രിസ്തീയ വിശ്വാസം നീലകണ്ഠൻപിള്ളയെന്ന യോദ്ധാവിന്റെ ഹൃദയത്തിൽ കുടികൊണ്ടപ്പോൾ ക്രിസ്തുവിന്റെ യോദ്ധാവായി ദേവസഹായമെന്ന വിശ്വാസിയായി രൂപാന്തരപ്പെടുകയായിരുന്നു. ക്രിസ്തുവിന് മാത്രം നൽകാൻ കഴിയുന്ന സമാധാനവും പ്രത്യാശയും സ്നേഹവും കാരുണ്യവും ദേവസഹായത്തെ മറ്റൊരാളാക്കി രൂപാന്തരപ്പെടുത്തി. ഇപ്പോഴിതാ കത്തോലിക്കാസഭയുടെ അനുഗൃഹീത വിശുദ്ധരിൽ ഒരാളുമായി പരിണമിച്ചു. 1945-ൽ ജ്ഞാനസ്നാനം സ്വീകരിച്ച നീലകണ്ഠൻപിള്ള, ലാസറസ് എന്നർഥം വരുന്ന ദേവസഹായം എന്ന പേര് സ്വീകരിച്ചതോടെ ത്യാഗജീവിതത്തിന്റെ പ്രേഷിതയാത്ര ആരംഭിക്കുകയായിരുന്നു. ക്രിസ്തീയവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ ദേവസഹായം കഠിനമായി പീഡിപ്പിക്കപ്പെട്ടു. തുടർച്ചയായ പീഡനങ്ങൾക്കൊടുവിൽ 1752 ജനുവരി 14-ന് ഇന്ത്യൻ മണ്ണിൽ അദ്ദേഹം രക്തസാക്ഷിയായി. 270 വർഷങ്ങൾക്ക് ശേഷം അദ്ദേഹം ലോകത്തിന്റെ കണ്ണിൽ ആദരണീയനും പൂജ്യനുമായ വ്യക്തിയുമായി. 2012 ഡിസംബർ 2-നാണ് ദേവസഹായം വാഴ്ത്തപ്പെട്ടവനായി ഉയർത്തപ്പെട്ടത്. ക്രിസ്തുവിന്റെ വഴിയിൽ രക്തം ചിന്തിയതിന് ലഭിച്ച ജീവന്റെ കിരീടമാണിത്. വിശ്വാസത്തിന്റെ ജ്വാലകാലത്തെ അതിജീവിക്കുന്നു എന്നതിന്റെ സാക്ഷ്യമാണ് ഈ വിശുദ്ധപദവി. വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ അനുഗൃഹീത വിശുദ്ധപദവി ഇന്ത്യൻ മനഃസാക്ഷിയുടെ പ്രതീകവും വ്യത്യസ്ത സംസ്കാരങ്ങളുടെ കൂട്ടായ്മയുമാണ്.

## വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ ആദ്യ തീർഥാലയം

ഇന്ത്യയിലെ ആദ്യ വിവാഹിത അല്മായ രക്തസാക്ഷി വാഴ്ത്തപ്പെട്ട ദേവസഹായം നെയ്യാറ്റിൻകരയുടെ സൂര്യപ്രകാശമാണ്. വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ പേരിൽ ലോകത്തിലെ ആദ്യ ദൈവാലയം നെയ്യാറ്റിൻകര രൂപതയിലെ പാറശ്ശാല ഫൊറോന


www.malankaralibrary.com

യിൽ ചെങ്കൽ പഞ്ചായത്തിലെ ആറയൂർ ദേശത്ത് ചാവല്ലൂർ പൊറ്റയിലാണ് സ്ഥാപിതമായത്. 2014 ജനുവരി 14-ന് ദേവസഹായത്തിന്റെ ധീരരക്തസാക്ഷിത്വദിനത്തിലാണ് വാഴ്ത്തപ്പെട്ടവന്റെ നാമത്തിൽ ലോകത്തിലെ ഈ ആദ്യ ദൈവാലയം സ്ഥാപിതമാകുന്നത്. നെയ്യാറ്റിൻകര ബിഷപ് ഡോ. വിൻസെന്റ് സാമുവലിന്റെ അനുഗ്രഹാശീർവാദത്തോടെയാണ് വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ പ്രഥമ ദൈവാലയം വിശ്വാസികൾക്കായി തുറന്ന കൊടുത്തത്. ഇതോടെ ചാവല്ലൂർ പൊറ്റയിൽ നിണമണിഞ്ഞ ക്രൈസ്തവവിശ്വാസത്തിന്റെ പുതിയ സൂര്യശോഭ പരക്കുകയായിരുന്നു. അന്നു മുതൽ ഇടവകാംഗങ്ങൾക്കു പുറമേ നാനാജാതി മതസ്ഥർ സംസ്ഥാനത്തിനകത്തും പുറത്തു നിന്നുമായി വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ അനുഗ്രഹത്തിനായി ഇവിടെയെത്താൻ തുടങ്ങി. നിരവധിയായ അനുഗ്രഹങ്ങൾ സ്വീകരിച്ച് വിശ്വാസികൾ മനഃസംതൃപ്തരായി മടങ്ങാൻ തുടങ്ങിയതോടെ ഒരു തീർഥാടന കേന്ദ്രത്തിന്റെ പരിവേഷം ചാർത്തപ്പെടുകയായിരുന്നു.

ഏഴാം മാസത്തിൽ അമ്മയുടെ ഉദരത്തിൽ വച്ച് മരിക്കുമെന്ന് ഉറപ്പായ കുഞ്ഞ് വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ മാധ്യസ്ഥ്യതയിൽ അത്ഭുതകരമായി ജീവിതത്തിലേക്ക് തിരികെ വന്ന അത്ഭുതസാക്ഷ്യമാണ് ദേവസഹായത്തെ വിശുദ്ധ പദവിയിലേക്ക് ഉയർത്താൻ ഫ്രാൻസിസ് പാപ്പ അംഗീകരിച്ചത്. ഈ തീർഥാലയത്തിലും സമാനമായ നിരവധി അത്ഭുതങ്ങൾ നടക്കുന്നുണ്ട്. 2020 ഫെബ്രുവരി 21-ന് വത്തിക്കാനിൽ നിന്നു ലഭിച്ച സന്ദേശം കത്തോലിക്കാസഭയ്ക്ക് മാത്രമല്ല, ചാവല്ലൂർ പോറ്റയ്ക്കും നെയ്യാറ്റിൻകര രൂപതയ്ക്കും വലിയ സന്തോഷത്തിന്റെ നിമിഷമായിരുന്നു.

കാത്തിരിപ്പുകൾക്കും ഇടതടവില്ലാത്ത പ്രാർഥനകൾക്കുമൊടുവിൽ ഇന്ത്യയിലെ ആദ്യ വിവാഹിത അല്മായ രക്തസാക്ഷി, ചാവല്ലൂർ പൊറ്റയുടെ മധ്യസ്ഥൻ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. ലോകത്തിലെ ആദ്യ ദേവസഹായതീർഥാടനകേന്ദ്രം എന്ന ഖ്യാതി ചാവല്ലൂർ പൊറ്റയ്ക്ക് സ്വന്തമാകുമ്പോൾ ഈ തീർഥാലയം ചരിത്രത്തിന്റെ താളുകളിൽ മുദ്രിതമാകുകയാണ്. പിന്നിട്ട നാളുകളിൽ ഈ ദൈവാലയത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച മഹദ്‌വ്യക്തികളെ ഈ ധന്യമുഹൂർത്തത്തിൽ ഓർക്കേണ്ടതുണ്ട്. ആദ്യ ഇടവക വികാരി ഫാ. റോബർട്ട് വിൻസെന്റ് തന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്താൽ ഇടവകവിശ്വാസികളുടെ സഹായത്തോടെ ഏതാനും ദിവസങ്ങൾകൊണ്ട് പൂർത്തിയാക്കിയതാണ് ഈ തീർഥാലയം. സ്ഥലപരിമിതിയിലാണ് പള്ളി സ്ഥിതിചെയ്യുന്നതെങ്കിലും കൊടിമരം, മണിമേട, ദേവസഹായത്തിന്റെ മനോഹര ഗ്രോട്ടോ എന്നിവയെല്ലാം ചുരുങ്ങിയകാലം കൊണ്ട് നിർമിക്കുകയുണ്ടായി. 2014 നവംബർ 21-ന് നെയ്യാറ്റിൻകര രൂപതയുടെ വികാരി ജനറൽ മോൺ. ജി. ക്രിസ്തുദാസിന്റെ ശ്രമഫലമായി വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ തിരുശേഷിപ്പുകൾ പൊതുവണക്കത്തിനായി പള്ളിയിൽ സ്ഥാപിച്ചു. വിശുദ്ധപ്രഖ്യാപനനാളിൽ ഈ ദൈവാലയത്തിന്റെ ഇടയനായി ശുശ്രൂഷ ചെയ്യാൻ ലഭിച്ച വലിയ അനുഗ്രഹവും നിയോഗവുമായി ഈ ലേഖകൻ ഉൾക്കൊള്ളുകയാണ്. ഇന്ന് ചാവല്ലൂർ പൊറ്റ തീർഥാലയം വികസനത്തിന്റെ പാതയിലാണ്. ഇതൊരു വിശ്വതീർത്ഥാടന കേന്ദ്രമായി വളർന്നുകൊണ്ടിരിക്കുകയാണിന്ന്.

ലോകജനതയുടെ മുന്നിൽ ഈ തീർഥാലയവും മഹിമ നിറഞ്ഞതാകുമ്പോൾ ഞാനും മുഴുവൻ ഇടവകാംഗങ്ങളും പ്രാർഥനാപൂർവം വിശുദ്ധന്റെ മാധ്യസ്ഥ്യസഹായം യാചിച്ചുകൊണ്ട് ദൈവത്തിന് നന്ദിയർപ്പിക്കുകയാണ്. വിശുദ്ധന്റെ മാധ്യസ്ഥ്യംവഴി ചാവല്ലൂർ പൊറ്റയിൽ അനുഗ്രഹത്തിന്റെ വരമാരി പെയ്തിറങ്ങി പുരോഗതിയും വികസനവും ഉണ്ടാകട്ടെയെന്നും വിശ്വാസത്തിൽ ആഴപ്പെട്ടു ജീവിക്കുന്ന ഒരു സമൂഹം രൂപപ്പെടട്ടേയെന്നും പ്രാർഥിക്കുകയാണ്. ■



www.malankaralibrary.com




# ദേവി ജ്വോ

## ദേവസഹായത്തിന്റെ വിശുദ്ധപ്രഖ്യാപനത്തിന്റെ അത്ഭുതസാക്ഷ്യം

ജറാൾഡ് ബി. മിരാൻഡ
***കോട്ടാർ***

വാഴ്ത്തപ്പെട്ട ദേവസഹായം വിശുദ്ധ ഗണത്തിലേക്കുയരുമ്പോൾ ആ അത്യാഹ്ലാദത്തിന്റെ നിറവിലാണ് കന്യകുമാരി ജില്ലയിലെ നട്ടാലം ഗ്രാമം. നീലകണ്ഠൻപിള്ള എന്ന ദേവസഹായത്തിന്റെ ജനനത്താൽ ധന്യമായ, ഗ്രാമീണ വിശുദ്ധിയൊഴുകുന്ന ഗ്രാമം. നട്ടാലം ലോകപ്രശസ്തിയിലേക്കുയരുമ്പോൾ അവിടുത്തെതന്നെ അധ്യാപക ദമ്പതികൾക്കുണ്ടായ അത്ഭുതത്തെ വത്തിക്കാൻ അംഗീകരിച്ചത് മറ്റൊരു മഹാത്ഭുതം. ദൈവത്തിന്റെ പ്രവർത്തനങ്ങൾ എന്നെന്നും മാനവരാശിക്ക് വിസ്മയംതന്നെയാണല്ലോ.

നട്ടാലത്തെ അധ്യാപക ദമ്പതിമാരുടെ സ്വപ്നങ്ങൾക്ക് നിറച്ചാർത്തണിഞ്ഞ് ഭാര്യ ഗർഭിണിയായി. ആ സന്തോഷത്തിലായിരുന്നു കുടുംബം. ആദ്യ സ്കാനിംഗിൽതന്നെ ഇടുപ്പെല്ലിന്റെ വളർച്ചയുടെ പ്രത്യേക കാരണത്താൽ സുഖപ്രസവം നടക്കാൻ സാധ്യതയില്ലെന്നു ഡോക്ടർമാർ സൂചന നൽകി. പാരമ്പര്യമായി വാഴ്ത്തപ്പെട്ട രക്തസാക്ഷി ദേവസഹായത്തിന്റെ മാധ്യസ്ഥ്യം യാചിച്ചു പ്രാർഥിക്കുന്ന കുടുംബമായിരുന്നു ഇവരുടേത്. അതിനാൽ കൂടുതൽ പ്രത്യാശയോടെ സുഖപ്രസവത്തിനായി പ്രാർഥിക്കാൻ തുടങ്ങി. ദേവസഹായത്തിന്റെ അത്ഭുതനീരുറവയിൽനിന്നുള്ള ജലം വിശ്വാസത്തോടെ കുടിക്കാനും തുടങ്ങി.

പ്രസവത്തിന് ഒരു മാസം മുമ്പ് പെട്ടെന്ന് കലശലായ വയറുവേദന തുടങ്ങി. ഉടൻ ആശുപത്രിയിലെത്തിച്ച് അടിയന്തര ശുശ്രൂഷകൾ നടത്തിയെങ്കിലും വേദനയ്ക്ക് ശമനമുണ്ടായില്ല. വീണ്ടും സ്കാനിംഗ് നടത്തി. സ്കാൻ റിപ്പോർട്ട് കണ്ട ഡോക്ടർ ഞെട്ടി. അമ്മയുടെ ഉദരത്തിൽ കുഞ്ഞ് മരിച്ചുകിടക്കുന്നു. വിവരം അറിഞ്ഞ് എല്ലാവരും അസ്വസ്ഥരായി. ഡോക്ടർമാർ മാറി മാറി ഉദരത്തിൽ പരിശോധനകൾ നടത്തി. പക്ഷേ കുഞ്ഞ് നിശ്ചലമായിത്തന്നെ കിടക്കുന്നു. സർവനിയന്ത്രണങ്ങളും വിട്ട ആ അധ്യാപിക

www.malankaralibrary.com

യുടെ സങ്കടക്കരച്ചിലിന്റെ മാറ്റൊലി ആശുപത്രിയെ അക്ഷരാർഥത്തിൽ ദുഃഖസാന്ദ്രമാക്കി. ഈശോ നമ്മുടെ മനമുരുകിയ പ്രാർഥന കേട്ടില്ലേ? പരിശുദ്ധ അമ്മയുടെ, വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ മാധ്യസ്ഥ്യം വെറുതെയായോ? എത്രയോ ദിനരാത്രങ്ങളിലെ പ്രാർഥനകൾ. ഒരു കുഞ്ഞിനെ താലോലിക്കാനുള്ള ഒരമ്മയുടെ അടങ്ങാത്ത ആഗ്രഹം. ഒരു കുഞ്ഞിനെ കുടുംബത്തിന് സ്വന്തമാക്കാനുള്ള കാത്തിരിപ്പെല്ലാം പോയിമറയുകയാണോ? ഹൃദയം പൊട്ടിയ വേദനയോടെ അവർ വാഴ്ത്തപ്പെട്ട ദേവസഹായത്തെ വിളിച്ചു മനമുരുകി പ്രാർഥിച്ചുതുടങ്ങി. തമ്പുരാനെപ്പോലെ കഷ്ടതകൾ സഹിച്ചവനേ, ഈയുള്ളവളുടെ നിലവിളി കേൾക്കണമേ. എപ്പോഴും കൈയിൽ കരുതുമായിരുന്ന ദേവസഹായത്തിന്റെ അത്ഭുതനീരുറവയിൽനിന്നുള്ള വെള്ളം ഈ സ്ത്രീ വിശ്വാസപൂർവം കുടിച്ചുകൊണ്ടിരുന്നു. ഓപ്പറേഷൻ തിയേറ്ററിൽ കൊണ്ടുപോയി ശസ്ത്രക്രിയ നടത്തി കുഞ്ഞിനെ പുറത്തെടുക്കാൻ ഡോക്ടർമാർ തീരുമാനിച്ചു. തിയേറ്ററിൽവച്ച് അമ്മയുടെ ഉദരത്തിൽ ഒരനക്കം. ജീവന്റെ ചെറുതുടിപ്പ്. ഡോക്ടർമാർ പരിശോധിച്ച് ഉറപ്പാക്കി – കുഞ്ഞ് ജീവനോടെയിരിക്കുന്നു! സങ്കടത്തിരകൾ സന്തോഷക്കടലായി. ദൈവത്തിനും വാഴ്ത്തപ്പെട്ട ദേവസഹായത്തിനും ഒരായിരം നന്ദിപറഞ്ഞു. സുഖപ്രസവം അസാധ്യമെന്നു പറഞ്ഞ വൈദ്യശാസ്ത്രത്തെ അത്ഭുതപ്പെടുത്തി ഒരു മാസത്തിനുശേഷം ഒരാൺകുഞ്ഞിന് ആ അധ്യാപിക ജന്മംനൽകി– സാധാരണ പ്രസവം! അവന് ദേവിൻ ജോ എന്ന നാമവും നൽകി. 2013–ൽ പിറന്ന ദേവിൻ ജോയ്ക്ക് ഇപ്പോൾ 9 വയസ്. 5–ാം ക്ലാസിൽ പഠിക്കുന്നു. 4 വയസായ ഒരനുജത്തിയും ഇപ്പോൾ ദേവിൻജോയ്ക്ക് കൂട്ടായുണ്ട്.

■

## ദിവ്യകാരുണ്യ മിഷണറി സന്ന്യാസസമൂഹത്തിന് നവനേതൃത്വം

ദിവ്യകാരുണ്യ മിഷണറി സന്ന്യാസസമൂഹത്തിന്റെ (എം.സി.ബി.എസ്) സുപ്പീരിയർ ജനറലായി **റവ. ഡോ. അഗസ്റ്റിൻ പായിക്കാട്ടി**നെ തിരഞ്ഞെടുത്തു. കല്യാൺ രൂപതാധ്യക്ഷനും എം.സി.ബി.എസ് പൊന്തിഫിക്കൽ ഡലഗേറ്റുമായ മാർ തോമസ് ഇലവനാലിന്റെ അധ്യക്ഷതയിൽ ആലുവയിലെ സഭയുടെ ജനറലേറ്റിൽകൂടിയ ചാപ്റ്ററിലാണ് പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തത്.

ബെംഗളുരു ജീവാലയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫിയിൽ ഡീൻ ഓഫ് സ്റ്റഡീസായി സേവനമനുഷ്ഠിക്കുകയായിരുന്നു ഡോ. അഗസ്റ്റിൻ. തലശ്ശേരി അതിരൂപത കണ്ണൂർ ചെറുപുഴ പുളിങ്ങോം സ്വദേശിയാണ്. റവ. ഡോ. ജോസഫ് കോണിക്കൽ (വികാർ ജനറൽ) റവ. ഡോ സ്കറിയ കുന്നേൽ (യൂക്കരിസ്റ്റ്) റവ. ഡോ. ജോസഫ് പാണ്ടിയപള്ളിൽ (സാമൂഹികം–വിദ്യാഭ്യാസം), ഫാ. തോമസ് പോൾ ഇളയിടത്തുമഠത്തിൽ (ഫിനാൻസ്) എന്നിവരെയും യോഗം തിരഞ്ഞെടുത്തു. പുതിയ സുപ്പീരിയർ ജനറലിനും ജനറൽ കൗൺസിലേഴ്സിനും കാരുണികൻ കുടുംബത്തിന്റെ പ്രാർഥനാശംസകളും അനുമോദനങ്ങളും.



dh. tUm. AK-Ìn³ ]mbn-¡m«v
(സുപ്പീരിയർ ജനറൽ)



dh. tUm. tPmk^v tImWn-¡Â
(വികാർ ജനറൽ)



dh. tUm kvIdnb Ipt¶Â
(യൂക്കരിസ്റ്റിക് കൗൺസിലർ)



dh. tUm. tPmk^v ]m@n-b-]-ÅnÂ
(സാമൂഹിക, വിദ്യാഭ്യാസ കൗൺസിലർ)



^m. tXmakv t]mÄ Cf-bn-S-¯p-a-T-¯nÂ
(ഫിനാൻസ് കൗൺസിലർ)

www.malankaralibrary.com

## വാഴ്ത്തപ്പെട്ട ദേവസഹായത്തിനൊപ്പം 2022 മെയ് 15–ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽവച്ച് ഫ്രാൻസിസ് പാപ്പ വിശുദ്ധഗണത്തിലേക്കുയർത്തുന്ന മറ്റ് ഒൻപത് വാഴ്ത്തപ്പെട്ടവർ



ചാൾസ് ദെ ഫുക്കോൾദ്



സീസർ ദെ ബുസ്



ലൂയി മരിയ പലസ്സോളോ



ജുസ്റ്റീനോ മരിയ റുസോലില്ലോ



മരിയ ഫ്രൻചെസ്ക ദി ജെസു



മരിയ ഡൊമിനിക്ക മന്റോവാനി



ഫാ. ടൈറ്റസ് ബ്രാൻഡ്സ്മ



സിസ്റ്റർ മരിയ റിവിയർ



സിസ്റ്റർ മരിയ ഓഫ് ജീസസ്

www.malankaralibrary.com

# വിശുദ്ധ തച്ചനെ ഉളികൊണ്ട് തെളിച്ച കൊച്ചുതച്ചൻ

ജോസ് ക്ലെമന്റ്
*jacychathiath@gmail.com*

**പേരും പെരുമയും തേടിപ്പോകാത്ത ഒരു ശില്പി തന്റെ നിർമിതിയിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഉളിയിൽ വിരിയിക്കുന്ന മൗനശില്പങ്ങൾക്ക് ഭക്തിയുടെ മിഴിവും കാഴ്ചയുടെ സൗന്ദര്യവും. റാഫേൽ ബിനുവെന്ന യുവശില്പിയുടെ തച്ചുമികവിൽ പിറവികൊണ്ട ശില്പങ്ങൾ 300 പിന്നിടുമ്പോഴും തിരശ്ശീലക്കുപിന്നിലായി വാക്ചാതുര്യം ഒട്ടുമില്ലാത്ത ബിനു ഉളി ചാതുര്യംകൊണ്ട് തിരുസ്വരൂപശില്പങ്ങളുടെ അഗ്രഗണ്യശിൽപിയാകുന്നു. വർത്തമാനകാലത്തിലെ വേറിട്ട ഈ പ്രതിഭ തന്റെ ശിൽപങ്ങളെപോലെ മൗനം പാലിക്കുമ്പോൾ തന്റെ നിർമിതികളിൽ തെളിയുന്ന തേജസ് ശിൽപിയുടെ മുഖത്തും തെളിയുന്നു. മറഞ്ഞിരിക്കുന്ന ഒരു യുവശിൽപിയുടെ മറമാറ്റിയുള്ളൊരു കാഴ്ച.**

അമ്മയുടെ ഉദരത്തിലായിരിക്കുമ്പോഴേ നിന്നെ ഞാൻ രൂപപ്പെടുത്തിയെന്ന തിരുവചനത്തിന്റെ നിഴൽ പതിച്ചൊരു ശില്പിയാണ് മരട് തോമസ്പുരം തെക്കുംപുറത്ത് റാഫേൽ ബിനുവെന്ന 45 കാരൻ ശില്പി. പ്രധാനദൈവദൂതന്മാരിൽ ഒരാളായ റാഫേലിന്റെ നാമം നാല്പത്തഞ്ചുവർഷങ്ങൾക്കുമുമ്പ് ഈ ശിൽപിയുടെ മാതാപിതാക്കൾ നൽകിയപ്പോൾ ഭാവിയിൽ ഇവനൊരു കലാകാരനോ ശിൽപ്പിയോ ആയിത്തീരുമെന്ന് സ്വപ്നത്തിൽ പോലും അവർ വിചാരിച്ചിട്ടുണ്ടാകില്ല. പേരെടുത്ത ഒരു പാചകകുടുംബത്തിലെ സന്താനമെന്നനിലയിൽ രുചിക്കൂട്ടിന്റെ പിന്നാലെയായിരിക്കും ഈ പുത്രന്റെയും ഗമനമെന്ന കണക്കുകൂട്ടലായിരുന്നിരിക്കും രുചിവിഭവങ്ങൾ വച്ചുവിളമ്പുന്ന ആ മാതാപിതാക്കളുടെയും ചിത്തം നിറയെ. മകൻ തച്ചുശാസ്ത്രരംഗത്തേക്കോ ശിൽപകലയുടെ ആഴങ്ങളിലേക്കോ ഇറങ്ങിച്ചെല്ലുമെന്ന് അവർ കരുതിയിട്ടുണ്ടാകില്ല. പക്ഷെ കാലം തെളിച്ചിട്ടത് ദൈവത്തിന്റെ രോഗശാന്തിയെന്നർഥമുള്ള റാഫേൽ എന്ന ഈ നാമധാരി ശിലയിലും മരത്തിലുമൊക്കെ തിരുമുഖങ്ങൾ തെളിച്ചിട്ടപ്പോൾ ഒരു ശാന്തിതീർത്ഥമായി ഒഴുകി കമനീയ ശിൽപങ്ങളുടെ വിഭവമൊരുക്കുന്ന ഒരു കലവറക്കാരനായി മാറുകയായിരുന്നു. അപ്പോഴാണ് വലിയ ലോകത്തെ ഈ ചെറിയ മനുഷ്യന്റെ വലുപ്പവും മാഹാത്മ്യവും ദേശവാസികൾ തിരിച്ചറിയുന്നത്.

വിഖ്യാത ഇറ്റാലിയൻ നവോത്ഥാന കലാകാരനും ശിൽപിയുമായ റഫാല്ലോയുടെ ശിൽപകീർത്തിയെ അനുസ്മരിപ്പിക്കുന്ന ശിൽപങ്ങളാണ് മലയാളിയായ റാഫേൽ ബിനു തന്റെ മൂന്നുപതിറ്റാണ്ടുകാലത്തെ ശിൽപ നിർമിതിയിലൂടെ തീർത്തിട്ടിരിക്കുന്നത്. മുന്നൂറിലേറെ ശിൽപ്പങ്ങൾ ആ കരവിരുതിൽ ജീവസുറ്റതാക്കിത്തീർത്തിട്ടും ഈ ശിൽപ്പിയിൽ 'അഹ'ത്തിന്റെ വേരോട്ടം ഒട്ടുംതന്നെയില്ലെന്നുള്ളതാണ് നമ്മെ അമ്പരപ്പിക്കുന്നത്. തന്റെ ലക്ഷ്യവും സ്വപ്നവും പൂവണിഞ്ഞിട്ടില്ലെന്ന പ്രതികരണമാണ് ശിൽപ്പിയുടെ കണ്ഠങ്ങളിൽനിന്ന് ഇപ്പോഴും ഉയരുന്നത്. ലോകത്ത് ഇന്നുവരെ മരത്തിൽ ആരും തീർത്തിട്ടില്ലാത്ത 50 അടി ഉയരംവരുന്ന ക്രൂശിതരൂപം നിർമിച്ച് ഭാരതത്തിൽ നാട്ടുക എന്നത് റാഫേൽ ബിനുവിന്റെ ചിരകാലാഭിലാഷമാണ്. അതിനുള്ള പ്രായോജക

www.malankaralibrary.com



രെയും സ്ഥാപിക്കുന്നതിനുള്ള സ്ഥലവും തരപ്പെട്ടു കിട്ടിയാൽ അത് ത്യാഗസമർപ്പണത്തോടെ പൂർത്തിയാക്കാനുള്ള ഒരുക്കത്തിലാണ് ബിനു.

## പാചകവീട്ടിലെ ശിൽപി

വരാപ്പുഴ അതിരൂപതയിലെ കണ്ണാടിക്കാട് തോമസ്പുരം ഇടവകയിലെ തെക്കുംപുറത്ത് സെബാസ്റ്റ്യൻ– മേരി ദമ്പതിമാർ ചിരപരിചിതരായ പാചകവിദഗ്ധരായിരുന്നു. കാറ്ററിംഗ് സേവനമേഖല പ്രചാരത്തിലെത്താതിരുന്ന ഒരു കാലഘട്ടത്തിൽ ഏതൊരടിയന്തിരങ്ങൾക്കും ഭവനങ്ങളിലെത്തി സദ്യവട്ടങ്ങൾ ഒരുക്കിയിരുന്ന പാചകദമ്പതികൾ. ജീവിത പ്രാരാബ്ധങ്ങളൊന്നുമറിയിക്കാതെ ഈ പാചകതൊഴിലിലൂടെയാണ് നാലു മക്കളെയും ഇവർ വളർത്തിയത്. എന്നിരുന്നാലും ഇതൊരു സീസൺ സേവനമേഖലയായിരുന്നതിനാൽ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഇവർ നന്നേ ക്ലേശിക്കേണ്ടിവന്നിട്ടുണ്ട്. ബിജു, ബിന്ദു, ബിനു, ബീനമാരിൽ കഥാപുരുഷൻ റാഫേൽ മൂന്നാമനായ ബിനുവായിരുന്നു. സാമ്പത്തിക അടിത്തറ ശോഭനമല്ലാതിരുന്നതിനാൽ ബിനുവിന് 15-ാം വയസ്സിൽ പത്താംതരത്തിൽവച്ച് പഠനം ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസകാലത്ത് ബിനുവിന് കൂടുതൽ താൽപര്യം വരയോടും ശിൽപനിർമാണത്തോടുമായിരുന്നു. സ്കൂൾ കലാമത്സരങ്ങളിൽ ഈ മിടുക്കൻ നിരവധി സമ്മാനങ്ങൾ ചിത്രരചനയിലും ക്ലേമോഡലിംഗിലും നേടിയിട്ടുണ്ട്. സ്വന്തമായി ആർജിച്ചെടുത്ത ആ കഴിവിൽ മാതാപിതാക്കളും സംതൃപ്തരായിരുന്നു. തൈക്കുടം സെന്റ് റാഫേൽ സ്കൂളിലെയും മരട് മാങ്കായിൽ സർക്കാർ ഹൈസ്കൂളിലെയും പഠനകാലയളവിൽ ബിനു തന്റെ പ്രതിഭ തെളിയിച്ചത് അസൂയാർഹമാംവിധമാണ്. വാക്ചാതുരി ഒട്ടും തന്നെ ഇല്ലാതിരുന്ന ശാന്തപ്രകൃതക്കാരനായിരുന്ന ഈ ആവറേജ് വിദ്യാർത്ഥിയിലെ ഒരു ശിൽപിയെ അപ്പൻ സെബാസ്റ്റ്യൻ ചെറുപ്പംമുതലേ നിരീക്ഷിച്ചിരുന്നു. അതിനാൽതന്നെ എസ്.എസ്.എൽ.സിക്കുശേഷം സെബാസ്റ്റ്യൻ തന്റെ സ്നേഹിതൻ ചോറിചേട്ടൻ വഴി കടവന്ത്രയിലെ തങ്കപ്പൻ ആശാന്റെപക്കൽ തച്ചുശില്പാഭ്യാസത്തിനായി മകനെ കൊണ്ടുചെന്നാക്കി.

## ശില്പസപര്യയുടെ ഒരു ദശാബ്ദം

മുപ്പതുവർഷങ്ങൾക്കുമുമ്പുള്ള ഒരു ഈസ്റ്റർ ദിനത്തിന്റെ പിറ്റേദിനം റാഫേൽ ബിനു, തങ്കപ്പൻ ആശാരിക്കു ദക്ഷിണവച്ചു തച്ചുശാസ്ത്രപഠനമാരംഭിച്ചു. 10 വർഷം ബിനുവിന് പൂർണസമർപ്പണത്തിന്റെ കാലമായിരുന്നു. ഉളിയും മനസ്സും ഒരുപോലെ അർപ്പിച്ചുകൊണ്ടാണ് ഒരു ദശാബ്ദകാലം റാഫേൽ തങ്കപ്പനാശാന്റെ കീഴിൽ പരിശീലിച്ചത്. പ്രതിദിനം 10 രൂപ കൂലിയിൽ ശില്പനിർമാണമാരംഭിച്ച ബിനുവിന് കൂലിയേക്കാളുപരി നലംതികഞ്ഞൊരു ശില്പിയാകണമെന്ന മോഹം മാത്രമായിരുന്നു ഉള്ളുനിറയെ. ഇന്നും പ്രതിഫലത്തിലുപരി ആത്മസംതൃപ്തിയാണ് ഈ ശില്പിയുടെ പ്രഥമപരിഗണന.

ഇതിനിടയിൽ തങ്കപ്പൻ ആശാരിയുടെ കൈ ഒടിഞ്ഞത് റാഫേൽ ബിനുവെന്ന ശിഷ്യന് സാധ്യതകൾ തുറന്നുകിട്ടിയവസരമായിരുന്നു. അങ്ങനെ കഠിനപരിശ്രമവും ശിൽപനിർമാണത്തോടുള്ള ആത്മസമർപ്പണവും 25-ാം വയസ്സിൽ റാഫേൽ ബിനുവിന് സ്വന്തമായി ഒരു തൊഴിൽ ശാലയ്ക്ക് രൂപംനൽകാനായി.

## ശില്പിയിലേക്കുള്ള ചുവടുവയ്പ്

മരത്തിൽ ഉളികൊണ്ട് കൊത്തിയുണ്ടാക്കിയ ഗണപതിരൂപത്തിൽനിന്നാണ് റാഫേൽ ബിനു തുടക്കം കുറിക്കുന്നതെങ്കിലും വിശുദ്ധ ജന്മങ്ങളുടെ തിരുസ്വരൂപനിർമാണത്തിലൂടെ സ്വന്തം കരവിരുതിൽ തൃപ്പൂണിത്തുറ വടക്കേകോട്ടവാതിലിലെ കൊച്ചുകണ്ണമാലിയെന്നറിയപ്പെടുന്ന സെന്റ്

www.malankaralibrary.com



***ഇതാ നിന്റെ അമ്മ :***
***അരൂർപള്ളിയിലെ ക്രൂശിതരൂപം***

ജോസഫ് പള്ളിയിലെ വിശുദ്ധ യൗസേപ്പിന്റെ മൂന്നര അടി ഉയരമുള്ള തിരുസ്വരൂപം പൂർത്തിയാക്കിക്കൊണ്ടാണ് ഒരു ശിൽപിയെന്ന നാമത്തിനു റാഫേൽ ബിനു ഉടമയാകുന്നത്. നസ്രത്തിലെ ഈ വിശുദ്ധ തച്ചനെ അനായാസം ഈ കൊച്ചുതച്ചന് രൂപപ്പെടുത്തിയെടുക്കാൻ സാധിച്ചു. അത് തികച്ചും യാദൃശ്ചികമായ ഒരു നിയോഗപൂർത്തീകരണമായിരുന്നുവെന്ന് ബിനു ഓർമിക്കുന്നു. തന്റെ മൂത്തജ്യേഷ്ഠൻ ബിജു ആരംഭിച്ച പാദരക്ഷ ഷോപ്പ് ആശീർവദിക്കാൻ എത്തിയ ഫാ. ജോസഫ് തട്ടാരശ്ശേരി കൂടെയുണ്ടായിരുന്ന നിശബ്ദനായ അനുജനെക്കുറിച്ച് ജ്യേഷ്ഠനോട് തിരക്കിയപ്പോൾ കൊത്തുപണികൾ ചെയ്യുന്നയാളാണെന്ന പരിചയപ്പെടുത്തലാണ് ബിനുവിന്റെ തൊഴിലിടം സന്ദർശിക്കാൻ അച്ചനെ പ്രേരിപ്പിച്ചത്. വർക്ക്ഷോപ്പിൽ കണ്ടെത്തിയ ഏതാനും കൊത്തുവേലകളിൽ സംതൃപ്തനായ അച്ചൻ ഈ കൊച്ചുതച്ചനെ, ഒരു വിശുദ്ധതച്ചനെ രൂപപ്പെടുത്താൻ നിയോഗിച്ചു. തന്റെ പള്ളിയിലേക്ക് വിശുദ്ധ യൗസേപ്പിന്റെ ഒരു പൂർണകായ തിരുസ്വരൂപം നിർമിക്കാൻ ബിനുവിനെ ചുമതലപ്പെടുത്തി. ആ ഒരു തുടക്കം ബിനുവിനു വിശ്രമമില്ലാത്ത ശില്പനിർമാണത്തിലേക്ക് വഴിതുറക്കുകയായിരുന്നു. ആയിടെ നിർമാണം നടന്നുകൊണ്ടിരുന്ന പാലാരിവട്ടം സെന്റ് മാർട്ടിൻ ഡി പോറസ് പള്ളിയുമായി ബിനുവിനെ ബന്ധപ്പെടുത്തുന്നതും തട്ടാരശ്ശേരിയച്ചനായിരുന്നു. നവീന ദൈവാലയത്തിന്റെ അൾത്താര രൂപകൽപന ചെയ്യുന്നതിൽ ബിനു നിയോഗിതനായി. ആദ്യ തിരുസ്വരൂപം തൃപ്പൂണിത്തുറ കൊച്ചുകണ്ണമാലിയിലേതാണെങ്കിൽ ബിനുവിന്റെ ആദ്യ അൾത്താര പാലാരിവട്ടം പള്ളിയുടേതായിരുന്നു.

സ്വന്തം നാട്ടിൽ ഒരു പ്രവാചകനും അംഗീകരിക്കപ്പെടില്ലെന്ന തിരുവചനം റാഫേൽ ബിനുവിലും അന്വർത്ഥമായിരുന്നു. സ്വന്തം ദേശത്തുപോലും അറിയപ്പെടാതിരുന്ന ഈ കൊച്ചാശാരിയെ രണ്ട് നിർമാണങ്ങളിലൂടെതന്നെ ലോകം അറിയപ്പെടാൻ തുടങ്ങി. തോമസ്പുരം തെക്കുംപുറത്ത് റാഫേലിന്റെ കൊച്ചുതച്ചുശാലയിലേക്ക് വിദൂരത്തുനിന്നുപോലും അനേകർ തച്ചനെ തേടിയെത്താൻ തുടങ്ങി. അപ്പോഴാണ് ദേശവാസികൾ ഈ തച്ചന്റെ മഹിമയും സുഗന്ധവും മനസ്സിലാക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വൈദികരും ക്ഷേത്ര ഭാരവാഹികളുമൊക്കെ റാഫേൽ ബിനുവിനെ അന്വേഷിച്ചെത്താൻ തുടങ്ങി. കേരളത്തിലെ 14 ജില്ലകളിലെ ഒട്ടനവധി ആരാധനാലയങ്ങളിൽ ബിനുവിന്റെ കൈയൊപ്പുപതിഞ്ഞ തിരുസ്വരൂപങ്ങളും ശിൽപങ്ങളും അൾത്താരകളുമുണ്ട്. നിരവധി ക്ഷേത്രങ്ങളിലും റാഫേൽ ബിനുവിന്റെ ഉളി പെരുമയുടെ ദൃശ്യവിരുന്നുണ്ട്. സംസ്ഥാനത്തിനുപുറത്തും വിദേശത്ത് അമേരിക്ക, ജർമനി, ഇറ്റലി തുടങ്ങിയിടങ്ങളിലെ ദൈവാലയങ്ങളിലും ബിനുവിന്റെ



***നിങ്ങൾക്കു സമാധാനം:***
***ഇടപ്പള്ളിയിലെ ഉയിർപ്പുരൂപം***

www.malankaralibrary.com

ഉളിയിൽ വിരിഞ്ഞ തിരുശേഷിപ്പുകളുണ്ട്. ഇന്ന് മുന്നൂറിലധികം വിശുദ്ധ രൂപങ്ങളുടെ ശിൽപ്പങ്ങളും ഉത്ഥിതരൂപം ആലേഖിതമാക്കിയിട്ടുള്ള അൾത്താരകളും ബിനുവിന്റെ തച്ചുവൈദഗ്ധ്യത്തിൽ മിഴിവുറ്റു നിൽക്കുന്നുണ്ട്.

ഇടപ്പള്ളി സെന്റ് ജോർജ് ഫൊറോനപള്ളിയിലെ 13 അടി ഉയരമുള്ള ഉത്ഥിതരൂപവും എറണാകുളം ചേരാനല്ലൂർ സെന്റ് ജയിംസ് പള്ളിയിലെ 11 അടി ഉയരത്തിലുള്ള യാക്കോബ് ശ്ലീഹായുടെ തിരുസ്വ



*തലയോലപ്പറമ്പ് പള്ളിയിലെ ഉറങ്ങുന്ന മാതാവ്*

രൂപവും അരൂർ സെന്റ് അഗസ്റ്റിൻ പള്ളിയിലെ അൾത്താരയിൽ സ്ഥാപിച്ചിട്ടുള്ള പാർശ്വംപാളിക്കൊത്ത് ക്രൂശിതരൂപം, കുണ്ടന്നൂർ ലിറ്റിൽഫ്ളവർ പള്ളിയിലെ ആറര അടി നീളമുള്ള പാസ്ക് (ശവമഞ്ചത്തിൽ കിടക്കുന്ന ക്രിസ്തുരൂപം) രൂപവും തലയോലപ്പറമ്പ് സെന്റ് ജോർജ് പള്ളിയിലെ അഞ്ചരഅടിയിലുള്ള ഉറങ്ങിക്കിടക്കുന്ന ദൈവമാതാവിന്റെ ശിൽപ്പവും റാഫേൽ ബിനുവിന്റെ ശിൽപവൈദഗ്ധ്യത്തിന്റെ അടയാളപ്പെടുത്തലുകളാണ്. ഇറ്റലിയിൽ മാത്രമാണ് ഉറങ്ങുന്ന ദൈവമാതാവിന്റെ ശിൽപം നിലവിലുണ്ടായിരുന്നുള്ളൂ. വിഖ്യാതശിൽപിമാർ നിർമിച്ച ആ അത്ഭുതശിൽപ്പത്തെ വെല്ലുംവിധമാണ് റാഫേൽ ബിനു തന്റെ ഉളികരുത്തിൽ വർണഭമാക്കിത്തീർത്തത്. ഏറ്റവും ഒടുവിൽ കാക്കനാട് ചെമ്പുമുക്ക് സെന്റ് മൈക്കിൾസ് നവീന ദൈവാലയത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള കുരിശിന്റെ വഴിയുടെ 14 ശിൽപങ്ങളും വേളാങ്കണ്ണി മാതാവിന്റെ തിരുചിത്രവും മരത്തടിയിൽ സുഭഗസുന്ദരമാക്കിയിരിക്കുന്നത് റാഫേൽ ബിനുവാണ്.

## ഉളിയിൽ തെളിയുന്ന മൗനരൂപങ്ങൾ

ഓരോ നിർമിതിയും റാഫേൽ ബിനുവിനെ തേടിയെത്തുമ്പോൾ ആ തിരുച്ചിത്രത്തെ ധ്യാനാത്മകമായി ബിനു തന്റെ ഭാവനയിൽ കൊണ്ടുവരികയും അത് മനസ്സിൽ ആഴപ്പെടുത്തി അതിന് ദൃശ്യപ്പെരുമ തീർക്കുകയാണ് ഈ ശിൽപ്പിയുടെ രീതി. തിരുസ്വരൂപങ്ങൾ കൊത്തിയെടുക്കുന്നതിന് കുമ്പിൾത്തടിയാണ് നല്ലതെന്ന് ഈ ശിൽപി വെളിപ്പെടുത്തുന്നു. അൾത്താരകൾക്കും അനുബന്ധ ശിൽപ്പങ്ങൾക്കുമൊക്കെ ഈട്ടി, തേക്ക്, ചന്ദനം തുടങ്ങിയ മരങ്ങളും ഉപയോഗിക്കുന്നുണ്ട്.

തന്റെ മനതാരിൽ വിശുദ്ധ രൂപങ്ങൾ തെളിയുമ്പോൾ ഉള്ളുനിറക്കുന്ന ഒട്ടേറെ അനുഭവങ്ങളുമുണ്ടെന്ന് ബിനു വ്യക്തമാക്കുന്നു. ഓരോ വിശുദ്ധ നിർമിതിയും സാക്ഷാത്കരിക്കപ്പെട്ടുകഴിയുമ്പോൾ അതിൽ ദിവ്യതേജസ് ദർശിക്കുന്ന വിശ്വാസികൾ, ഏറിയകൂറും പ്രായമായ അമ്മച്ചിമാരും മുത്തശ്ശിമാരും തന്റെ കരങ്ങളെ ചേർത്തുപിടിച്ച്, ആ തിരുസ്വരൂപം കൊത്തിയെടുത്ത കരങ്ങളല്ലേ ഇതെന്നുപറഞ്ഞ് അഭിനന്ദിക്കുമ്പോൾ അവരുടെ കണ്ണുകളിൽ നിറയുന്ന സന്തോഷം തനിക്കു ലഭിക്കുന്ന വലിയ അംഗീകാരമാണെന്ന് ഈ യുവശിൽപ്പി വികാരത്തോടെ പങ്കുവയ്ക്കുന്നു.

ഒരു ശിൽപനിർമിതിക്കായി ബിനു നിയോഗിതനായിക്കഴിഞ്ഞാൽ പിന്നീട് അതേക്കുറിച്ച് ആഴമായി പഠിക്കുകയും മറ്റു ബാഹ്യഇടപെടലുകളിൽ നിന്നൊഴിഞ്ഞ് ഏറ്റവും മികവോടെ അതിന്റെ പൂർത്തീകരണത്തിനായി ശ്രമിക്കും. അതിനാൽ ശിൽപ്പത്തിന്റെ പൂർണതയിൽ സൃഷ്ടികർത്താവിനൊപ്പം അതിന്റെ സ്വീകർത്താക്കൾക്കും സംതൃപ്തി ലഭിക്കുന്നു.

തിരുസ്വരൂപങ്ങൾക്കുപുറമേ കേരളത്തിലെ ഒട്ടനവധി ക്ഷേത്രങ്ങളുടെ കൊത്തുവേലകളും പ്രതിമാനിർമാണങ്ങളും ബിനു പൂർത്തീകരിച്ചിട്ടുണ്ട്. സാമൂഹിക, രാഷ്ട്രീയ, നവോത്ഥാന നായകരുടെ പൂർണകായവും അർധകായകവുമായ പ്രതിമകൾക്കും ഈ ശിൽപി നിർമാണം നിർവഹിച്ചിട്ടുണ്ട്.

പുതിയതലമുറ ശിൽപനിർമാണത്തിനായി മുന്നോട്ടുവരുന്നില്ലെന്ന പരാതിയും പരിഭവവും ഈ ശിൽപിക്കുണ്ട്. കാരണം, ഇതു പഠിക്കാനും ഹൃദിസ്ഥമാക്കാനും ബുദ്ധിമുട്ടേറെയാണ്. ബുദ്ധിമുട്ടാനുള്ള മനസ്സ് ഇന്ന് അന്യംനിന്നുകൊണ്ടിരിക്കുകയാണ്. ഒരു ഉളി തേച്ചുമിനുക്കിയെടുക്കാൻതന്നെ

www.malankaralibrary.com

ഒരാഴ്ചത്തെ പരിശ്രമ പരിശീലനംവേണം. മരത്തിലാണെങ്കിലും ശിലയിലാണെങ്കിലും ഉളിയും ചുറ്റികയും ഒരു സമർപ്പണ മനോഭാവത്തോടെ ഉപയോഗിക്കാനുള്ള മനസാന്നിധ്യവും ഹൃദയവിശാലതയും അനിവാര്യമാണ്. അതിനാരും ഇന്ന് സന്നദ്ധരല്ല. എളുപ്പവഴിയിൽ സമ്പന്നരും പ്രശസ്തരുമാകാവുന്ന വഴിതേടുന്നവരാണധികംപേരും.

## അംഗീകാരങ്ങൾ

മുപ്പതുവർഷത്തെ നിർമിതി ജീവിതത്തിൽ ഒരിക്കൽപോലും അംഗീകാരങ്ങൾക്കായി റാഫേൽ ബിനു ശ്രമിച്ചിട്ടില്ല. സമ്മർദ്ദങ്ങൾകൊണ്ടുമാത്രം ഒരുതവണ മതസൗഹാർദത്തിന്റെ ഒരു ശിൽപംതീർത്ത് 2006-ൽ ദേശീയ അവാർഡിനായി ഡൽഹിയിൽ പ്രദർശിപ്പിക്കുകയുണ്ടായി. അത് സ്വന്തം ഇഷ്ടപ്രകാരമല്ല. ഉന്നതതല ഇടപെടലുകൾകൊണ്ടുമാത്രമായിരുന്നു. ആദ്യസ്ഥാനത്തുനിന്ന് തലനാരിഴയ്ക്കെന്നോണം വഴിമാറിപ്പോകുകയും ചെയ്തു. അംഗീകാരങ്ങൾ ബിനു അറിയാതെതന്നെ തേടിയെത്തുകയായിരുന്നു. കെ.സി.ബി.സി യുവപ്രതിഭാ അവാർഡ്, സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് കേരള അവാർഡ്, കേരളകൗമുദി മാധ്യമ അവാർഡ് തുടങ്ങിയ ചെറുതും വലുതുമായ ഒട്ടനവധി പുരസ്കാരങ്ങൾ ഈ പ്രതിഭയെ തേടിയെത്തിയിട്ടുണ്ട്. അവാർഡുകളേക്കാളും അംഗീകാരങ്ങളേക്കാളും ഈ ശിൽപ്പിയെ സംതൃപ്തനാക്കുന്നത് ജനങ്ങളുടെ മനസ്സംഗീകാരമാണ്. ഇടപ്പള്ളി സെന്റ് ജോർജ് പള്ളിയിലെയും അരൂർ സെന്റ് അഗസ്റ്റിൻ പള്ളിയിലെയും ഭീമാകാരമായ അൾത്താര തിരുസ്വരൂപങ്ങളാണ് തന്റെ നിർമിതി ജീവിതത്തിൽ ഏറ്റവും കൂടുതൽ ആത്മസംതൃപ്തി നൽകിയിട്ടുള്ളതെന്ന് നിഷ്കളങ്കതയോടെ ഈ ശിൽപി തുറന്നു പറയുന്നു.

സിമന്റ്, ഇരുമ്പ് മിശ്രിതങ്ങളിൽ ലോകത്ത് വിഖ്യാതമായ ശിൽപ്പങ്ങളുണ്ടാക്കിയിട്ടുണ്ട്. എന്നാൽ മരത്തിൽ തീർത്ത ഒരു ഭീമാകാരശിൽപം നാളിതുവരെ ആരും നിർമിച്ചിട്ടില്ല. അത് ക്രിസ്തുവിന്റെ രൂപം തന്നെ മരത്തിൽ പൂർണമായും കൊത്തിയെടുത്ത് നിർമിക്കാനുള്ള ആവേശത്തിലാണ് റാഫേൽ ബിനു. ഓരോ ശിൽപങ്ങളുടെയും നിർമാണപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും സഹകരണവുമായി ഭാര്യ ബ്ലെസിയും വിദ്യാർത്ഥികളായ മക്കൾ അഞ്ജലിയും ആൽവിനും ഈ ശിൽപ്പിക്കൊപ്പമുണ്ട്. റാഫേൽ ബിനുവിന്റെ ഉളിമൂർച്ചയിൽ തെളിയുന്നത് ഭക്തിയുടെയും ത്യാഗത്തിന്റെയും കാവ്യശിൽപങ്ങളാണ്. അവ കാലാതിവർത്തിയായി നിലനില്ക്കും വിധം പൂർത്തീകരിക്കാൻ ഈ ശിൽപി പരിശ്രമിക്കുമ്പോൾ മാനവഹൃദയങ്ങളിൽ തലമുറകൾതോറും കാലാതിവർത്തിയായി ഈ ശിൽപിയും ജീവിക്കും. ■

ബിനുവിനെ തേടിയെത്തിയ അംഗീകാരകാഴ്ചകൾ









malankaralibrary.com



# വിമലഹൃദയ ഫ്രാൻസിസ്കൻ സന്ന്യാസിനി സമൂഹം പ്ലാറ്റിനം ജൂബിലി തിളക്കത്തിൽ

**പോണ്ടിച്ചേരി ആസ്ഥാനമാക്കി 1844-ൽ ദൈവദാസൻ ലൂയിസ് സവീനിയൻ ദുപ്പൂയി പിതാവ് സ്ഥാപിച്ച സഭയാണ് വിമലഹൃദയ ഫ്രാൻസിസ്കൻ സന്ന്യാസിനീ സമൂഹം. 1947-ൽ ഈ സഭയിൽനിന്ന് ഒരു സ്വതന്ത്ര സന്ന്യാസിനി സമൂഹമായി രൂപംകൊണ്ട കൊല്ലം വിമലഹൃദയ ഫ്രാൻസിസ്കൻ സഭ പ്ലാറ്റിനം ജൂബിലിയുടെ നിറവിലാണ്. *'ലാ ലുമിയേർ 2022'* എന്ന പേരിൽ വിവിധ കർമപരിപാടികളോടെ ഒരു വർഷം നീണ്ടുനിന്ന ജൂബിലി ആഘോഷങ്ങൾ സമാപിക്കുമ്പോൾ ഒരു തിരനോട്ടം.**



**മദർ റെക്സിയ മേരി FIH**
*സുപ്പീരിയർ ജനറൽ, FIH, കൊല്ലം*

ഫ്രഞ്ച് മിഷണറി ഫാ. ലൂയിസ് സവീനിയൻ ദുപ്പൂയി തന്റെ പ്രേഷിതപ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തത് ഇന്ത്യയായിരുന്നു. 1832 ജൂലൈ നാലിന് അദ്ദേഹം പോണ്ടിച്ചേരിയിലെത്തി. അന്ധവിശ്വാസവും മന്ത്രവാദവും പുരുഷാധിപത്യവും നിലനിന്നിരുന്ന കാലം. തന്റെ പ്രവർത്തനമേഖലയിലെ സ്ത്രീസമൂഹത്തിന്റെ യാതനകൾ അദ്ദേഹത്തെ സങ്കടപ്പെടുത്തി. സ്ത്രീകൾ വിദ്യ അഭ്യസിക്കുന്നത് പാപമാണെന്നു ധരിച്ചിരുന്ന ഒരു സമൂഹമായിരുന്നു അവിടെ ഉണ്ടായിരുന്നത്. സമൂഹത്തെ മുന്നോട്ടുനയിക്കാൻ സ്ത്രീകൾ വിദ്യാഭ്യാസം ചെയ്തേ മതിയാകൂ എന്ന് ഫാ. ദുപ്പൂയി മനസ്സിലാക്കി. 1844-ൽ ബിഷപ് ബൊണ്ണാഡ് പോണ്ടിച്ചേരി രൂപതയുടെ അധ്യക്ഷനായതിനെ തുടർന്ന് വിളിച്ചു ചേർത്ത പ്രഥമ സിനഡിൽ സമഗ്രമായ സമൂഹവികാസത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് അദ്ദേഹം വ്യക്തമാക്കി: "സ്ത്രീകൾ വിദ്യാസമ്പന്നരാണെങ്കിൽ കുടുംബാന്തരീക്ഷം സംശുദ്ധമാകും; കുട്ടികൾ സന്മാർഗനിഷ്ഠയിൽ വളർത്തപ്പെടും; സമുദായ നിലവാരം ഉയരും; സമൂഹങ്ങൾ ഒന്നുചേർന്ന് രാജ്യം മുഴുവൻ വളർച്ചയുടെ പടവുകളിലൂടെ മുന്നോട്ടുപോകും." ഒരു തദ്ദേശീയ സന്ന്യാസിനി സമൂഹത്തിനുമാത്രമേ ഇത് സാധ്യമാകൂവെന്ന വസ്തുത അദ്ദേഹം ചൂണ്ടിക്കാട്ടി. ഫാ. ദുപ്പൂയിയുടെ അഭിപ്രായം അംഗീകരിച്ച സിനഡ് ഒരു തദ്ദേശീയ സന്ന്യാസിനി സമൂഹം സ്ഥാപിക്കാനുള്ള ഉത്തരവാദിത്വം ഫാ. ദുപ്പൂയിയെതന്നെ ഏൽപ്പിച്ചു. ഏഷ്യയിൽ ആദ്യമായി തദ്ദേശീയരായ സന്ന്യാസിനിമാരാൽ തുടങ്ങിയ ഈ സമൂഹം, ഭാരതസഭാചരിത്രത്തിൽ ഒരു നവീനതയ്ക്ക് തുടക്കം കുറിച്ചു. ഫാ. ദുപ്പൂയിയുടെ പ്രവർത്തനഫലമായി 1844 ഒക്ടോബർ 16-ന് പരിശുദ്ധ മാതാവിന്റെ വിമലഹൃദയ നാമധേയത്തിൽ ഒരു സന്ന്യാസിനി സമൂഹം പോണ്ടിച്ചേരിയിൽ രൂപംകൊണ്ടു.

"അഭ്യസ്തവിദ്യയായ സ്ത്രീ, കുടുംബത്തിന്റെ വിളക്ക്" എന്ന സ്ഥാപകന്റെ ആപ്തവാക്യം ശിരസാവഹിച്ചുകൊണ്ട് സന്ന്യാസിനിമാർ പെൺകുട്ടികളുടെ നന്മയ്ക്കുവേണ്ടി രാപകൽ അധ്വാനിച്ചു. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ഭക്തനായിരുന്നു ദുപ്പൂയി അച്ചൻ. ആ വിശുദ്ധന്റെ ദാരിദ്ര്യാരൂപിയും എളിമയും ദൈവസ്നേഹവും തന്റെ മക്കളിലും വളർത്തിയെടുക്കാൻ ഫ്രാൻസിസ്കൻ നിയമാവലി പഠിക്കുകയും 1859 ഫെബ്രുവരി 23-ന് മൂന്നാം സഭയുടെ നിയമാവലി വിമലഹൃദയ സന്ന്യാസിനി സഭയ്ക്കുവേണ്ടി സ്വീകരിക്കുകയും ചെയ്തു. അന്നുമുതൽ ഈ സമൂഹം *കോൺഗ്രിഗേഷൻ ഓഫ് ദ്*

www.malankaralibrary.com




*ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് ദി ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി* (എഫ്ഐഎച്ച്) എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

വർത്തമാനകാല ജീവിതത്തിൽ സ്ത്രീശക്തീകരണം എന്ന ആശയം ഉയർന്നു കേൾക്കാറുണ്ട്. എന്നാൽ വർഷങ്ങൾക്കുമുമ്പ് സ്ത്രീവിദ്യാഭ്യാസം, സ്ത്രീശക്തീകരണം എന്നീ ആശയങ്ങളിലധിഷ്ഠിതമായി ഒരു സന്ന്യാസിനി സഭ ആരംഭിച്ച ദുപ്പൂയി അച്ചന്റെ ദീർഘവീക്ഷണവും നേതൃപാടവവും ശ്രദ്ധേയമാണ്.

1874 ജൂൺ നാലിന് അച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി. 2016 ഏപ്രിൽ നാലിന് തിരുസഭ അദ്ദേഹത്തെ ദൈവദാസ പദവിയിലേക്ക് ഉയർത്തി. സന്ന്യാസിനി സമൂഹത്തിന്റെ പ്രവർത്തനങ്ങൾ പോണ്ടിച്ചേരിയുടെ സാംസ്കാരിക, സാമൂഹിക, ആധ്യാത്മിക മണ്ഡലങ്ങളിൽ അന്യാദൃശമായ മാറ്റങ്ങൾ ഉളവാക്കി സമൂഹം മുന്നേറി. ദൈവദാസൻ ലക്ഷ്യമിട്ടതുപോലെ അഭ്യസ്തവിദ്യരായ സ്ത്രീകൾ ഭവനത്തിന്റെയും സമൂഹത്തിന്റെയും കെടാവിളക്കായി മാറി. കുടുംബത്തിലും സമൂഹത്തിലും അഭൂതപൂർവമായ മാറ്റങ്ങൾ വരുത്താൻ അവർക്കു കഴിഞ്ഞു.

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും കുടുംബനവീകരണത്തിനും സ്ത്രീശക്തീകരണത്തിനും അവർ ചെയ്ത പ്രവർത്തനങ്ങൾ നേരിൽ കണ്ടറിഞ്ഞ അന്നത്തെ കൊല്ലം ബിഷപ് ദൈവദാസൻ അലോഷ്യസ് മരിയ ബൻസിഗർ തന്റെ രൂപതയിലും ഈ സിസ്റ്റേഴ്സിന്റെ സേവനം ലഭിക്കണമെന്ന് ആഗ്രഹിച്ചു. പോണ്ടിച്ചേരി അതിരൂപതയിലെ വികാരി അപ്പസ്തോലിക് അഭിവന്ദ്യ ക്ലമന്റ് ബൊണ്ണാഡിന്റെ അനുവാദത്തോടെ കാഞ്ഞിരക്കോടുനിന്ന് നാലു പെൺകുട്ടികളെ പോണ്ടിച്ചേരിയിലെത്തിച്ച് സന്ന്യാസപരിശീലനം നടത്തി.

## സെന്റ് മാർഗ്രറ്റ്സ് കോൺവന്റ്

ബൻസിഗർ പിതാവിന്റെ പ്രയത്നഫലമായി 1907 ജൂലൈ 26-ന് വിമലഹൃദയ സന്ന്യാസിനി സഭയുടെ കേരളക്കരയിലെ ആദ്യഭവനം സെന്റ് മാർഗ്രറ്റ്സ് കോൺവന്റ് കൊല്ലം രൂപതയിലെ കാഞ്ഞിരക്കോട് ഇടവകയിൽ സ്ഥാപിതമായി. 1907 ജൂലൈ 25-ന് ട്രെയിൻമാർഗം കുണ്ടറ റെയിൽവേ സ്റ്റേഷനിൽ നാലു സന്ന്യാസിനിമാർ വന്നിറങ്ങി. കൊല്ലം രൂപതയിലെ അന്നത്തെ സെക്രട്ടറി ഫാ. ഫ്രാൻസിസ് പെരേരയുടെയും കാഞ്ഞിരക്കോട് ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ കൺസെപ്ഷന്റെയും നേതൃത്വത്തിൽ കാഞ്ഞിരക്കോട് ഇടവകയിലെ ജനങ്ങൾ ആനന്ദാതിരേകത്തോടെ താളമേളങ്ങളോടെയും ഇരുളകറ്റാൻ പന്തംകൊളുത്തിപിടിച്ചും അവരെ സ്വീകരിച്ച് കാഞ്ഞിരകോട് അവർക്കായി ഒരുക്കിയിരുന്ന ചെറിയ കെട്ടിടത്തിലേക്ക് ആനയിച്ചു.

ഫ്രാൻസിലെ ഒരു മിഷണറിയുടെ ഹൃദയത്തിൽ തളിരിട്ട് പരിശുദ്ധ മാതാവിന്റെ വിമലഹൃദയത്തിൽ പിറവികൊണ്ട് വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ദർശനങ്ങളാൽ ഉദ്ദീപ്തമായി കർമ്മമണ്ഡലങ്ങളിലെല്ലാം നക്ഷത്രമുദ്രകൾ ചാർത്തി നിരന്തരം പ്രവർത്തനനിരതമായി മുന്നോട്ടുനീങ്ങിയ സമൂഹം കൊല്ലം രൂപതയിൽ എത്തിച്ചേർന്നത് യാദൃശ്ചികമായിരുന്നില്ല. ദൈവത്തിന്റെ ഒരു വലിയ പദ്ധതിയുടെ ഭാഗമായിരുന്നു അതെന്ന് ഉറപ്പിച്ചുപറയാൻ സാധിക്കും. പിൽക്കാലത്ത് ഒരു കാലഘട്ടത്തിന്റെ അടയാളപ്പെടുത്തലായി ആ സംഭവം മാറുമെന്ന് അവർ ആരുംതന്നെ ഓർത്തിട്ടുണ്ടാവില്ല.

www.malankaralibrary.com

വിമലഹൃദയ സന്ന്യാസിനീ സമൂഹത്തിന് കൊല്ലം രൂപതയിൽ വിസ്മയകരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയുമെന്ന ബൻസിഗർ പിതാവിന്റെ ഉൾക്കാഴ്ചകൾക്ക് ഒട്ടും മങ്ങലേറ്റില്ല. പത്തരമാറ്റ് ശോഭയോടുകൂടി കൊല്ലംരൂപതയുടെ പ്രയാണത്തെ വിമലഹൃദയ സന്ന്യാസിനി സമൂഹത്തിന്റെ പ്രവർത്തനങ്ങൾ ജ്വലിപ്പിച്ചുണർത്തി.

## പൊന്തിഫിക്കൽ പദവിയിലേക്ക്

വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹിക സേവനം എന്നീ മേഖലകളിൽ നിസ്തുലസേവനം കാഴ്ചവച്ചുകൊണ്ട് കുണ്ടറ കാഞ്ഞിരകോട് ഇടവകയിൽ പ്രവർത്തനമാരംഭിച്ച എഫ്.ഐ.എച്ച് സന്ന്യാസസമൂഹം 1947 മാർച്ച് 17-ന് സ്വതന്ത്രസന്ന്യാസിനി സമൂഹമായി മാറി. 1997 ഒക്ടോബർ 24-ന് സഭയ്ക്ക് പൊന്തിഫിക്കൽ പദവിലഭിച്ചു. വിമലഹൃദയ സഭ ഇന്ന് മൂന്നു പ്രൊവിൻസുകളിലായി ഇന്ത്യയിലെ 12 സംസ്ഥാനങ്ങളിലും ഇറ്റലി, ജർമ്മനി, അമേരിക്ക എന്നിവിടങ്ങളിൽ 11 ഇടവകകളിലുമായി ശുശ്രൂഷ തുടരുന്നു. 79 കോൺവന്റുകളിലായി 600-ൽപ്പരം സഹോദരിമാർ ഏകമനസ്സോടെ തങ്ങളുടെ വിളിക്കുചേർന്ന വിശ്വസ്തതയോടെ, ആധ്യാത്മിക വിശുദ്ധിയിൽ അടിയുറച്ച് സേവനപ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു.

ബൻസിഗർ പിതാവിനുശേഷം കൊല്ലം രൂപതാധ്യക്ഷനായത് കാലത്തിന്റെ കർമയോഗി എന്നു വിശേഷിപ്പിക്കാവുന്ന ദൈവദാസൻ ബിഷപ് ജറോം എം. ഫെർണാണ്ടസായിരുന്നു. അനിതരസാധാരണമായ വാത്സല്യത്തോടുകൂടെയാണ് പിതാവ് വിമലഹൃദയ സഭയെ നോക്കിക്കണ്ടത്. വിമലഹൃദയ സഭയുടെ പ്രവർത്തനങ്ങൾ കൊല്ലം രൂപതയ്ക്കും ദേശത്തിനും കഴിയുന്നിടത്തോളം ഉപകാരപ്രദമായി പ്രയോജനപ്പെടുത്തണം എന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനായി കൊല്ലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സന്ന്യാസിനി സമൂഹത്തെ മാതൃസഭയിൽ നിന്നു വേർപെടുത്തി ഒരു സ്വതന്ത്രസഭയായി രൂപപ്പെടുത്തുക എന്ന ആശയത്തിലധിഷ്ഠിതമായി അദ്ദേഹം മുന്നോട്ടുപോയി. ജറോം പിതാവ് ഈ ആശയം പ്രാവർത്തികമാക്കുകയും ചെയ്തു. 1947 മാർച്ച് ഏഴിന് കേരളത്തിൽ അന്ന് നിലവിലുണ്ടായിരുന്ന അഞ്ചു കോൺവെന്റുകൾ (സെന്റ് മാർഗ്രറ്റ്സ് കോൺവന്റ് കാഞ്ഞിരകോട്, സെന്റ് മേരീസ് കോൺവന്റ് കുമ്പളം, സെന്റ് മേരീസ് കോൺവന്റ് പോർട്ട് കൊല്ലം, ക്രൈസ്റ്റ് ദ് കിങ് കോൺവന്റ് പുനലൂർ, സെന്റ് ജോസഫ്സ് കോൺവന്റ് മധുരവേലി, കോട്ടയം) ഒന്നിച്ചുചേർത്ത് കോൺഗ്രിഗേഷൻ ഓഫ് ദ് ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് ദി ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി (എഫ്ഐഎച്ച്) ക്വയിലോൺ എന്ന പേരിൽ ഒരു സ്വതന്ത്രസന്ന്യാസ സമൂഹത്തിന് രൂപം നൽകി.


വിമലഹൃദയസമൂഹം കൊല്ലത്തിന്റെ സാംസ്കാരിക ഭൂമികയിൽ അനന്തകാലങ്ങളിലേക്ക് പ്രകാശം പരത്തുന്ന വിജ്ഞാനദീപനാളങ്ങൾ കൊളുത്തിവച്ചു. വിദ്യ അഭ്യസിപ്പിക്കുന്നതിനോടൊപ്പം ഈശ്വരവിശ്വാസത്തിലും ധാർമികതയിലും വ്യക്തിത്വരൂപീകരണത്തിലും ശ്രദ്ധകേന്ദ്രീകരിച്ച് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം പകർന്നുനൽകുന്നതിൽ വിമലഹൃദയ സഹോദരിമാർക്കും എഫ്.ഐ.എച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും കഴിഞ്ഞു. വിദ്യാഭ്യാസമേഖലയിൽ ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ, സ്റ്റേറ്റ് ബോഡുകളിലായി കേരളത്തിലും പുറത്തുമായി 27 പ്രീ പ്രൈമറി സ്കൂളുകളും 17 ഹൈസ്കൂളുകളും ഏഴ് ഹയർ സെക്കന്ററി സ്കൂളുകളും ഒരു സ്പെഷൽ സ്കൂളുമുണ്ട്. കൂടാതെ കൊല്ലം രൂപതയിൽ പ്രവർത്തിക്കുന്ന പട്ടത്താനം വിമലഹൃദയ ഗേൾസ് എച്ച്.എസ്സ്.എസ്സ്, കാഞ്ഞിരകോട് സെന്റ് മാർഗ്രറ്റ്സ് ഗേൾസ് എച്ച്.എസ്, കണ്ടച്ചിറ സെന്റ് ആന്റണീസ് യു.പി എസ്, കൊട്ടിയം നിത്യസഹായ മാതാ ഗേൾസ് എച്ച്. എസ്. എന്നീ സ്കൂളുകളുടെ അഭൂതപൂർവമായ വളർച്ചയിലും വിമലഹൃദയസഹോദരിമാരുടെ നിതാന്തപരിശ്രമങ്ങളുടെ കൈയൊപ്പ് പതിഞ്ഞു കിടക്കുന്നു.

## സ്പെഷൽ സ്കൂളുകളും ആതുരസേവനവും

ബുദ്ധിപരിമിതരായ കുട്ടികളുടെയും അവകാശമാണ് വിദ്യാഭ്യാസമെന്ന ബോധ്യത്തിൽനിന്ന് 1995-ൽ സ്പെഷൽ സ്കൂൾ ആരംഭിച്ചു. വിദേശത്തുനിന്നു പരിശീലനം സിദ്ധിച്ച സിസ്റ്റേഴ്സിന്റെയും അധ്യാപകരുടെയും ശ്രദ്ധയിൽ 106 കുട്ടികൾ സാധാരണ പഠനത്തിനും പരിശീലനത്തിനുമപ്പുറം ആഗോളതലത്തിൽ ഒളിമ്പിക്സ്, ഗെയിംസ് മത്സര പരീക്ഷകൾ തുടങ്ങി ഉത്പാദന വിപണനശാലകളിലും വ്യവ സായശാലകളിലുംവരെ പ്രവർത്തിക്കാൻ പ്രാപ്തരായിരിക്കുന്നു.

വിദ്യാഭ്യാസമോ വ്യക്തിശുചിത്വമോ സ്പർശിച്ചിട്ടില്ലാത്ത കുഗ്രാമങ്ങളിൽ ഡിസ്പെൻസറികൾ ആരംഭിച്ച് ശുചിത്വം, ആരോഗ്യപരിപാലനം എന്നീ

www.malankaralibrary.com



ബിഷപ് അലോഷ്യസ്
മരിയ ബെൻസിഗർ



ബിഷപ് ജെറോം എം
ഫെർണാണ്ടസ്

വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകളും സൗഖ്യദായകനായ യേശുവിന്റെ സ്നേഹവും കരുതലും നൽകി ജാതി മത വർഗ വർണ വ്യത്യാസമില്ലാതെ ആരോഗ്യപ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. വിവിധ സംസ്ഥാനങ്ങളിലായി 13 ആരോഗ്യസംരക്ഷണകേന്ദ്രങ്ങളും രണ്ട് ഗവൺമെന്റ് അംഗീകൃത എ.എൻ.എം, ജി.എൻ.എം നഴ്സിംഗ് സ്കൂളുകളുമുണ്ട്. ഇന്ത്യയ്ക്കു പുറത്ത് 12 സ്ഥാപനങ്ങളിൽ വിമലഹൃദയ സന്ന്യാസിനിമാർ ആതുരശുശ്രൂഷാരംഗത്ത് കർമനിരതരാണ്. ചികിത്സയ്ക്കപ്പുറം രോഗം വേരോടെ നിർമാർജനം ചെയ്യുക എന്ന ലോകാരോഗ്യ സംഘടനയുടെ ദൗത്യത്തോടു ചേർന്നുനിന്ന് വിവിധതരം ക്ലിനിക്കുകൾ, നിർദ്ദനരായ രോഗികൾക്ക് സൗജന്യചികിത്സ എന്നിവ ഏറെ ശ്രദ്ധയോടെ നിർവഹിക്കുന്നു.

## തണലിടങ്ങൾ

മക്കളാൽ ഉപേക്ഷിക്കപ്പെടുന്ന, ജീവിതപങ്കാളിയുടെ കാലശേഷം ഒറ്റപ്പെട്ടുപോകുന്ന അമ്മ മനസ്സുകളുടെ സ്നേഹതീരമായ മൂന്ന് വൃദ്ധഭവനങ്ങൾ വിമലഹൃദയ സഭയ്ക്ക് കേരളത്തിലുണ്ട്. കേരളത്തിലും മറ്റുസംസ്ഥാനങ്ങളിലുമായി 11 ബാലികാഭവനങ്ങളിൽ ആയിരത്തോളം പെൺകുട്ടികൾ സനാഥരായി പഠനം തുടരുന്നു. അവിവാഹിതരായ അമ്മമാരിൽ നിന്നും അബോർഷനിലൂടെ 'വേണ്ട' എന്നു തീരുമാനിച്ചവരിൽനിന്നും പാടത്തും റബ്ബർതോട്ടത്തിലും ആശുപത്രികളുടെ കുപ്പക്കൂനയിലും ഉറുമ്പരിച്ചും അവശനിലയിലും കണ്ടെത്തിയവരുമായ 50ൽപരം കുഞ്ഞുങ്ങൾക്ക് സ്നേഹവും വാത്സല്യവും കരുതലും നൽകി വളർത്തുന്നു. ജീവിതവിശുദ്ധിയിലൂടെ പെൺകുട്ടികളെ വളർത്തിയെടുക്കുക എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി കേരളത്തിലും ഇതരസംസ്ഥാനങ്ങളിലുമായി വിമലഹൃദയ സഭയുടെ കീഴിൽ പെൺകുട്ടികൾക്കായി ആറു ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. പെൺകുട്ടികൾ സ്വയം പര്യാപ്തരായി ഭവനങ്ങൾക്ക് കൈത്താങ്ങാവണം എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ കർമപദ്ധതിയാണ് സ്റ്റെബിലൈസർ യൂണിറ്റുകൾ, വാട്ടർ ഹീറ്റർ അസംബ്ലിംഗ് ആൻഡ് ടെയ്‌ലറിംഗ് യൂണിറ്റ് തുടങ്ങിയവ. നാലു സെന്ററുകളിലായി ഇരുനൂറോളം പെൺകുട്ടികൾ കുടുംബങ്ങൾക്കു തണലേകുന്നു.

## ആധ്യാത്മികരംഗം

വിമലഹൃദയസഭയ്ക്ക് അഭിമാനസ്തംഭമാണ് കമ്പിവിളയിലെ വിമലഹൃദയ ധ്യാനകേന്ദ്രം. 150 പേർക്ക് താമസിച്ച് ധ്യാനംകൂടാനുള്ള സംവിധാനമിവിടെയുണ്ട്. ധ്യാനകേന്ദ്രത്തോടനുബന്ധിച്ചുള്ള നിത്യാരാധന കപ്പേള വിമലഹൃദയ സഭയുടെ ആത്മാവാണ്. ലോകസമാധാനത്തിനുവേണ്ടിയുള്ള മധ്യസ്ഥപ്രാർഥനാ കൂട്ടായ്മയും വിജാതീയ കൂട്ടായ്മയും ഇവിടത്തെ പ്രത്യേകതകളാണ്.

"നിങ്ങൾ ലോകമെങ്ങും പോയി സർവസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം സ്വീകരിച്ച് വിമലഹൃദയ സഭ മിഷൻ പ്രവർത്തനങ്ങളിലും നിരന്തരം വ്യാപൃതരായിരിക്കുന്നു. 1961-ൽ നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിൽ മിഷൻപ്രവർത്തനങ്ങളുടെ ആദ്യചുവടുവച്ചു. വ്യത്യസ്തമായ ഭാഷയും സംസ്കാരവും കാലാവസ്ഥയും തൃണവത്ഗണിച്ചുകൊണ്ട് വടക്കേഇന്ത്യ (1969) ജർമനി (1982), ഇറ്റലി (1989), അമേരിക്ക (1998), ഓസ്ട്രേലിയയിലെ പാപ്പുവ ന്യൂഗിനിയായിലെ ഡരു കിയുംഗാ രൂപത (2000), ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖല (2015) എന്നിവിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു.

***..... ശേഷം പേജ് 63- ൽ***

malankaralibrary.com

# വിശുദ്ധ പദവിയിലെത്താൻ നടപടികളേറെ



റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ
*വൈസ് ചാൻസലർ, മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ, മൗണ്ട് സെന്റ്തോമസ്, കാക്കനാട്*

? നമ്മുടെ നാട്ടിൽനിന്ന് ഒരു അല്മായൻകൂടി വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുകയാണല്ലോ. ഒരു വ്യക്തിയെ വിശുദ്ധനാക്കുന്ന സഭാ നടപടികൾ ഒന്ന് വിവരിക്കാമോ?

– ***ബീന ജോസ്, കല്ലുവീട്ടിൽ, എറണാകുളം***

ഒരു ദൈവദാസനെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുന്നതിന് ദീർഘവും സങ്കീർണവുമായ നടപടി ക്രമങ്ങളാണ് ഇന്ന് സഭയിലുള്ളത്. ഈ വിഷയത്തിൽ പ്രത്യേകമായ നിർദ്ദേശങ്ങൾ നൽകാതെ പരിശുദ്ധ സിംഹാസനത്തിന്റെ പ്രത്യേക നിയമങ്ങളാണ് ഇക്കാര്യത്തിൽ പാലിക്കേണ്ടത് എന്നുമാത്രം കാനൻനിയമം പറഞ്ഞുവയ്ക്കുന്നു (CCEO c. 1057, CIC c. 1403). വിശുദ്ധരുടെ നാമകരണവുമായി ബന്ധപ്പെട്ടു നിൽക്കുന്ന രണ്ട് വത്തിക്കാൻ രേഖകളാണ് 1983–ൽ ജോൺ പോൾ രണ്ടാമൻ പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനവും (*Divinus Perfections Magister*) വിശുദ്ധരുടെ നാമകരണത്തിനായുള്ള വത്തിക്കാൻ തിരുസംഘം 2007–ൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളും (*Sanctorum Mater*). ഈ രണ്ടു രേഖകളുടെ അടിസ്ഥാനത്തിലാണ് നാമകരണ പ്രക്രിയകൾ സഭയിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

സഭയുടെ ആരംഭകാലഘട്ടത്തിൽ വിശുദ്ധരെന്ന് കരുതിയിരുന്നവരുടെ മരണശേഷം അവരുടെ കല്ലറകൾ പ്രത്യേകം സൂക്ഷിച്ചിരുന്നു. വിശുദ്ധ പത്രോസിന്റെ കബറിടം ഉദാഹരണമാണ്. AD 313–ൽ സഭയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഈ കബറിടങ്ങളുടെ മുകളിൽ ദൈവാലയങ്ങൾ പണിയുന്ന രീതി നിലവിൽ വന്നു. ഒരു വ്യക്തിയെ വിശുദ്ധനാക്കുന്നതിന് പ്രത്യേക നടപടിക്രമം നിലവിലില്ലാതിരുന്നതിനാൽ ആശയക്കുഴപ്പം ഇക്കാര്യത്തിൽ നിലനിന്നിരുന്നു. 1234–ൽ ഗ്രിഗറി ഒൻപതാമൻ പാപ്പയാണ് നാമകരണ നടപടികൾ ആദ്യമായി രൂപപ്പെടുത്തുന്നതും നടപ്പിലാക്കുന്നതും. പിന്നീടുള്ള പാപ്പമാർ വിവിധ കാലഘട്ടങ്ങളിൽ വരുത്തിയ പരിഷ്കരണങ്ങളിലൂടെയാണ് ഇപ്പോൾ നിലവിലുള്ള നിയമത്തിലെത്തുന്നത്.

**പ്രാരംഭ നടപടികൾ– രൂപതാതലം:** സാധാരണഗതിയിൽ, ഒരു വ്യക്തി സംസ്കരിക്കപ്പെട്ടിരിക്കുന്ന രൂപതയിലെ മെത്രാനാണ് നടപടികൾ ആരംഭിക്കേണ്ടത്. അതിന് മരണമടഞ്ഞ വ്യക്തിയുടെ വിശുദ്ധിയെക്കുറിച്ച് സാധാരണ വിശ്വാസികളുടെയിടയിൽ സ്വാഭാവികമായി ഉണ്ടാകുന്ന അവബോധവും പൊതുജനസ്വീകാര്യതയും (Fame of Sanctity) ആവശ്യമാണ്. വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതവിശുദ്ധി ആദ്യം മനസ്സിലാക്കുന്നതും പ്രചരിപ്പിച്ചതും സ്കൂൾ കുട്ടികൾ ആയിരുന്നല്ലോ. ഒരു വ്യക്തിയുടെ മരണശേഷം 5 വർഷത്തിന് ശേഷമാണ് നടപടികൾ ആരംഭിക്കേണ്ടത്. ഇക്കാര്യത്തിൽ പ്രത്യേക ഇളവ് ലഭിച്ചവരാണ് വിശുദ്ധ മദർ തെരേസയും വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പായും. രൂപതാ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് രൂപതാമെത്രാൻ നാമകരണത്തിനായുള്ള വത്തിക്കാൻ തിരുസംഘത്തിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. പൗരസ്ത്യ സഭകളിൽ മെത്രാൻ സിനഡിന്റെ അംഗീകാരവും ആവശ്യമാണ്.

രൂപതാതലത്തിൽ നാമകരണ നടപടികൾക്കായി മെത്രാൻ വിവിധ കോടതികൾ സ്ഥാപിക്കുന്നു. നടപ

www.malankaralibrary.com

ടികൾ ആരംഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട വ്യക്തി ദൈവദാസൻ/ ദൈവദാസി എന്ന് വിളിക്കപ്പെടും. ദൈവദാസന്റെ വിശുദ്ധിയെ അനുകൂലിക്കുന്ന വരുടെയും എതിർക്കുന്നവരുടെയും മൊഴികൾ രേഖപ്പെടുത്തും. ദൈവദാസൻ എഴുതിയിട്ടുള്ള എല്ലാ കാര്യങ്ങളും പരിശോധിച്ച് സഭാവിരുദ്ധ നില പാടുകൾ ഇല്ലായെന്ന് ഉറപ്പുവരുത്തും. ഇപ്രകാരം ലഭിക്കുന്ന എല്ലാ രേഖകളും ശേഖരിച്ച് (Transumptum) രൂപതയിലെ നടപടികളുടെ സമാപനത്തിൽ രൂപതാമെത്രാൻ നാമകരണത്തിനായുള്ള തിരുസം ഘത്തിന് കൈമാറും. പൗരസ്ത്യസഭയിൽ മെത്രാൻ സിനഡിന്റെ അംഗീകാരത്തോടെയാണ് വത്തിക്കാനിൽ ഇവ സമർപ്പിക്കുന്നത്.

**വത്തിക്കാൻ തിരുസംഘത്തിൽ:** രൂപതാനടപടികൾ വത്തിക്കാൻ തിരുസംഘം അംഗീകരിച്ച് ദൈവ ദാസന്റെ നാമകരണ പ്രക്രിയ അംഗീകരിക്കുന്നതോടെ പ്രധാന നടപടികൾ ആരംഭിക്കുന്നു. നാമകരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഒരു വൈദി കനെ (Postulator) റോമിൽ നിയമിക്കുന്നു. രൂപ തയിൽ നടന്ന നടപടികൾക്ക് നേതൃത്വം കൊടുത്ത വൈദികന്റെ (Vice Postulator) സഹായത്തോടെ ദൈവദാസൻ ക്രിസ്തീയ പുണ്യങ്ങളിൽ വീരോചി തമായും മാതൃകപരമായും ജീവിച്ചിരുന്നു എന്നത് സ്ഥാപിക്കാൻ കൂടുതൽ അന്വേഷണങ്ങൾ നടത്തുന്നു. ദൈവദാസൻ രക്തസാക്ഷിയാണെങ്കിൽ ആ വ്യക്തി മരിച്ചത് വിശ്വാസം മുറുകെപ്പിടിക്കുന്നതി നുവേണ്ടിയാണെന്നും ക്രിസ്തുവിനോടും സഭ യോടുമുള്ള സ്നേഹമാണ് അതിന് ആ വ്യക്തിയെ പ്രേരിപ്പിച്ചതെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ അന്വേഷണത്തിലുടനീളം, സംശയങ്ങളും ആക്ഷേ പങ്ങളും ആരോപണങ്ങളും ഉയർത്തുന്ന ദൗത്യം വിശ്വാസ സംരക്ഷകൻ (Devil's Advocate) എന്ന് അറിയപ്പെടുന്ന വ്യക്തിയുടെതാണ്. ഈ ഘട്ടത്തിന്റെ അവസാനത്തിൽ പോസ്റ്റുലേറ്റർ ദൈവദാസന്റെ ജീവചരിത്രവും മറ്റ് വിവരണങ്ങളും (Positio) തയ്യാറാക്കുന്നു.

ദൈവദാസന്റെ ജീവചരിത്രവും മറ്റ് വിവരണങ്ങ ളും വത്തിക്കാൻ തിരുസംഘം 2 തലങ്ങളിൽ പഠനവി ഷയമാക്കുന്നു. ആദ്യം ദൈവശാസ്ത്രജ്ഞന്മാരും പിന്നീട് മെത്രാന്മാരുടെയും കർദ്ദിനാൾമാരുടെയും സംഘവും ഇത് പഠിക്കുകയും തുടർന്ന് അനുകൂ ലമായി വോട്ടു ചെയ്യുകയും ചെയ്താൽ ദൈവദാ സന്റെ വീരോചിത ജീവിതമാതൃക അംഗീകരിക്കുന്ന തിന് മാർപ്പാപ്പയുടെ മുമ്പിൽ അന്വേഷണ റിപ്പോർട്ടും അഭിപ്രായങ്ങളും സമർപ്പിക്കാവുന്നതാണ്. ഇവയെ അംഗീകരിക്കുന്ന മാർപ്പാപ്പ ദൈവദാസനെ വന്ദ്യൻ (Venerable) ആയി പ്രഖ്യാപിക്കുന്നു.

**വന്ദ്യനിൽനിന്ന് വാഴ്ത്തപ്പെട്ടവനിലേക്ക്:** വന്ദ്യ നായി പ്രഖ്യാപിക്കപ്പെട്ട വ്യക്തിയെ വാഴ്ത്തപ്പെട്ട വരുടെ (Blessed)ഗണത്തിലേയ്ക്ക് ഉയർത്തുന്ന താണ് അടുത്ത ഘട്ടം. വന്ദ്യൻ ആയ വ്യക്തിയുടെ മാധ്യസ്ഥതയിൽ ദൈവം ഒരു അത്ഭുതം പ്രവർത്തി ക്കുകയും അത് നാമകരണത്തിനുള്ള തിരുസംഘം വിദഗ്ദ്ധാഭിപ്രായത്തിനുശേഷം അംഗീകരിക്കുകയും ചെയ്തെങ്കിലേ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കു കയുള്ളൂ. എന്നാൽ വന്ദ്യനായി പ്രഖ്യാപിക്കപ്പെട്ട ഒരു രക്തസാക്ഷിയെ വാഴ്ത്തപ്പെട്ടവരുടെ ഗണ ത്തിലേക്ക് ഉയർത്താൻ അത്ഭുതത്തിന്റെ ആവശ്യം ഇല്ല; രക്തസാക്ഷിത്വം മതിയാവുന്നതാണ്. വിശുദ്ധ ദേവസഹായം രക്തസാക്ഷി ഇപ്രകാരം വാഴ്ത്ത പ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടതാണ്. സാധാരണഗതിയിൽ വാഴ്ത്തപ്പെട്ടവരുടെ പദവി യിലേക്ക് ഉയർത്തപ്പെടുന്ന പ്രഖ്യാപനം നടക്കുന്നത് പ്രാദേശിക സഭയിലായിരിക്കും. വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട വ്യക്തി അദ്ദേഹത്തിന്റെ ജീവിതവും മരണവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ മാത്രമാണ് വണങ്ങപ്പെടേണ്ടത്. ആഗോളസഭയിൽ വണക്ക ത്തിനായി നൽകപ്പെടുന്നത് വിശുദ്ധ പദവയിൽ എത്തുമ്പോൾ മാത്രമാണ്.

**വിശുദ്ധ പദവിയിലേക്ക്:** വാഴ്ത്തപ്പെട്ട ഒരു വ്യക്തി യെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്നതിന് ദൈവം ആ വ്യക്തിയുടെ മാധ്യസ്ഥ്യത്താൽ മറ്റൊരു അത്ഭുതം കൂടി പ്രവർത്തിക്കണം. ഈ അത്ഭുതം നാമകരണ തിരുസംഘം വിദഗ്ദ്ധാഭിപ്രായത്തിനുശേ ഷം അംഗീകരിച്ചാൽ മാർപ്പാപ്പ ഈ വ്യക്തിയെ വിശു ദ്ധനെന്ന് പ്രഖ്യാപിക്കുന്നു. വാഴ്ത്തപ്പെട്ടവരുടെ ഗണ ത്തിലുള്ള രക്തസാക്ഷികൾക്കും വിശുദ്ധരാകുന്ന തിന് അത്ഭുതം ആവശ്യമാണ്.

ഒരു വ്യക്തിയെ വിശുദ്ധപദവിയിലേക്ക് ഉയർ ത്തുന്ന മാർപ്പാപ്പയുടെ നടപടി അദ്ദേഹത്തിന്റെ തെറ്റാവരം (Infallibility) ഉപയോഗിച്ചുകൊണ്ടുള്ള താണ്. സാധാരണ രീതിയിൽ വത്തിക്കാൻ ബസിലി ക്കയുടെ അങ്കണത്തിലാണ് വിശുദ്ധപദവി പ്രഖ്യാ പന ചടങ്ങുകൾ നടക്കുന്നത്. ഇപ്രകാരം, ദൈവ ദാസൻ, വന്ദ്യൻ, വാഴ്ത്തപ്പെട്ടവൻ എന്നീ ഘട്ടങ്ങൾ കടന്നാണ് ഒരു വ്യക്തി വിശുദ്ധനായി പേര് വിളിക്ക പ്പെടുന്നത്.

■

www.malankaralibrary.com



# സാമൂഹികം

**വേരുകൾ ആഴപ്പെടുമ്പോഴേ
ശാഖകൾ ബലവത്താകൂ.
മാധ്യമലോകത്തിന്റെ നൂതനാഭിമുഖ്യ
ങ്ങൾ, ആനുകാലിക കഥകൾ
കവിതകൾ, സിനിമകൾ
പുസ്തകങ്ങൾ എന്നിവ
പരിചയപ്പെടുത്തിക്കൊണ്ട്
സമൂഹജീവിതത്തിന്റെ
സമഗ്രതയിലേക്കും
സുസ്ഥിതിയിലേക്കും
പറന്നുയരാൻ...**

# കാത്തിരിപ്പിന്റെ സദ്വാർത്ത

- കഥാവശേഷൻ ജോൺപോൾ
  മഞ്ഞുപോലെ വെണ്മയാർന്ന ഒരു മനുഷ്യൻ
- നമ്മുടെ ഗ്രഹം നമ്മുടെ ആരോഗ്യം
- ആർദ്രമായ ഓർമകളാകാം നമുക്ക്
- നാരദൻ

ജോഷി ജോർജ്
റവ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്
ഷിജി ജോൺസൺ
റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
ജെ.സി. ബുക്ക്മാൻ

www.malankaralibrary.com

# കഥാവശേഷൻ ജോൺപോൾ
# മഞ്ഞുപോലെ വെൺമയാർന്ന ഒരു മനുഷ്യൻ

**ചലച്ചിത്ര തിരക്കഥാകൃത്തും സാമൂഹിക- സാഹിത്യ- സാംസ്കാരിക കൂട്ടായ്മകളിലെ സജീവസാന്നിധ്യവും നന്മനിറഞ്ഞ ഒരു മനുഷ്യനുമായിരുന്ന ജോൺപോൾ കലാ-സാംസ്കാരിക കേരളത്തിന് വലിയൊരു വിടവുനൽകിയാണ് കടന്നുപോയത്. കാരുണികന്റെ രചനാകൂട്ടായ്മയിലെ നിറസാന്നിധ്യവും അഭ്യുദയകാംക്ഷിയുമായിരുന്ന ഈ നല്ല സമരിയാക്കാരനെക്കുറിച്ചുള്ള സ്മരണ.**



**ജോഷി ജോർജ്**
*മൈന്റ് പവർ ട്രെയിനർ*

ശക്തമായ മഴ പെയ്തുതീർന്നതുപോലുള്ളോരനുഭവം. അതാണ് തിരക്കഥാകൃത്ത് ജോൺപോളിന്റെ വേർപാടിൽ അനുഭവപ്പെടുന്നത്. ഇനി ജോൺപോളില്ല. അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ അദ്ദേഹത്തെ അറിയുന്നവരുടെ മനസിൽ മാത്രമായി ഒതുങ്ങിക്കൂടും. അറിയാത്തവരുടെ മനസിലേക്ക് ആ ഓർമകൾ കടന്നു വരുന്നതിനി അദ്ദേഹം കഥയെഴുതിയ സിനിമകളിലൂടെയും സഫാരി ടി.വിയിലെ 'സ്മൃതി' എന്ന പരിപാടിയിൽ ക്കൂടി മൺമറഞ്ഞു പോയ മഹാരഥൻമാരുടെ ഓർമകൾ രസച്ചരട് മുറിയാതെ അവതരിപ്പിച്ചതിലൂടെയുമായിരിക്കും. പിന്നെ കുറെ ഈടുറ്റ പുസ്തകങ്ങളും അദ്ദേഹം നമുക്ക് സമ്മാനിച്ചിട്ടുണ്ട്.

സിനിമാക്കാരനായതുകൊണ്ടോ മികച്ച പ്രഭാഷകനായതുകൊണ്ടോ ആണ് ജോൺപോൾ എല്ലാ അർഥത്തിലും വലിയ മനുഷ്യനായത് എന്ന് കരുതുന്നില്ല. എത്ര ഉന്നത കലാകാരനായിരുന്നാലും ഒരാൾ ഒരു വലിയ മനുഷ്യനാകണമെന്നില്ല. വലിയമനസിന്റെ ഉടമയായ ഒരാൾക്കുമാത്രമേ ഒരു വലിയ മനുഷ്യനാകാനാകൂ. അങ്ങിനെയൊരു വലിയ മനസിന്റെ ഉടമയായ നല്ല മനുഷ്യനായിരുന്നു ജോൺപോൾ.

ഏതാണ്ട് നാലുപതിറ്റാണ്ടിലേറെ സിനിമയെ പ്രണയിച്ച്, സിനിമയിൽ ജീവിച്ച ഒരു കൂട്ടം കലാകാരൻമാർക്കൊപ്പം ഏറെ ആത്മാർഥതയോടെ ജോൺപോൾ എന്ന നിസ്വാർഥനായ വലിയ മനുഷ്യൻ നിലകൊണ്ടു. മികച്ച സിനിമകളുടെ ഭാഗമായി, തന്റെ ഭാഗം ഏറെ മികവുറ്റതാക്കി.

അധ്യാപകനായിരുന്ന ഷെവലിയർ പുതുശ്ശേരി വർക്കി പൗലോസിന്റേയും മുളയരിക്കൽ റബേക്കയുടെയും മകനായി 1950 ഒക്ടോബർ 29-ന് ജോൺപോൾ ഭൂജാതനായി. എറണാകുളം സെന്റ് ആൽബർട്സ് സ്കൂൾ, സെന്റ് അഗസ്റ്റിൻ സ്കൂൾ, പാലക്കാട് ചിറ്റൂർ ഗവൺമെന്റ് സ്കൂൾ എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.എറണാകുളം മഹാരാജാസ് കോളജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ ഇദ്ദേഹത്തെക്കുറിച്ച് അറിയുംമുമ്പ് ഇദ്ദേഹത്തിന്റെ പിതാവിനെ അറിഞ്ഞിരിക്കണം. ബൈബിളിൽ ഏറെ പരിജ്ഞാനമുണ്ടായിരുന്ന വർക്കി പൗലോസ് ജന്തുശാസ്ത്രത്തിലും കായികവിദ്യാഭ്യാസത്തിലും ബിരുദധാരിയും സ്കൗട്ട് പ്രസ്ഥാനത്തിലെ ഉന്നത യോഗ്യതകൾ നേടിയിരുന്ന വ്യക്തിയുമായിരുന്നു.

വേദപുസ്തകത്തെ ആധാരമാക്കി 'പഴയനിയമ രാജനിര' എന്ന പേരിൽ രണ്ടുഭാഗങ്ങളിലായി പുസ്തകരചന നിർവഹിച്ചിട്ടുണ്ട്. ഇസ്രായേൽ ചരിത്ര

www.malankaralibrary.com

ത്തിലെ കറുപ്പും വെളുപ്പും അതിലേറെ കൂരിരുട്ടും നിറഞ്ഞ കഥനകഥകളൊക്കെ ഹൃദയസ്പർശിയായി അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദമാസ്ക്കസ് മുതൽ ജറുസലെംവരെ എന്ന യാത്രാവിവരണം, വിശുദ്ധ സൂനോറോ, പഞ്ചഗ്രന്ഥാവലോകന പരമ്പരയിൽ ഉത്പ്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നിങ്ങനെ അഞ്ചു പുസ്തകങ്ങൾ: മരണാനന്തരം, വിജാതിയരുടെ അപ്പസ്തോലൻ, ധീവരനായ അപ്പസ്തോലൻ... ഇങ്ങനെ പോകുന്നു ആ എഴുത്തുകൾ. ഇദ്ദേഹമെഴുതിയ 'സീലിയ' എന്ന കഥയാണ് ജോൺപോൾ പിന്നീട് പുറപ്പാട് എന്നപേരിൽ സിനിമയാക്കിയത്. ഇത്രയേറെ സാഹിത്യപശ്ചാത്തലമുണ്ടായിരുന്നതുകൊണ്ടുതന്നെയാണ് ജോൺപോൾ മറ്റൊന്നും നോക്കാതെ എഴുത്തിന്റെ വഴിയിലേക്ക് തിരിഞ്ഞത്. പിതാവ് തുടങ്ങിവച്ച ഫോക്കസ് എന്ന സാഹിത്യമാസികയെ ഒരു ലിറ്റിൽ മാഗസിനാക്കി മാറ്റിക്കൊണ്ടായിരുന്നു തുടക്കം.

ലബ്ധപ്രതിഷ്ഠർക്കൊപ്പം എഴുതി തുടങ്ങുന്നവർക്കും തുല്യ പ്രാധാന്യം നൽകിയിരുന്നു ഫോക്കസ്. ബാലചന്ദ്രൻ ചുള്ളിക്കാട്, സെബാസ്റ്റ്യൻ പോൾ, പീറ്റർലാൽ, പി. കെ പാറക്കടവ്, ടി വി കൊച്ചുബാവ.. അങ്ങിനെ അതിലെഴുതിയിരുന്നവർ പിന്നീട് പ്രശസ്തരായിമാറിയിരുന്നു. കേരളടൈംസ് ദിനപത്രത്തിലും സത്യനാദത്തിലുമൊക്കെ ആഗോളവിഷയങ്ങളെക്കുറിച്ചും സാമ്പത്തികവിഷയങ്ങളെക്കുറിച്ചും ഭംഗിയായി എഴുതിയിരുന്നു. അക്കാലത്താണ് സെബാസ്റ്റ്യൻ പോൾ, പീറ്റർലാൽ എന്നിവരൊക്കെയായി അടുപ്പത്തിലായത്. ആ മൂവർ സംഘത്തിന്റെ അന്നത്തെ വിഹാരകേന്ദ്രം ആർട്ടിസ്റ്റ് കിത്തോയുടെ ഡിസൈൻ സെന്ററായിരുന്നു. അവിടെനിന്നും കലൂർ ഡെന്നീസും കിത്തോയും കൂടി ചിത്രപൗർണമി എന്ന സിനിമാവാരിക തുടങ്ങിയതോടെയാണ് കാനറാബാങ്ക് ജീവനക്കാരനായ ജോൺപോൾ സിനിമാസംബന്ധിയായ വിഷയങ്ങളിലേക്ക് തിരിഞ്ഞത്. ഇതിനിടെ ചിത്രകൗമുദി എന്നൊരു വാരിക എഡിറ്റുചെയ്യാനും ജോൺപോൾ സമയം കണ്ടെത്തിയിരുന്നു.



ആ സംഘത്തിൽ ഏറ്റവും കൂടുതൽ സിനിമാഭ്രമം ജോൺപോളിനും കലൂർ ഡെന്നീസിനുമായിരുന്നു. അവർ ഒന്നിച്ച് നിരവധി സിനിമാ ലൊക്കേഷനുകളിൽ പോയി താരങ്ങളെയും മറ്റും ഇന്റർവ്യൂ ചെയ്യാനും തുടങ്ങി.

അങ്ങിനെയിരിക്കെ 1977-ൽ ഐ.വി ശശിയെ സ്ക്രിപ്റ്റ് വായിച്ചുകേൾപ്പിക്കാൻ ഹൈദരാബാദിൽ പോകുന്ന നിർമാതാവിനൊപ്പം കൂട്ടുപോകാൻ ജോൺപോളിനേയും ക്ഷണിച്ചു. എന്നാൽ ബാങ്കിൽ നിന്ന് അവധി എടുക്കാൻ കഴിയാത്തതിനാൽ ആർട്ടിസ്റ്റ് കിത്തോയോടും കലൂർ ഡെന്നീസിനോടും പോകാൻ പറയുകയായിരുന്നു. പാറപ്പുറത്തിന്റെ 'ഈ മനോഹരതീര'ത്തിന്റെ തിരക്കഥയായിരുന്നു അന്ന് കൊണ്ടുപോയത്. കഥയുടെ രണ്ടാംപകുതി ഐ.വി ശശിക്ക് തീരെ ഇഷ്ടമായില്ല.

മറ്റാരെക്കൊണ്ടെങ്കിലും മാറ്റിയെഴുതിച്ചാലോ എന്നായി ആലോചന. ജോൺപോളിനെക്കൊണ്ട് എഴുതിക്കാമെന്ന് കിത്തോയും കലൂർ ഡെന്നിസും ശശിയോടു പറഞ്ഞു. അങ്ങനെ ജോണും ഡെന്നിസും ചേർന്ന് സ്ക്രിപ്റ്റ് തിരുത്താൻ ഐ.വി ശശി നിർദ്ദേശിച്ചു. അതായിരുന്നു ജോൺ പോളിന്റെയും കലൂർ ഡെന്നിസിന്റെയും വഴിത്തിരിവ്.

തുടർന്ന് രണ്ട് സിനിമകൾക്ക് തിരക്കഥയൊരുക്കിയെങ്കിലും അത് അഭ്രപാളിയിൽ എത്തിയില്ല. രണ്ടു വർഷത്തിനുശേഷം ഐ.വി ശശിതന്നെയാണ് വീണ്ടുമൊരു സിനിമയ്ക്ക് കഥ എഴുതാൻ ആവശ്യപ്പെട്ടത്. അതാണ് 'ഞാൻ, ഞാൻ മാത്രം' എന്ന സിനിമ. അതൊരു ജൈത്രയാത്രയുടെ തുടക്കമായിരുന്നു. തിരക്കഥയിലേക്ക് കടക്കുന്നത് ഭരതന്റെ ചാമരം എന്ന സിനിമയിലൂടെയാണ്. പിന്നീട് കാതോടു കാതോരം, കാറ്റത്തെ കിളിക്കൂട്, യാത്ര, മാളൂട്ടി, അതിരാത്രം, ഓർമയ്ക്കായ്, ഇത്തിരിപ്പൂവേ ചുവന്ന പൂവേ, ആലോലം, ഇണ, അവിടത്തെപ്പോലെ ഇവിടെയും, ഈ തണലിൽ ഇത്തിരിനേരം, ഈറൻ

www.malankaralibrary.com

സന്ധ്യ, ഉണ്ണികളെ ഒരു കഥ പറയാം, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം, ഉത്സവപ്പിറ്റേന്ന്, പുറപ്പാട്, കേളി, ചമയം, ഒരു യാത്രാമൊഴി തുടങ്ങിയ മനോഹരചിത്രങ്ങൾ ജോൺപോളിന്റെ തൂലികയിൽ വിരിഞ്ഞവയാണ്. പിന്നീട് ഏതാണ്ട് പത്തുവർഷത്തോളം അദ്ദേഹത്തിന്റേതായ സിനിമകളൊന്നും പുറത്തുവന്നില്ല.

അക്കാലയളവിൽ ജോൺപോളിനുവേണ്ടി കാർട്ടൂണിസ്റ്റ് യേശുദാസന്റെ മകൻ സാനു വൈദാസ് മുൻകൈ എടുത്ത ഒരു സിനിമാപ്രോജക്റ്റിനെക്കുറിച്ച് കേട്ടിരുന്നു. 2010-ൽ സാനു അതിനായി ജോൺ പോളിനെ മദ്രാസിലേക്ക് വിളിച്ചുവരുത്തി. അവിടെയിരുന്ന് തിരക്കഥ എഴുതി. 'കടലാസുതോണി' എന്നാണ് പേരിട്ടത്. തകഴിയുടെ പ്രശസ്തമായ കയറിൽ നിന്ന് ഒരു കഥാപാത്രത്തെ (പോസ്റ്റുമാൻ ) കണ്ടെത്തി അത് വികസിപ്പിച്ചെടുക്കുകയായിരുന്നു. കുട്ടനാട്ടിൽപോയി ലൊക്കേഷൻ കണ്ടു. തകഴിയിൽനിന്നും അതിന്റെ അവകാശവും വാങ്ങി. മൂന്നു പാർട്ടായി ചെയ്യാനും പദ്ധതിയിട്ടു. കെ. സേതുമാധവന്റെ നേതൃത്വത്തിൽ മൂന്നു ശിഷ്യന്മാരെക്കൊണ്ടും (മോഹൻ, സത്യൻ അന്തിക്കാട്. ജയരാജ്) സംവിധാനം ചെയ്യിപ്പിക്കുക. അതിനായി ഒട്ടേറെ ചർച്ചകൾ നടന്നെങ്കിലും ആ പ്രെജക്റ്റ് എന്തുകൊണ്ടോ മുന്നോട്ടുപോയില്ല.

കുലീനമാർന്ന ഒരു ഗദ്യശൈലിയുടെ ഉടമയാണ് ജോൺപോൾ. ഹൃദ്യവും ആർദ്രവുമായ ചലച്ചിത്ര കാവ്യങ്ങൾ രചിക്കുന്ന ഈ എഴുത്തുകാരൻ തത്വചിന്താനിർഭരമായ ഉൾക്കാഴ്ചകളോടെ ചുറ്റുമുള്ളവരുടെ ജീവിതത്തിലേക്ക് കടന്നുചെല്ലുന്നു. അദ്ദേഹം എഴുതിയിട്ടുള്ള ഓർമക്കുറിപ്പുകൾ ഓരോ വ്യക്തിയേയും കുറിച്ച് നൽകുന്ന അത്യന്തം ഉൾക്കാഴ്ച നൽകുന്ന വായനാനുഭവങ്ങളാണ്. ചലച്ചിത്ര മേഖലയിലെ ഓരോരുത്തരോടുമുള്ള അടുപ്പവും അവരുടെ ജീവിതത്തെ സസൂഷ്മം നിരീക്ഷിച്ച് പഠിച്ച് മനോഹരമായൊരു ഈണത്തോടെ വായനക്കാരിലേക്ക് പകരാൻ ഈ എഴുത്തുകാരന് സാധിക്കുന്നു. അസാധാരണമായ വാസനാവൈഭവവും സാഹിത്യബോധവും അതിലേറെ സമ്പന്നമായ അദ്ദേഹത്തിന്റെ പദകോശവും വിളിച്ചറിയിക്കുന്നതാണ് ഓരോ രചനയും. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലും തിളങ്ങുന്നു ധിഷണയുടെ ഈ അപൂർവ പ്രസാദങ്ങൾ.

സിനിമയില്ലാതിരുന്ന പത്തു വർഷം അദ്ദേഹം നിശബ്ദനായിരുന്നില്ല. തിരക്കഥാ രചനയിൽ നിന്നും വിട്ട് ഓർമക്കുറിപ്പുകൾ, ചലച്ചിത്ര നാടക ചരിത്രം തുടങ്ങിയ ജോലികളിൽ വ്യാപൃതനായി.

കൊച്ചിയിലെ ഒട്ടുമിക്ക സാംസ്കാരിക കൂട്ടായ്മകളിലും അദ്ദേഹം സജീവ സാന്നിധ്യമായിരുന്നു. ഇടവേളയ്ക്കൊടുവിൽ, കമൽ സംവിധാനം ചെയ്ത 'പ്രണയമീനുകളുടെ കടൽ' എന്ന സിനിമ എഴുതി. തിരക്കഥ എഴുതാതിരുന്ന നാളുകൾ തനിക്കു തുറന്നു നൽകിയത് ആത്മപ്രകാശനത്തിന്റെ മറ്റൊരു വലിയ ലോകമാണെന്നായിരുന്നു പത്തുവർഷത്തെ ഇടവേളയെക്കുറിച്ച് ജോൺപോൾ പ്രതികരിച്ചത്.

ഇന്ത്യൻ സിനിമയിലെ ഏറ്റവും മികച്ച ഫിലിം മേക്കറുകളിലൊരാളായ ഭരതൻ തന്റെ സിനിമകളുടെ തിരക്കഥയൊരുക്കാൻ വിശ്വാസ്യതയോടെ ഏൽപിച്ചതാണ് ജോൺ പോളിന് ലഭിച്ച ഏറ്റവും വലിയ അംഗീകാരം.

എം. ടി വാസുദേവൻ നായരോട് എന്നും ആദരവുള്ള ജോൺപോൾ ഒരു ചെറുപുഞ്ചിരി എന്ന ചിത്രം നിർമിച്ചു, എം ടി ആയിരുന്നുവല്ലോ അതിന്റെ സംവിധായകൻ. ആ ചിത്രത്തിന് ദേശീയ-സംസ്ഥാന അവാർഡുകളും ലഭിക്കുകയുണ്ടായി. 2014-ൽ ഗ്യാങ്സ്റ്റർ, 2017-ൽ സൈറാബാനു എന്നീ സിനിമകളിൽ അഭിനേതാവായും രംഗത്തെത്തി.

മികച്ച തിരക്കഥാകൃത്തിനുള്ള നാനാ ഗാലപ്പ് പോൾ, കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് എന്നിവ നേടിയിട്ടുണ്ട്. സംസ്ഥാന ചലച്ചിത്ര അക്കാദമി ജനറൽ കൗൺസിൽ അംഗം, സംസ്ഥാന ചലച്ചിത്ര അവാർഡ് ജൂറി അംഗം തുടങ്ങി ഒട്ടനവധി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഫിലിം ടെക്നീഷ്യന്മാരുടെ സംഘടനയായ 'മാക്ട'യുടെ സ്ഥാപക ജനറൽ സെക്രട്ടറി കൂടിയായിരുന്നു ജോൺ പോൾ.

സിനിമകൾക്ക് പുറമേ സ്വസ്തി, കാലത്തിനു മുൻപേ നടന്നവർ, ഇതല്ല ഞാനാഗ്രഹിച്ചിരുന്ന സിനിമ, എന്റെ ഭരതൻ തിരക്കഥകൾ, ഒരു കടംകഥപോലെ ഭരതൻ, കഥയിതു വാസുദേവം, പരിചായകം: കാഴ്ചയും കഥയും, എം.ടി ഒരു അനുയാത്ര, പ്രതിഷേധം തന്നെ ജീവിതം, പി.ജെ ആന്റണി തുടങ്ങി ഒട്ടേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇതിൽ എം.ടി ഒരു അനുയാത്രയ്ക്ക് സംസ്ഥാന സർക്കാരിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്.

മാധ്യമപഠനശാഖയിൽ വിവിധ സർവകലാശാലകളിലും സ്ഥാപനങ്ങളിലും ഗസ്റ്റ് ഫാക്കൽറ്റിയായി സഹകരിച്ചിരുന്നു. സ്മൃതിധാര, ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം, ആർട്ടിസ്റ്റ് പി ജെ ചെറിയാൻ ഫൗണ്ടേഷൻ, ഭരതൻ ഫൗണ്ടേഷൻ, പി ഭാസ്കരൻ ഫൗണ്ടേഷൻ, എം.കെ സാനു ഫൗണ്ടേഷൻ തുടങ്ങിയ

www.malankaralibrary.com



ഒരു കഥാചർച്ചവേളയിൽ ജോൺപോൾ സംവിധായകൻ സേതുമാധവനൊപ്പം. സാനു വൈ. ദാസ് മധ്യത്തിൽ.

സാംസ്കാരിക പ്രസ്ഥാനങ്ങളിലും ഇന്റർനെറ്റിലെ വിവിധ സംസ്കാരിക സംഘടനകളിലുമൊക്കെ സജീവസാന്നിധ്യമായിരുന്നു ജോൺപോൾ.

വർഷങ്ങളോളം സിനിമാ ജീവിതത്തിൽ ഉണ്ടായിട്ടും സമ്പത്തിൽ അകലമിട്ടാണ് ജോൺപോൾ നടന്നത്. സ്വന്തം തൂലികയിൽ പിറന്ന സിനിമകളിൽ ഏറെയെണ്ണവും സാമ്പത്തിക വിജയത്തിലെത്തിച്ച ഈ എഴുത്തുകാരന് ഒരു വീട് സ്വന്തമാക്കാനുള്ള പണം കരുതലായി ഉണ്ടായിരുന്നില്ല. പക്ഷെ, ഉണ്ടാക്കിയെടുത്ത എണ്ണമറ്റ സൗഹൃദങ്ങൾ എന്നും തണലായിരുന്നു. അന്ത്യ ദിനങ്ങളിൽ ആശുപത്രി വാസത്തിനുള്ള പണം സ്വരുക്കൂട്ടിയ സൗഹൃദങ്ങളുടെ പ്രാർഥനകളെ പാതിവഴിയിൽ നിർത്തി ഇതിഹാസ കഥാകാരൻ മടങ്ങുമ്പോൾ, അദ്ദേഹത്തിന്റെ പ്രാഗല്ഭ്യത്തിന് വേണ്ടത്ര അംഗീകാരം ലഭിച്ചിരുന്നോ എന്നൊരു ചോദ്യം അവശേഷിക്കുന്നു. സിനിമാ രംഗത്ത് വിരലിലെണ്ണാവുന്ന നല്ല മനുഷ്യരിൽ ഒരാളായിരുന്നു ജോൺപോൾ. കല്മഷം നിറഞ്ഞ ചലച്ചിത്രലോകത്ത് ഏറെനാൾ പ്രവർത്തിച്ചിട്ടും കല്മഷമേൽക്കാത്ത മനസ്സുമായി നിന്ന മനുഷ്യൻ. ആ രംഗത്തും ഒട്ടേറപ്പേരുടെ ചുമട് ഏറ്റുവാങ്ങിയ നല്ല സമരിയാക്കാരൻ. മഞ്ഞുപോലെ വെൺമയാർന്ന ആ മനുഷ്യസ്നേഹിയുടെ വേർപാട് എന്നും തണവുള്ള നൈർമല്യത്തിന്റെ ഓർമയായിരിക്കും. ■

..... പേജ് 56 – ൽ നിന്ന് തുടർച്ച

വിദ്യാഭ്യാസം, ആതുരശുശ്രൂഷ, വൃദ്ധഭവനങ്ങൾ, ബാലമന്ദിരങ്ങൾ, ഭവനസന്ദർശനം, ദൈവവിളി പരിപോഷണം, വിശ്വാസജീവിത വളർച്ചയ്ക്ക് ഉപയുക്തമായ ക്ലാസുകൾ, സെമിനാറുകൾ എന്നിങ്ങനെ ഓരോരുത്തരുടെയും ഭൗതികമായ നിലനിൽപ്പിനും ആത്മീയമായ വളർച്ചയ്ക്കും ഉതകുംവിധമുള്ള മിഷൻ പ്രവർത്തനങ്ങളിൽ സമഗ്രമായ ഇടപെടലിലൂടെ വിമലഹൃദയ സമൂഹം മിഷൻ പ്രവർത്തനത്തെ ഒരു മഹാദൗത്യമായി കണ്ടു മുന്നേറുകയാണ്.

ദൈവം തന്റെ ഉള്ളംകൈയിൽ വിമലഹൃദയ സമൂഹത്തെ ഋതുഭേദങ്ങളിലൂടെ മുന്നോട്ടു നയിച്ചു. ഫ്രാൻസിസ്കൻ വിമലഹൃദയ സഭാസ്ഥാപകൻ ഫാ. ലൂയിസ് സവീനിയൻ ദുപ്പൂയിയും സഭയെ കൊല്ലം രൂപതയിലേക്കു കൊണ്ടുവന്ന ബിഷപ് അലോഷ്യസ് മരിയ ബൻസിഗറും സ്വതന്ത്രസന്ന്യാസിനി സഭയാക്കാൻ യത്നിച്ച ജറോം പിതാവും ദൈവദാസപദത്തിലേക്ക് ഉയർത്തപ്പെട്ടതിൽ വിമലഹൃദയസമൂഹം ഏറെ സന്തോഷിക്കുകയും ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു. വളർച്ചയുടെ പടവുകളിൽ കൈപിടിച്ച കൂടെ നടത്തിയ അഭിവന്ദ്യരായ ജോസഫ് എം. ഫെർണാണ്ടസ് പിതാവിനെയും സ്റ്റാൻലിറോമൻ പിതാവിനെയും ഈ കാലയളവിൽവേണ്ട നിർദേശങ്ങൾ നൽകി സഭയെ കരുതുന്ന അഭിവന്ദ്യ പോൾ ആന്റണി മുല്ലശ്ശേരി പിതാവിനെയും നന്ദിയോടെ ഓർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ, സന്ന്യസ്തർ, മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുമിത്രാദികൾ, അഭ്യുദയകാംക്ഷികൾ എന്നിവരേയും സ്നേഹപൂർവം ഓർക്കുന്നു.

1947 മുതൽ 1980 വരെ സഭയുടെ ഡയറക്ടർമാരായിരുന്ന മോൺ. ബർണാർഡ് ഡിക്രൂസിനെയും ഫാ. ആന്റണി ഡൊമിനിക്കിനെയും പ്രാർഥനാഞ്ജലികളോടെ സ്മരിക്കുന്നു. വന്ദ്യരായ മദർ ഹെൻട്രിക്കാ മേരി, മദർ എൽജീവ് മേരി, മദർ കാർമൽ മേരി, മദർ വെറോണിക്കാ മേരി, മദർ ഡെൽഫിൻ മേരി, മദർ ബോണിഫസ് മേരി എന്നിവരുടെ പ്രവർത്തനങ്ങൾ വിമലഹൃദയ സഭാചരിത്രത്തിൽ ഒളിമങ്ങാതെ നിലനിൽക്കുന്നു. കർത്താവിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ പൂർവികരായ അമ്മമാരുടെ അണയാത്ത ഓർമകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ദിവ്യകാരുണ്യ സന്നിധിയിൽ തിരുവചനത്തിന്റെ വെളിച്ചത്തിൽനിന്നും അനുനിമിഷം സ്വീകരിക്കുന്ന ചൈതന്യത്തെ ഒരു വലിയ പ്രകാശമായി നിത്യം പ്രശോഭിപ്പിക്കാൻ വിമലഹൃദയ സഭയ്ക്ക് എക്കാലത്തും കഴിയുമാറാകട്ടെ. ■

www.malankaralibrary.com

# നമ്മുടെ ഗ്രഹം ആരോഗ്യം



റവ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്
*വികാരി, സെന്റ് പീറ്റർ ചർച്ച്, നെഹ്റു നഗർ, തൃശൂർ*

**ലോകാരോഗ്യദിനത്തോടനുബന്ധിച്ച് ഈ വർഷത്തെ വിചിന്തനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള 'നമ്മുടെ ഗ്രഹം നമ്മുടെ ആരോഗ്യം' എന്ന വിഷയത്തെ കേന്ദ്രീകൃതമാക്കിക്കൊണ്ടുള്ള ആരോഗ്യ ചിന്തകളെ അവലോകനം ചെയ്യുന്ന ലേഖനം.**

രോഗമില്ലാത്ത അവസ്ഥയാണ് ആരോഗ്യം എന്ന് കരുതി നൂറ്റാണ്ടുകളോളം ലോകം വിശ്വസിച്ച് ആശ്വസിച്ചിരുന്നു. എന്നാൽ, ലോകാരോഗ്യസംഘടനയുടെ ഒരു നിർവചനത്തിലൂടെ ആരോഗ്യസങ്കല്പത്തിന് വിപുലമായ മാനം നൽകി. 'ആരോഗ്യം' എന്നാൽ രോഗമില്ലാത്ത അവസ്ഥമാത്രമല്ല, ശാരീരികവും മാനസികവും സാമ്പത്തികവും സാമൂഹികവുമായ സുസ്ഥിതിയാണെന്ന തിരിച്ചറിവ് നൽകി. അപ്പോഴും ആരേഗ്യ സങ്കല്പം അപൂർണമായിരുന്നു; കാരണം, രണ്ടു പ്രമുഖ ഘടകങ്ങൾ ഗൗനിക്കപ്പെട്ടിരുന്നില്ല. ആത്മീയാരോഗ്യം ഒരു അനിഷേധ്യവസ്തുതയാണെന്ന് ബോധ്യപ്പെട്ടിട്ടും പാശ്ചാത്യവൈദ്യ സംസ്കാരത്തിന് ആത്മീയതയെ അംഗീകരിക്കാൻ വൈമനസ്യമായിരുന്നു. എക്സ്റേ, സ്ക്കാൻ, മറ്റ് പരിശോധനകൾ എന്നിവയിൽ ദർശിക്കാനാവാത്തത് ശാസ്ത്രമല്ല എന്ന അഹങ്കാരമാണ് കാരണം. പക്ഷെ ആരോഗ്യത്തെ ബാധിക്കുന്ന മാനസിക (ആത്മീയ) അവസ്ഥ ഇപ്പോൾ ഭൂരിപക്ഷം ഡോക്ടർമാരും അംഗീകരിക്കുന്നുണ്ട്. എന്നാൽ 2022 – ലെ ലോകാരോഗ്യദിന പ്രമേയത്തിൽ ഇതുവരെ ഗൗരവമായി കാണാതിരുന്ന ഒരു ഘടകം കൂടി ഉൾച്ചേർത്ത് സമഗ്രമാക്കി – പാരിസ്ഥിതികഘടകം. 'നമ്മുടെ ഗ്രഹം നമ്മുടെ ആരോഗ്യം' എന്നതാണ് 2022–ലെ ലോകാരോഗ്യ പ്രമേയമായി അവതരിപ്പിച്ചിട്ടുള്ളത്.

നമ്മുടെ ഗ്രഹത്തിന്റെ അവസ്ഥ വർഷംതോറും രോഗാതുരമായിക്കൊണ്ടിരിക്കുന്നുവെന്ന് പരിസ്ഥിതിയെക്കുറിച്ച് ജാഗ്രതയുള്ള ശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പ് നൽകാൻ തുടങ്ങിയിട്ട് ഒരു നൂറ്റാണ്ടായിട്ടുണ്ട്. യുദ്ധക്കൊതിയരും ആയുധവ്യാപാരികളുമായ വികസിതരാഷ്ട്രങ്ങൾ ഇതെല്ലാം അവഗണിക്കുകയായിരുന്നു. മോട്ടോർ വാഹനങ്ങൾ, ശീതീകരണയൂണിറ്റുകൾ, ആണവറിയാക്റ്ററുകൾ, കുതിച്ചുയരുന്ന റോക്കറ്റുകളിൽനിന്ന് പുറന്തള്ളുന്ന വാതകങ്ങൾ എന്നിവ ഭൂമിയിലേയും ബഹിരാകാശത്തേയും കാർബൺ മലിനീകരണത്തിന് കാരണമാകുന്നു. ഇവയ്ക്ക് പുറമേ ഓക്സിജൻ നൽകുന്ന വൃക്ഷങ്ങളും വൻമരങ്ങളും നിഷ്കരുണം വെട്ടിനശിപ്പിക്കുകയും ചെയ്യുന്നു. ലാഭേച്ഛയോടെ വൻകിട കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന മോട്ടോർവാഹനങ്ങളും എയർകണ്ടിഷണറുകളും അനിയന്ത്രിതമായ കാർബൺമോണോക്സൈഡ് വാതകങ്ങളാണ് അന്തരീക്ഷത്തിലേക്ക് വമിപ്പിച്ചുകൊണ്ടിരിക്കുന്നത്. തന്മൂലം ഭൂമിയുടെ താപനില ഓരോ വർഷവും വർധിച്ചുകൊണ്ടിരിക്കുന്നു. ഈ വിപരീതഘടകങ്ങളെല്ലാം കൈകോർക്കുമ്പോൾ, അമ്മഭൂമിയുടെ ശക്തി ക്ഷയിക്കുന്നു. ഊറ്റാവുന്നതിലധികം പാൽ കറന്നെടുത്ത ഒരു പശുവിനു സമാനമായി ഭൂമി മാറിയിരിക്കുന്നു.

ലോകാരോഗ്യദിനത്തിലെങ്കിലും ചില സ്ഥിതിവിവരക്കണക്കുകൾ നമ്മുടെ വിചിന്തനത്തിന് സഹായകരമാകണം. 2021–ൽ ആഗോളമായി കാർബൺ ഡയോക്സൈഡിന്റെ അളവ് 36.3 ബില്ല്യൻ ടൺ ആയിരുന്നു. ചൈന, അമേരിക്ക, ഇന്ത്യ, റഷ്യ എന്നീ രാജ്യങ്ങളാണ് മുഖ്യപ്രതികൾ. ട്രമ്പിന്റെ ഭരണകാലത്ത് കാർബൺ മലിനീകരണനിയന്ത്രണത്തിനുള്ള

www.malankaralibrary.com

ഫണ്ട് വെട്ടിച്ചുരുക്കുകയും ചെയ്തു. 2020-ൽ കാർബൺ മോണോക്സൈഡ് വ്യാപനം അല്പം കുറവായിരുന്നു. കോവിഡ് ലോക്ഡൗൺ മൂലം അന്താരാഷ്ട്രതലത്തിൽത്തന്നെ വാഹനഗതാഗതം ഏതാണ്ട് നിലച്ചുപോയതാണ് കാരണം.

1880 മുതൽ നാളിതുവരെ ആഗോളതാപനം 0.14 ഫാരൻഹീറ്റ്വർധിച്ചിട്ടുള്ളത് അപായസൂചനയാണ്. 2021-ൽ ത്തന്നെ 1.5 ഫാരൻ ഹീറ്റ്താപം ഉയർന്നു. വ്യവസായവിപ്ലവത്തിനുശേഷം ഉണ്ടായ വർധന ഈ വിധം കുതിച്ചാൽ അറുന്നൂറ് വർഷത്തിനുള്ളിൽ ഭൂമി കത്തിച്ചാമ്പലാകും.

ലോകത്തിൽ മൂന്നിൽരണ്ടു വിഭാഗം ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നില്ല. ഭൂമിയുടെ ഞരമ്പുകളായ നദികളിലേക്ക് മലമുകളിൽനിന്ന് വൃക്ഷവേരുകളിലൂടെ വെള്ളം കിനിഞ്ഞിറങ്ങാത്തതിനാൽ നദികൾ എളുപ്പം വറ്റിവരളുന്നു. മലിനജലം വഴി എത്രയോ രോഗങ്ങളാണ് മനുഷ്യനെ പിടികൂടുന്നത്! 2025 ആകുമ്പോഴേക്കും ലോകത്തിൽ ശുദ്ധജലം കിട്ടാക്കനിയായി മാറും.

വൻകിടയന്ത്രങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടും ഒളിഞ്ഞും തെളിഞ്ഞും രാസകീടനാശിനികൾ പ്രയോഗിക്കുന്നതുകൊണ്ടും ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനത്തിൽ വർധനവ് ഉണ്ടായിട്ടുണ്ട്. പക്ഷെ കൃഷിയിടങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞിട്ടുണ്ട്. ഓർഗാനിക് ഉൽപ്പന്നം എന്ന ലേബൽ ചില സന്ദർഭങ്ങളിൽ ഭക്ഷ്യവസ്തുക്കൾക്ക് വില വർധിപ്പിക്കാനുള്ള ഒരു കുറുക്കുവഴിയാണ്.

2019-ൽ വനവിസ്തൃതി ഒമ്പത് ദശലക്ഷം ഏക്കർ നഷ്ടപ്പെടുത്തി. തടിമോഷ്ടാക്കളും വനത്തിൽ സൃഷ്ടിച്ചെടുക്കുന്ന കാട്ടുതീയുമാണ് കാരണക്കാർ, ഇതിനുപിന്നിൽ മാഫിയകളാണ്. 1990 - 2020 വർഷത്തിന്നിടയിൽ 4.2 ശതമാനം വനഭൂമി നമുക്ക് നഷ്ടപ്പെട്ടു. 2025 ആകുമ്പോഴേക്കും പത്തുശതമാനം കൂടി മഴക്കാടുകൾ നശിച്ചിരിക്കും!

കോവിഡ് 19 മഹാമാരിയെ വിസ്മരിച്ച് ലോകാരോഗ്യദിനാചരണം സാധ്യമല്ല. ലോകത്തിൽ ഈ രോഗം 61.6 ലക്ഷം ജീവനുകൾ തട്ടിയെടുത്തു; ഭാരതത്തിൽ 5.21 ലക്ഷം പേരുടെയും. ഇനിയും തുടരുന്ന തരംഗങ്ങളിൽ എത്രായിരം പേർ മരണപ്പെടുമെന്നറിയില്ല.

വ്യക്തിപരവും സാമൂഹികവുമായ ശുചിത്വം ആരോഗ്യസംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്. ലാഘവബുദ്ധിയോടെ, കുത്തഴിഞ്ഞ ജീവിതം നയിക്കുന്നവർ കരുതലിന്റെ അച്ചടക്കത്തിലേക്ക് മടങ്ങിവരട്ടെ. ലഹരിയുടെ മാസ്മരികതയിലേക്കും ഇന്റർനെറ്റ് ലോകത്തിലേക്കും തിരിയുന്നവർക്കും അടിയന്തര വീണ്ടുവിചാരം അനിവാര്യം. ചുരുക്കത്തിൽ നമ്മുടെ ആരോഗ്യം നമ്മുടെ കരങ്ങളിൽ സുരക്ഷിതമായിരിക്കട്ടെ.

**അനുബന്ധം:** വിശ്വപ്രശസ്തനായ ഭൗതികശാസ്ത്രജ്ഞൻ ഡോ. സ്റ്റീഫൻ ഹോക്കിങ്ങ്സിന്റെ പ്രവചനമനുസരിച്ച് ഭൂമി 600 വർഷങ്ങൾക്കുള്ളിൽ പൂർണമായി തീപിടിച്ച് കത്തിനശിക്കുമത്രെ. അതിനാൽ, കരുതലോടെ നമുക്ക് ജീവിക്കാം. ■



www.malankaralibrary.com

# ആർദ്രമായ ഓർമകളാകാം നമുക്ക്

**നൈമിഷികമായ ജീവിതത്തിൽ ലൗകിക ബഹുസ്വരതയെക്കാൾ ഓർമിക്കാൻ ബാക്കിവയ്ക്കാവുന്നത് നാം നൽകുന്ന നല്ല സ്മരണകളായിരിക്കും. തിരക്കിനിടയിൽ നാം മറന്നുപോകുന്നതും ഇതുതന്നെയാണ്. വേദനിക്കുന്നവർക്കും വിലപിക്കുന്നവർക്കും ഒന്നു കാതുകൊടുക്കാനും കരുതാനും ഒരു സാന്ത്വനസ്പർശം നൽകാനും കഴിയാതെ വൻകാര്യങ്ങളുടെ ശേഷിപ്പിനായുള്ള ഓട്ടപ്പാച്ചിലിനിടയിൽ ശാന്തമായി സ്വന്തം ജീവിതത്തെയും അപരജീവിതങ്ങളെയും കൺതുറന്നുകാണാനും ഹൃദയം തുറന്ന് ഉൾക്കൊള്ളാനും കഴിയണം.**



**ഷിജി ജോൺസൺ**
*മോട്ടിവേഷൻ ട്രെയിനർ*

ഐറിഷ്കത്തോലിക്കാ പാരമ്പര്യത്തിൽ ജനിച്ച പ്രശസ്ത ബ്രിട്ടീഷ് എഴുത്തുകാരി കാരൻ ആംസ്ട്രോംഗ് കുറച്ചുകാലം ഒരു കന്യാസ്ത്രിയായിരുന്നു. പിന്നീട് മഠം ഉപേക്ഷിച്ചെങ്കിലും സ്നേഹത്തോടെയും സന്തോഷത്തോടെയും മാത്രമേ അവർ തന്റെ സന്ന്യസ്തകാലവും മഠത്തിലെ ജീവിതവും ഓർമിക്കാറുണ്ടായിരുന്നുള്ളൂ. അതീവ ഭംഗിയും ഹൃദ്യതയുമുണ്ട് അവരുടെ എഴുത്തിനും ശൈലിക്കും. 'കരുണാർദ്രമായൊരു ജീവിതത്തിലേക്ക് 12 ചുവടുകൾ' എന്ന തന്റെ പുസ്തകത്തിൽ കാരൻ ഒരു സംഭവം വിവരിക്കുന്നുണ്ട്. ഒരിക്കൽ വൃദ്ധയായൊരു കന്യാസ്ത്രിയെ കാണാൻ കാരൻ ചെന്നു. അവർ രോഗശയ്യയിലാണ്. മരണം കാത്തുകിടക്കുന്നതുപോലെയാണ് ഓരോ വാക്കും ഉരുവിട്ടിരുന്നത്. കിടക്കയുടെ അടുത്തിരുന്ന കാരന്റെ രണ്ടുകൈകളും ചേർത്തുപിടിച്ച്, വിറയാർന്ന സ്വരത്തിലവർ പറഞ്ഞു, "എല്ലാവരും പറയുന്നത് നീയൊരു പ്രശ്നക്കാരിയാണെന്ന്. പക്ഷെ, നിന്നെ കണ്ടപ്പോൾമുതൽ എന്റെ മനസ്സുപറയുന്നത് നീയൊരു നല്ലകുട്ടിയാണെന്നാണ്. " കാരൻ എഴുതുന്നു– "ആ അമ്മയുടെ വാക്കുകൾ കുറച്ചൊന്നുമല്ല എനിക്ക് ധൈര്യം തന്നത്. പറഞ്ഞുകഴിഞ്ഞ് അവരത് മറന്നുപോയേക്കാം. പക്ഷെ പതുങ്ങിയ ശബ്ദത്തിൽ പറഞ്ഞ ചിലമ്പിച്ച കൊച്ചുവാക്കുകൾ എന്റെ കൂടെപ്പോന്നു. മനസു തളർന്നുപോകുമ്പോൾ ആ വാക്കുകളിൽ ഞാൻ ധൈര്യം സംഭരിച്ചിട്ടുണ്ട്. പിടിച്ചു നിന്നിട്ടുണ്ട്. മരണത്തിന്റെ വക്കിലെത്തിയ ഒരാൾ എനിക്കു നൽകിയ ധൈര്യമാണത്. ഒരു മനുഷ്യനെങ്കിലും അങ്ങനെയൊരു ധൈര്യത്തിന്റെയോ സന്തോഷത്തിന്റെയോ ഓർമനൽകാൻ നമുക്ക് കഴിയണം. വേർഡ്സ്വർത്തിന്റെ ചെറിയൊരു കവിതകൊണ്ട് കാരൻ തന്റെ എഴുത്ത് ചുരുക്കുന്നു. 'ഒരു നാളും മാഞ്ഞു പോകാത്ത ഒരു നിമിഷമെങ്കിലും ബാക്കിയാക്കാൻ നമുക്ക് കഴിയട്ടെ.' ഒന്നു മനസ്സുവച്ചാൽ ആർക്കാണതിനു കഴിയാത്തത്.

സ്വന്തം കഥയെഴുതാൻ സ്വപ്രചോദനം മാത്രംമതി. എന്നാൽ ജീവചരിത്രം എഴുതപ്പെടണമെങ്കിൽ സ്വയം മറന്ന് ആരുടെയെങ്കിലും ജീവിതത്തെ സ്പർശിച്ചിട്ടുണ്ടാവണം. അതിനാൽ നാം അഹംബോധം വെടിഞ്ഞ് മറ്റുള്ളവർക്കുവേണ്ടിക്കൂടി ജീവിക്കണം. മറ്റുള്ളവരിലെ നന്മ കണ്ടത്തേണ്ടതും ആശ്വാസം പകരേണ്ടതും നന്ദിയോടെ ജിവിക്കേണ്ടതും എങ്ങനെയെന്നു പഠിച്ചാൽ സന്തോഷം അന്വേഷിച്ചു നടക്കേണ്ടിവരില്ല. അതു നമ്മെത്തേടി വന്നുകൊ

www.malankaralibrary.com

ള്ളും. പുറമേ പുഞ്ചിരിച്ച് കടന്നുപോകുന്നവരാകാതെ, ഉള്ളറിഞ്ഞ് പ്രാർഥിക്കുന്നവരും ഉടയാത്ത സ്നേഹമുള്ളവരുമാകണം നാം. ജീവിതമായാലും പ്രവൃത്തികളായാലും ഒരിക്കലും അവസാനിക്കാതെ മുൻപോട്ടുകൊണ്ടുപോകാൻ കഴിയുന്നു എന്നതിലല്ല, എത്ര നന്നായി അവസാനിപ്പിക്കാൻ കഴിയുന്നു എന്നതിലാണു കാര്യം. തുടക്കത്തെക്കാൾ കൃത്യതയോടെയും കണിശതയോടെയും ചെയ്യേണ്ടതാണ് പൂർത്തിയാക്കലും. എത്രപൂർണചന്ദ്രന്മാരെ കണ്ട ജീവിതമാണ് എന്നതിലല്ല, എത്ര അർഥപൂർണമായി ജീവിച്ചു എന്നതല്ലേ യഥാർഥ ഗുണനിലവാര സൂചിക? ചിലപ്പോൾ നാം നൽകുന്ന ആശ്വാസം, സമ്മാനിക്കുന്ന പുഞ്ചിരി, നീട്ടികൊടുക്കുന്ന കൈകൾ, മറ്റൊരാളുടെ ജീവിതത്തെ മാറ്റിമറിക്കും. മനുഷ്യൻ എല്ലായിടത്തും ജനിക്കും. പക്ഷെ മനുഷ്യത്വം ജനിക്കണമെങ്കിൽ നാം മനപൂർവം മനസ്സുവയ്ക്കണം.

ഒന്നിനെയും ഒറ്റക്കാഴ്ചയിൽ വിധിക്കരുത്. കാണുന്നതെല്ലാം സത്യമല്ല. എന്നാൽ കണ്ട സത്യങ്ങൾ പൂർണവുമല്ല. കാണാത്ത സത്യങ്ങളുമുണ്ട്. ചില സമയങ്ങളിൽ പണത്തെക്കാൾ മൂല്യം നന്മനിറഞ്ഞ ഒരു പ്രവൃത്തിക്കോ, ചേർത്തുപിടിച്ചുപറയുന്ന ഒരാശ്വാസവാക്കിനോ കാണും. ഒരാളുടെ മനസ്സുകീഴടക്കാൻ അയാളുടെ മുൻപിൽ സമ്പത്തു വാരിവിതറുകയല്ല മറിച്ച് ഹൃദയം തൊടണം. എല്ലാവരും സ്നേഹവും പരിഗണനയും അർഹിക്കുന്നവർതന്നെയാണ്. ഒന്നു നോക്കുകപോലും ചെയ്യാതെ വലിച്ചെറിയുന്ന നോട്ടുകളെക്കാൾ വില അടുത്തിരുന്ന് കുശലം പറയുന്ന പ്രിയപ്പെട്ടവരുടെ വാക്കുകൾക്ക് ഉണ്ടാകും. അവഗണിക്കപ്പെടുന്നു എന്ന തോന്നലാണ് മനസ്സിന് കഠിനവേദന തരുന്നത്. ഒപ്പം ഇരിക്കുന്നവർ സമ്മാനിക്കുന്ന സന്തോഷം ഒരു കോടീശ്വരനും നൽകാനായെന്നും വരില്ല.

തന്റെ ചുറ്റുമുള്ളവരെ ഏറെ സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യുന്ന സാമാന്യത്തിലേറെ തിരക്കുള്ള ബിസിനസുകാരനായ ഒരു സുഹൃത്തിനെ ഓർമവരുന്നു. താൻ എന്തോ വലിയ കാര്യം ചെയ്യുന്നു എന്ന ചിന്ത ലേശവുമില്ലാതെ പ്രവർത്തിക്കാനുള്ള മനസ്സിനുവേണ്ടിയാണ് അദ്ദേഹത്തിന്റെ പ്രാർഥനതന്നെ. സാമൂഹിക, സാംസ്കാരിക, ജീവകാരുണ്യമേഖലകളിലൊക്കെ സജീവമാണെങ്കിലും പ്രകടനപരതയൊട്ടുമില്ല. ജീവിതപ്രതിസന്ധികളിൽ നട്ടംതിരിയുന്ന സുഹൃത്തുക്കളെ തിരിച്ചറിയാനും അവരെ ആശ്വസിപ്പിക്കാനും അദ്ദേഹം സമയം കണ്ടെത്തുമായിരുന്നു. പ്രലോഭനങ്ങളെ അതിജീവിക്കാൻ, ഭയം മാറാൻ, ആത്മവിശ്വാസമുണ്ടാകാൻ, ആരോഗ്യം വീണ്ടെടുക്കാൻ എന്നുവേണ്ട, ഏതവസരങ്ങൾക്കും യോജിച്ച പ്രാർഥനകളും സങ്കീർത്തനമുൾപ്പടെയുള്ള വചനഭാഗങ്ങളും അദ്ദേഹത്തിന് മനപാഠമായിരുന്നു. സുഹൃത്തുക്കൾക്ക് അത് ഫോണിലേക്ക് അയച്ചുനൽകുമായിരുന്നു. വ്യക്തിപരമായൊരു ആശങ്കയുടെ ഘട്ടത്തിൽ അദ്ദേഹം നൽകിയ കരുതലിനും പിന്തുണയ്ക്കും പകരം നൽകാൻ നന്ദിയുടെ വാക്കുകൾ എനിക്ക് തികയുമായിരുന്നില്ല. ഇടയ്ക്കെപ്പോഴോ മൈക്കൾ ജോസഫ്സണിന്റെ ഒരു കവിതയും അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തി. ആ കവിതയുടെ വരികളുടെ ചുരുക്കം ഏതാണ്ടിങ്ങനെയായിരുന്നു: "തയ്യാറായാലും ഇല്ലെങ്കിലും ഒരിക്കൽ നമുക്കിവിടെനിന്നും കടന്നുപോകേണ്ടിവരും. സമ്പാദ്യമൊക്കെ മറ്റാരുടേതെങ്കിലുമാകും. എന്ത് ലഭിച്ചു എന്നതിലല്ല, നാം മറ്റുള്ളവർക്ക് എന്തുനൽകി എന്നതിലാണ് കാര്യം. നാം എന്തുപഠിച്ചു എന്നതിനെക്കാൾ മറ്റുള്ളവരെ എന്തുപഠിപ്പിച്ചു എന്നതിലാണുകാര്യം. എന്തുമാതൃക നൽകി എന്നതിലാണു കാര്യം. നമ്മെ എത്രപേർ അറിയും എന്നതിലല്ല, നാം മറഞ്ഞുകഴിഞ്ഞാൽ എത്രപേർക്ക് അതൊരു തീരാനഷ്ടമാകും എന്നതിലാണ് കാര്യം. എത്രനാൾ നമ്മെ മറ്റുള്ളവർ ഓർക്കും എന്നതിനെക്കാൾ എന്തിന്റെ പേരിലായിരിക്കും നാം ഓർമിക്കപ്പെടുക എന്നതിലാണ് കാര്യം. നമ്മുടെ കഴിവിനല്ല, സ്വഭാവത്തിനാകട്ടെ പ്രാധാന്യം. ഫലപ്രദമായൊരു ജീവിതം, യാദൃശ്ചികമായി സംഭവിക്കുന്നതല്ല, നാം ബോധപൂർവം തിരഞ്ഞെടുക്കേണ്ടതാണ്. അങ്ങനെയൊരു തിരഞ്ഞെടുപ്പ് നടത്താനാവട്ടെ നമുക്ക് ഏവർക്കും" എന്ന ഓർമപ്പെടുത്തലോടെയാണ് കവിത അവസാനിക്കുന്നത്.

അതുകൊണ്ട് മറ്റുള്ളവർ എങ്ങനെ ജീവിക്കുന്നു എന്നതിനെക്കാൾ നാം എങ്ങനെ ജീവിക്കുന്നു എന്നതിനാകട്ടെ പ്രാധാന്യം. എങ്ങനെ ജീവിക്കണമെന്ന് നമുക്ക് തീരുമാനിച്ചുറപ്പിക്കാം.

എപ്പോൾ തീർന്നുപോകുമെന്ന് ഒരു നിശ്ചയവുമില്ലാത്ത ഒരു ഓട്ടമാണ് ജീവിതം. ഓർമകളാണ് ബാക്കിവയ്ക്കാവുന്ന ഒരേയൊരു സമ്മാനം. സന്തോഷത്താൽ കണ്ണുനനയുന്ന, സംതൃപ്തിയാൽ ഹൃദയം നിറയുന്ന ഓർമയായി ചുറ്റുമുള്ള ആരുടെയെങ്കിലുമൊക്കെ മനസിൽ നമുക്ക് ബാക്കിയാവേണ്ടേ? അസ്തമയത്തിനുമുൻപുള്ള ഇളംചൂടുള്ള ഒരു വൈകുന്നേരമല്ലേ നമ്മുടെ ഈ ആയുസ്...?

■

www.malankaralibrary.com

# നാരദൻ

**ഉണ്ണി ആർ. തിരക്കഥയൊരുക്കി ആഷിക് അബു സംവിധാനം ചെയ്തിരിക്കുന്ന 'നാരദൻ' ആണ് ഈ ലക്കം പ്രകാശിതചിത്രമായി പരിചയപ്പെടുത്തുന്നത്. ടൊവിനോ തോമസ്, അന്നബെൻ, ഷറഫുദീൻ, വിജയരാഘവൻ, ഇന്ദ്രൻസ്, ജോയ്മാത്യു, രൺഞ്ജിപണിക്കർ തുടങ്ങിയവർ പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.**



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

മാധ്യമങ്ങൾക്കിടയിലെ മത്സരത്തിന്റെയും മാധ്യമവിചാരണയുടെയും നേർക്കാഴ്ച അവതരിപ്പിക്കുന്ന ചിത്രമാണ് 'നാരദൻ.' ടെലിവിഷൻ റേറ്റിംഗിനുവേണ്ടി ചാനലുകൾക്കിടയിൽ നിലനിൽക്കുന്ന കുടിപ്പകയും കിടമത്സരവും പുതുമയുള്ള കാര്യമല്ല; മാധ്യമങ്ങൾ വ്യക്തികളുടെ, പ്രത്യേകിച്ചും പൊതുപ്രവർത്തകരുടെ സ്വകാര്യ ജീവിതങ്ങളിലേക്കു നടത്തുന്ന ഒളിഞ്ഞുനോട്ടങ്ങളും പഴയ വാർത്തതന്നെ. കാലംമാറി; ഒളിച്ചു നോട്ടങ്ങളിൽ നിന്ന് ഒരുപടി മുന്നോട്ടുകടന്ന് ഇന്ന് മാധ്യമങ്ങളാണ് സമൂഹമനഃസാക്ഷി എന്ന ഭാവേന വ്യക്തിജീവിതങ്ങളിലേക്കു അതിക്രമിച്ചുകയറി എല്ലാ മണ്ഡലങ്ങളിലും ശരിയുടെയും തെറ്റിന്റെയും തീർപ്പു കല്പിക്കാൻ തുടങ്ങിയിരിക്കുന്നു. ആശങ്കാജനകമായ ഈ യാഥാർഥ്യമാണ് 'നാരദൻ' അടിവരയിട്ടു പറയുന്നത്.

ആന്റിഹീറോയെ അവതരിപ്പിക്കുന്ന മിക്കവാറും സിനിമകളും ആ നായകനെ, അയാളുടെ പെരുമാറ്റങ്ങളെ ന്യായീകരിക്കാൻ ശ്രമിക്കാറുണ്ട്. പക്ഷെ ഈ ചിത്രം എടുക്കുന്ന വ്യത്യസ്ത നിലപാട് സമൂഹത്തിലെ സാധാരണ ജനങ്ങളുടെ പക്ഷംചേർന്ന് അന്തിമമായി ഇതിലെ നെഗറ്റീവ് ഹീറോയെതന്നെ വിചാരണ ചെയ്യുന്നു എന്നുള്ളതാണ്. മാത്രമല്ല സാധാരണ മുഖ്യധാരാ ചിത്രങ്ങളിൽ തെറ്റായ പ്രതിനിധാനത്തിന്റെ ഇരകളാക്കി മാറ്റാറുള്ള ന്യൂനപക്ഷ സമുദായങ്ങങ്ങളെ യഥാർഥ ധാർമികതയുടെ വക്താക്കളായാണ് ചിത്രീകരിച്ചിരിക്കുന്നത്. മാധ്യമധർമത്തിനോ സ്വന്തം ജീവിതമൂല്യങ്ങൾക്കോ കോട്ടം വരുത്തുന്ന ഒരു നിലപാടിനും തയ്യാറാകാത്ത ശക്തനായ ചാനൽ അവതാരകൻ പ്രദീപ് ജോൺ (ഷറഫുദീൻ), നീതി നിഷേധിക്കപ്പെടുന്ന പാവങ്ങൾക്കിടയിൽ ഒരു മാലാഖയെപ്പോലെ പ്രത്യക്ഷപ്പെടുന്ന, 'പുറമ്പോക്കിൽ അച്ചൻ' എന്നറിയപ്പെടുന്ന ഫാ. ഡാനിയേൽ (ജാഫർ ഇടുക്കി), പാവപ്പെട്ടവർക്കുവേണ്ടി കേസുകൾ വാദിക്കുന്ന അഡ്വ. ഷാക്കിറ മുഹമ്മദ് (അന്ന ബെൻ) തുടങ്ങിയ ധീരവും വ്യത്യസ്തവുമായ നിലപാടുകളെടുക്കുന്ന കഥാപാത്രങ്ങൾ നാരദന്റെ താരനിരയിലെ ഹൈലൈറ്റുകളാണ്.

മുഖ്യകഥാപാത്രം 'സി.പി' എന്ന് വിളിക്കുന്ന ചന്ദ്രപ്രകാശിനെ (ടൊവിനോ) കഥയുടെ തുടക്കത്തിൽ അവതരിപ്പിക്കുന്നത് മൂല്യങ്ങൾ സൂക്ഷിക്കുന്ന, ഗ്ലാമർ തലയ്ക്കു പിടിച്ചിട്ടില്ലാത്ത ഒരു ചാനൽ അവതാരകനായാണ്. ചൂടുപിടിച്ച ടെലിവിഷൻ ചർച്ചകളിൽ പങ്കെടുക്കുന്ന പ്രമുഖരെ അടക്കം, സ്നേഹപൂർവം തിരുത്താനും ചോദ്യംചെയ്യാനും മടിക്കാത്ത ജനപ്രിയ അവതാരകൻ. പക്ഷെ ചാനലിന്റെ എതിരാളികൾ എന്ന് വിളിക്കാവുന്ന മറ്റൊരു ചാനലിലെ അവതാരകൻ പ്രദീപ് ജോൺ, സി.പിയെ കടത്തിവെട്ടി പ്രമാദമായ ഒരു വിഷയത്തിൽ 'ബ്രേക്കിംഗ്ന്യൂസ്' കൊടുത്തു കൈയടി നേടിയപ്പോൾ സി.പി നിഷ്പ്രഭനായി. നാളതുവരെ സി.പിയെ മുതലെടുത്തിരുന്ന ചാനൽ മുതലാളി കുറുപ്പ് (ജോയ് മാത്യു) സി.പിയെ പിൻനിരയിലേക്കുതള്ളി പ്രദീപ് ജോണിനെ കുതിരക്കച്ചവടം നടത്തി ചാനലിലേക്കു കൊണ്ടുവന്ന്

www.malankaralibrary.com



മുഖ്യ അവതാരകനാക്കി. മാസങ്ങളായി ശമ്പളം കിട്ടിയിട്ടില്ലാത്ത ഒരുവാർത്താ ചാനലിൽ ജോലി ചെയ്തു മടുത്ത പ്രദീപ്, കുറുപ്പ് വച്ചുനീട്ടിയ ഓഫർ സ്വീകരിച്ച് ചാനൽവിട്ട് പുതിയ ചാനലിലേക്കു ചേക്കേറുന്നു. 'നാരദൻ' മാധ്യമലോകത്തെ അന്തർധാരകൾ പുറത്തുകൊണ്ടുവരുന്നതോടൊപ്പം പുറമേക്ക് ഗ്ലാമർ ഉണ്ടെങ്കിലും ഉള്ളിൽ ഒട്ടും പകിട്ടില്ലാത്ത മാധ്യമപ്രവർത്തകരുടെ ജീവിതപ്രശ്നങ്ങളും തുറന്നുകാട്ടുന്നു. ചാനൽ മുതലാളി കുറുപ്പ്, ചന്ദ്രപ്രകാശിനുമേൽ പ്രയോഗിച്ചതുപോലുള്ള ചതിപ്രയോഗം മാത്രമല്ല, ഓരോ വാർത്തയും സൃഷ്ടിച്ചെടുക്കാനും ചാനൽ റേറ്റിംഗ് പിടിച്ചു നിർത്താനും വേണ്ടി സ്റ്റാഫിനുമേൽ മാനേജ്മെന്റ് ചെലുത്തുന്ന സമ്മർദ്ദം സാധാരണ മനുഷ്യർക്ക് താങ്ങാവുന്നതല്ല.

മാധ്യമകമ്പോളത്തിലെ മാറിമറിയുന്ന നീക്കങ്ങൾക്കനുസരിച്ചു പല നിലകളിലുള്ള പ്രലോഭനങ്ങൾക്ക് വശംവദരായി തങ്ങളുടെ നിലപാടുകൾ അപ്പാടെ മാറ്റി മൂല്യാധിഷ്ഠിത മാധ്യമവേലയുടെ വഴിയിൽ നിന്ന് മാറിക്കളയുന്ന മാധ്യമപ്രവർത്തകരുടെ ആൾരൂപമാണ് ചന്ദ്രപ്രകാശ്. അടിസ്ഥാനപരമായി എപ്പോഴും ഒരു ഒറ്റയാനായിരുന്നു അയാൾ, തന്നെ പ്രണയിച്ചു ഒരുമിച്ചു ജീവിക്കാൻ ആഗ്രഹിക്കുന്ന കാമുകിയെ ആട്ടി അകറ്റുമ്പോഴും, ആദ്യചാനലിൽ നിന്നു അപമാനിതനായി പുറത്തുവരുമ്പോഴും ചന്ദ്രപ്രകാശിന്റെ മനോഭാവങ്ങൾ ശ്രദ്ധിച്ചാൽ അറിയാം അയാൾ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെ ആഴം. അയാളുടെ സ്വഭാവത്തിലെ ഈ ബലഹീനവശങ്ങളെ മുതലെടുത്തുകൊണ്ടാണ് സാമുദായിക ധ്രുവീകരണശക്തികൾ വ്യക്തമായ അജണ്ടകളോടെ തുടങ്ങിവയ്ക്കുന്ന ടെലിവിഷൻ ചാനലിന്റെ ചുമതല മുഴുവനായി ചന്ദ്രപ്രകാശിനെ ഏൽപ്പിക്കുന്നത്. പുതിയ ചാനലിന് 'നാരദൻ' എന്ന് പേര് കൊടുക്കുന്നത് ചന്ദ്രപ്രകാശ് ആണ്. 'നാരദൻ' എന്ന വാക്ക് സൂചിപ്പിക്കുന്നതുപോലെ പകുതിവെന്ത സത്യങ്ങളും നുണകളും വേവിച്ചു പരുവപ്പെടുത്തി ഏറ്റവും വേഗത്തിൽ, ഏഷണി എന്നോ അപവാദം എന്നോ തോന്നാത്തവിധം പ്രത്യേക പരിശീലനം കൊടുത്ത ടീമിനെകൊണ്ട് പ്രേക്ഷകരുടെ മുന്നിൽ അവതരിപ്പിച്ചു കൈയടിനേടുക എന്ന തന്ത്രമാണ് സി.പി. മെനഞ്ഞെടുത്തത്. വളരെ വ്യത്യസ്തമായൊരു പരിവേഷത്തോടെയാണ് നാരദൻചാനലിന്റെ മുഖ്യഅവതാരകനും വക്താവുമായി ചന്ദ്രപ്രകാശ് എത്തുന്നത്. ഈ പുതിയ 'ലുക്ക്', അതുപോലെ ചാനൽചർച്ചകളിൽ വിഭിന്ന അഭിപ്രായങ്ങൾ വക വച്ചുകൊടുക്കാതെ, ജനാധിപത്യമര്യാദകൾ പാലിക്കാതെ പാനെലിസ്റ്റുകളെ അരിഞ്ഞുവീഴ്ത്തുന്ന അയാളുടെ പുതിയതന്ത്രം, ദൃശ്യമാധ്യമരംഗത്ത് 'സ്റ്റിംഗ് ഓപ്പറേഷൻ' എന്ന് ഓമനപ്പേരിൽ വിളിക്കുന്ന ഒളികാമറ സങ്കേതത്തിലൂടെ വനംവകുപ്പ് മന്ത്രിയെ സ്ത്രീപീഡനകേസിൽ കുടുക്കി അത് ബ്രേക്കിംഗ് ന്യൂസ് ആക്കിയാണ് നാരദൻചാനലിന്റെ രംഗപ്രവേശം. അങ്ങനെ, സത്യം വിളിച്ചു പറയുന്ന, അനീതിക്കെതിരെ പടവാളോങ്ങുന്ന ചാനൽ നാരദൻ മാത്രം എന്ന പരിവേഷം സൃഷ്ടിച്ചെടുക്കാൻ സി.പി മടിക്കുന്നില്ല. തന്ത്രങ്ങൾ വാർത്തകൾ സൃഷ്ടിക്കുന്നതിൽ മാത്രമല്ല എതിരാളികളെയും വിമർശകരെയും തേജോവധം ചെയ്യുന്നതിലും അയാൾ എടുത്തു പ്രയോഗിക്കുന്നു.

എതിർചാനലിലെ പ്രദീപ് ജോൺ ആരോപണത്തിന്റെ സത്യാവസ്ഥ ജനത്തെ അറിയിക്കാൻ വേണ്ടി വനം മന്ത്രിയുമായി സജ്ജീകരിച്ച അഭിമുഖം മന്ത്രിയെയും ചാനൽ മുതലാളി കുറുപ്പിനെയും ഭീക്ഷണിപ്പെടുത്തി ക്യാൻസൽ ചെയ്യിപ്പിക്കുന്നത് കാണുമ്പോൾ നമുക്കറിയാം നാരദൻ ചാനൽ ഏതറ്റംവരെ പോകാനും, ആരുടെ കുതികാൽ വെട്ടാനും തയ്യാറാകുമെന്ന്.

ഇത്രയും പണവും പരിവേഷവും ഉണ്ടായിട്ടും സി.പിക്കു പൊതുജനമധ്യത്തിൽ ആദ്യപ്രഹരം നൽകുന്നത് 'മുടിയാൺ' എന്ന് ആരാധകർ വിളിക്കുന്ന മ്യൂസിക് ബാൻഡ് ലീഡറാണ്. യാതൊരു സന്നാഹമൊ സംവിധാനങ്ങളോ ഇല്ലാതെതന്നെ മാധ്യമ

www.malankaralibrary.com

രാജാവിനു മുടിയൻ ഏൽപ്പിക്കുന്ന കനത്തപ്രഹരം പുതിയ ഡിജിറ്റൽ മീഡിയയുഗത്തിലെ ശക്തമായ ആയുധംകൊണ്ടുതന്നെയാണ്. സ്റ്റാർഹോട്ടലിലെ ലിഫ്റ്റിൽ ഒരുമിച്ചു കിട്ടിയപ്പോൾ മുടിയൻ തന്റെ മൊബൈൽ ഫോണിൽ പകർത്തിയ സി.പിയുടെ തനിനിറം വ്യക്തമാക്കുന്ന ഇന്റർവ്യൂ വൈറൽ ആവുമെന്ന് 'രാജാവ്' ഒട്ടുംപ്രതീക്ഷിച്ചില്ല. അതിന് അയാൾ പ്രതികാരം ചെയ്യുന്നത് പൊലീസിൽ സ്വാധീനം ചെലുത്തി മുടിയനെ വ്യാജ്യലഹരിമരുന്ന് കേസിൽ കുടുക്കി ജയിലിൽ അടപ്പിക്കുകയാണ്.

പക്ഷെ, മഹാഭാരത കഥകളിൽ പറയുന്നതുപോലെ സത്യം ആർക്കും എല്ലാകാലത്തേക്കും മൂടിവയ്ക്കാനാവില്ല. മാത്രമല്ല, സി.പി.യെപോലെ പുതിയയുഗത്തിലെ മാധ്യമരാജാക്കന്മാർ സത്യത്തെയും ധർമത്തെയും സ്വാർഥലാഭത്തിനുവേണ്ടി ചവിട്ടിയരക്കുമ്പോൾ നമ്മൾ നിരാശപ്പെടേണ്ട എന്ന് 'നാരദൻ' ഉദ്ഘോഷിക്കുന്നു. നന്മയുടെ കുളിർകാറ്റായി പുറമ്പോക്കിലച്ചനും, പാവപ്പെട്ടവരുടെ പോരാളി അഡ്വ. ഷാക്കീറയും പത്രധർമം നിർവഹിക്കുന്നതിൽ നിന്ന് പിന്തിരിയാത്ത പ്രദീപ് ജോണും ചേർന്ന് മുടിയന്റെ കേസ് മുന്നോട്ടുകൊണ്ടുപോകുകയും അവനു ജാമ്യം അനുവദിപ്പിക്കുകയും ചെയ്തു.

അഡ്വ. ഷാക്കീറ, പുറമ്പോക്കിൽ അച്ചന്റേയും സഹകാരികളുടെയും സഹായത്തോടെ സി.പി.യെ കുടുക്കാനായി ഒരുക്കുന്ന നിയമക്കുരുക്കിന്റെ വ്യാപ്തിയും പ്രത്യാഘാതങ്ങളും അയാൾ നിസ്സാരമായി തള്ളിക്കളയുന്നു. മൂന്നാറിൽ മുടിയന്റെ വീടിനു തൊട്ടടുത്തായി നാരദൻ ചാനൽ എല്ലാ സന്നാഹങ്ങളോടുംകൂടി ലൈവ്ഷോ ആസൂത്രണം ചെയ്തപ്പോൾ അഡ്വ. ഷാക്കിറ മുൻകൂറായി ചെയ്തത് ആ ഷോ നടക്കാതിരിക്കാൻ മൂന്നാർ മുൻസിഫ് കോടതിയിൽ നിന്ന് സ്റ്റേ ഓർഡർ വാങ്ങിച്ചെടുക്കുകയായിരുന്നു. നിയമപരിരക്ഷയ്ക്കായി ഏറ്റവും പ്രഗല്ഭനായ സീനിയർ അഭിഭാഷകൻ ഗോവിന്ദമേനോനെ (രൺജി പണിക്കർ) ആണ് സി.പി നിയമിക്കുന്നത്.

സിനിമയുടെ ആദ്യപകുതി ബ്രേക്കിംഗ്ന്യൂസ് സൃഷ്ടികളിലൂടെ ഉദ്വേഗം ഉണർത്തിയെങ്കിൽ രണ്ടാംപകുതി, പ്രത്യേകിച്ച് ക്ലൈമാക്സ് രംഗം 'കോർട്ട്റൂം ഡ്രാമ'യിലേക്ക് മാറി ആവേശം കെടാതെ സൂക്ഷിക്കുന്നു. സിനിമയിൽ ഒട്ടുമുക്കാൽ സമയവും മാധ്യമം ആണ് രാജാവ് എന്ന തോന്നൽ പ്രേക്ഷകരിൽ ഉണർത്തുന്നുവെങ്കിൽ ക്ലൈമാക്സ് രംഗം ചുരുളഴിയുമ്പോൾ രാജാക്കന്മാരുടെ സിംഹാസനങ്ങൾ ആടിയുലഞ്ഞു ഒടുവിൽ കടപുഴകി വീഴുന്ന കാഴ്ച കാണികളിൽ പുതിയൊരു ആത്മവിശ്വാസം ജനിപ്പിക്കുന്നു. മാധ്യമരംഗത്തെ പ്രഗല്ഭനുവേണ്ടി നിയമരംഗത്തെ പ്രഗല്ഭൻ ഗോവിന്ദമേനോൻ തന്നെ മുൻസിഫ് കോടതിയിൽ ഹാജരായി അടവുകളെല്ലാം എടുത്തുപയറ്റിയിട്ടും ആ വാദങ്ങളൊന്നും വിലപ്പോവുന്നില്ല; അതിനു കാരണമാരായുമ്പോൾ നേരത്തെ സൂചിപ്പിച്ച ധാർമികതയെ കാത്തുസൂക്ഷിക്കുന്ന മൂവരുടെ കൂട്ടത്തിൽ ചേർക്കേണ്ട നാലാമനായി ജഡ്ജി ചോതി (ഇന്ദ്രൻസ്) യേയും നാം ചേർക്കും.

മാധ്യമരാജാവിന്റെ കുത്തനെയുള്ള പതനം കോടതി പരിസരത്തുകൂടിയ സാധാരണജനങ്ങൾ അവരുടെ മൊബൈൽക്യാമറകളിൽ പകർത്തുന്ന ഒരു മൂവിങ് ഷോട്ടിൽ സിനിമ അവസാനിക്കുന്നു. ആ ദൃശ്യം 'ജനങ്ങൾ നിങ്ങളെ വിചാരണ ചെയ്യും' എന്ന് അടിയന്തരാവസ്ഥകാലത്തു കവികൾ പാടിയതിനെ ഓർമിപ്പിക്കുന്നു. അന്ന് കേരളത്തിലെ സാംസ്കാരിക പ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരും അനീതി പ്രവർത്തിക്കുന്നവർക്കെതിരെ നടത്തിയ 'ജനകീയവിചാരണയുടെ' ഡിജിറ്റൽ പതിപ്പ് ആയി ഈ ദൃശ്യങ്ങളെ കാണാം.

'നാരദൻ' കൃത്യമായ രാഷ്ട്രീയനിലപാടുകൾ എടുക്കുന്ന സിനിമയാണ്. മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന വർഗീയതയുടെയും വിഭാഗീയതയുടെയും രാഷ്ട്രീയത്തെ എതിർക്കുന്നതോടൊപ്പംതന്നെ ഈ സിനിമ വെളിച്ചത്തു കൊണ്ടുവരാൻ ശ്രമിക്കുന്നത് പരമ്പരാഗതസമൂഹങ്ങളിൽ എന്നപോലെ ഇക്കാലത്തും ജാതി മേൽക്കോയ്മയെ നിലനിർത്താനും സ്ഥാപിച്ചെടുക്കാനും മാധ്യമങ്ങൾ കൂട്ട് നിൽക്കുന്നു എന്ന സത്യമാണ്. നാരദൻ ചാനൽ ക്രൂവിനെ തിരഞ്ഞെടുത്തുപരിശീലനം നൽകുമ്പോൾ ഒരുപെൺകുട്ടി പേരിന്റെ കൂടെ ഉയർന്ന ജാതിപ്പേരുകൂടി വയ്ക്കാത്തതിന്റെ പേരിൽ സി.പി അവളെ ശാസിക്കുന്നത് നാം കാണുന്നു. മൂന്നാറിലെ മുൻസിഫ് കോടതിയിലെ ജഡ്ജി 'ജസ്റ്റിസ് ചോതി' എന്ന താഴ്ന്ന ജാതിക്കാരനാണ്, അയാളുടെ കോടതിയിൽ കേസ് വാദിക്കാൻ ഈ മേനോനെ കിട്ടില്ല എന്ന് വീമ്പിളക്കുന്ന സീനിയർ വക്കീൽ. ശ്രീ നാരായണഗുരുവും മറ്റു നവോത്ഥാന നേതാക്കളും തെളിയിച്ച പ്രകാശത്തിന്റെയും സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും പാതയിൽ നിന്ന് പിന്തിരിഞ്ഞു എതിർദിശയിൽ നടക്കാൻ തുടങ്ങിയിരിക്കുന്നു എന്ന് ഈ ചിത്രം നമ്മെ ഓർമിപ്പിക്കുന്നു. ■

malankaralibrary.com




# കാത്തിരിപ്പിന്റെ സദ്വാർത്ത

ജെ.സി. ബുക്ക്മാൻ




സാമൂഹ്യ-സാഹിത്യ-സാംസ്കാരിക-ആധ്യാത്മികമേഖലകളിലെ പുത്തൻ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന വേദിയാണ് വായനാപംക്തി.




## സഭാപിതാക്കന്മാർ
### ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ OIC

ആദിമസഭയിലെയും ആദ്യനൂറ്റാണ്ടുകളിലെയും ധന്യപിതാക്കന്മാരെക്കുറിച്ചുള്ള പഠനാർഹമായ ഒരു ഗ്രന്ഥം പരിമിതമായിരിക്കേ വായനാലോകത്തിന് ആ കുറവ് പരിഹരിക്കപ്പെട്ടിരിക്കുകയാണ് 'സഭാപിതാക്കന്മാർ' എന്ന ഗ്രന്ഥപ്രസിദ്ധീകരണത്തിലൂടെ. നാല് അപ്പസ്തോലിക രേഖകളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളും 45 പ്രമുഖസഭാപിതാക്കന്മാരുടെ ഹ്രസ്വചരിത്രവും പ്രബോധനങ്ങളും ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ദൈവശാസ്ത്ര പഠിതാക്കൾക്കും ഗവേഷകർക്കും ഉപകാരപ്രദമാണ്. ക്രൈസ്തവ ആധ്യാത്മികതയുടെ വിശാലമായ തലങ്ങളെ ബോധ്യപ്പെടുത്താൻ പ്രേരകവുമാണ് ഈ ലഘുഗ്രന്ഥം.

ദൈവികരഹസ്യങ്ങൾ വിശദീകരിച്ചപ്പോൾ കടന്നുകൂടിയ പാഷണ്ഡതകളെ വീരോചിതമായ ജീവിതസാക്ഷ്യംകൊണ്ട് നേരിട്ട മല്പാൻമാരാണ് സഭയുടെ പിതാക്കന്മാർ എന്നറിയപ്പെടുന്നത്. ഇവരുടെ സാക്ഷ്യജീവിതങ്ങളും പ്രബോധനങ്ങളും പ്രതിസന്ധിഘട്ടങ്ങളിൽ സഭയെ ആടിയുലയാതെ പിടിച്ചു നിർത്തിയവയാണ്. വിശ്വാസപാരമ്പര്യത്തിന്റെയും ഭാഷയുടെയും അടിസ്ഥാനത്തിൽ എട്ട് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ ലത്തീൻ-ഗ്രീക്ക്- സുറിയാനി പിതാക്കന്മാരെക്കുറിച്ചുള്ള വിവരണവുമുണ്ട്.

*പേജ് 162, വില- 150/-, ബഥനി പബ്ലിക്കേഷൻസ്*
*കോപ്പികൾക്ക്: 9847230035*


## കാത്തിരിപ്പ്
### ഡെയിസമ്മ ജെയിംസ്

വിചാരങ്ങളുടെ വിനിമയംകൊണ്ട് മനുഷ്യമനസ്സിനെ വിമലീകരിക്കുന്ന 75 റേഡിയോ പ്രഭാഷണങ്ങളുടെ സങ്കലനമാണ് 'കാത്തിരിപ്പ്'. ഗ്രന്ഥശീർഷകം പോലെ കാത്തിരിക്കാൻ പ്രേരിപ്പിക്കുന്ന ചിന്തകളുടെ സമ്മോഹന മലരുകളാണ് ഓരോ പ്രഭാഷണത്തിലും അന്തർലീനമായിരിക്കുന്നത്. അതിനാൽതന്നെ 'മൂല്യബോധം പകരുന്ന ജ്ഞാനസമീപനം' എന്ന അവതാരകന്റെ നിരീക്ഷണം യാഥാർഥ്യമാണെന്ന് വായനയ്ക്കൊടുവിൽ പൂർണമായും ബോധ്യപ്പെടും. കേട്ടു രസിക്കാനുള്ള പ്രഭാഷണമെന്നതിലുപരി ജീവിതാവബോധം പകരുന്നതാണ് ഓരോ പ്രഭാഷണവും.

ഭാഷയുടെയും ചിന്തയുടെയും നിർമലതകൊണ്ട് ഓരോ പ്രഭാഷണവും ലളിതവും മോഹനവുമാണ്. കാത്തിരിപ്പ് ഒരു സുഖമാണെന്നുറത്തിച്ചുകൊണ്ട് ആരംഭിക്കുന്ന പ്രഭാഷണചിന്തകൾ കേരളം പശ്ചിമഘട്ടത്തിന്റെ വരദാനമാണെന്ന് ഓർമപ്പെടുത്തിക്കൊണ്ട് പൂർണമാക്കുമ്പോൾ ഗ്രന്ഥകാരി സ്പർശിക്കാത്ത മേഖലകളും തലങ്ങളും ചുരുക്കമാണ്. ഒരധ്യാപിക മനസ്സിന്റെ നിരീക്ഷണവും ബോധനങ്ങളും വിഷയം തിരഞ്ഞെടുക്കുന്നതിലും അവതരിപ്പിക്കുന്നതിലും ജാഗ്രതയോടെ ശ്രദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. പരത്തിപ്പറയാതെ കാച്ചിക്കുറുക്കി ശ്രവണപുടങ്ങളിലെത്തിക്കുന്നതിനുള്ള പരിശ്രമം വിജയിച്ചിട്ടുണ്ട്.

*പേജ് 286, വില - 300/-, കാർമൽ ഇന്റർനാഷണൽ പബ്ലീഷിംഗ് ഹൗസ്, കോപ്പികൾക്ക്: 0471-2327253*

www.malankaralibrary.com





## മാർ അഗസ്റ്റിൻ കണ്ടത്തിൽ
## സിസ്റ്റർ പ്രവീണ CSN

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ ദീർഘവീക്ഷണത്തിന്റെ ദീപ്തിയിൽ കാലഘട്ടത്തിന്റെ പ്രശ്നങ്ങൾക്ക് ജീവിതസാക്ഷ്യംകൊണ്ട് ഉത്തരമായി മാറിയ ആത്മീയ നേതൃതേജസ് അഗസ്റ്റിൻ കണ്ടത്തിൽ പിതാവിന്റെ ജീവസ്പന്ദനങ്ങളുടെ അക്ഷരപേടകമാണ് 'മാർ അഗസ്റ്റിൻ കണ്ടത്തിൽ അതുല്യനായ ഇടയശ്രേഷ്ഠൻ.' ആധ്യാത്മിക, ബൗദ്ധിക, സാമൂഹിക, ധാർമിക മേഖലകളിൽ സമാനതകളില്ലാത്ത വ്യക്തി മുദ്ര പതിപ്പിച്ച വലിയ ഇടയന്റെ സവിശേഷമായ വ്യക്തിത്വത്തെയും ജീവിതവീക്ഷണത്തെയും അനാവരണം ചെയ്യുന്ന അക്ഷരകൂട്ടാണിത്. ഒരു ജീവിതരേഖ എന്നതിലുപരിയായി ആഴമാർന്ന അന്വേഷണ പഠനങ്ങളുടെ വെളിപ്പെടുത്തലാണ് 35 അധ്യായങ്ങളിലായി മുദ്രിതമാക്കിയിരിക്കുന്നത്.

കുടുംബപ്രേഷിതരംഗത്തും ആതുരശുശ്രൂഷാരംഗത്തും വിദ്യാഭ്യാസ മേഖലയിലും അവഗണിക്കപ്പെട്ടവർക്കിടയിലും വ്യക്തിമുദ്ര പതിപ്പിച്ച ഒരു മഹാനുഭാവനെ പുതുതലമുറയ്ക്ക് അടുത്തറിയാൻ പ്രേരകമാണ് ഈടുറ്റ ഈ ഗ്രന്ഥം. 'നീതി ജലംപോലെ ഒഴുകട്ടെ' യെന്ന തിരുവചനത്തെ ജീവിതംകൊണ്ട് സാർഥകമാക്കിയ വ്യക്തിത്വത്തെക്കുറിച്ചുള്ള അക്ഷരക്കുറിപ്പുകൾ വായനക്കാരിലും തീർഥജല നനവേറ്റ പ്രതീതിയുളവാക്കും.

*പേജ് 260, വില - 200/-*
*നസ്രത്ത് പബ്ലിക്കേഷൻസ്*




## വിശുദ്ധ പോൾ ആറാമൻ പാപ്പ
## ഫാ. കുര്യാക്കോസ് നരിതൂക്കിൽ

ആഗോളകത്തോലിക്കാ സഭയുടെ പരമാധ്യക്ഷനാകുകയെന്നാൽ രാജാവാകുക എന്നല്ലെന്നും ഇടയനും ദൈവജനത്തിന്റെ ശുശ്രൂഷകനുമാവുകയാണെന്ന് ലോകത്തിനു സന്ദേശം നൽകിയ ഒരു പാപ്പയുടെ ധന്യജീവിതത്തിന്റെ പ്രസരണമാണ് 'വിശുദ്ധ പോൾ ആറാമൻ പാപ്പ' എന്ന ഗ്രന്ഥം. ഭാരതം സന്ദർശിച്ച പ്രഥമ പാപ്പയായതിനാൽ ഭാരതീയ ക്രൈസ്തവർക്ക് ഏറെ സമാകർഷകനും ആദരണീയനുമാണ് പോൾ ആറാമൻ പാപ്പ. ഇഹലോകവാസം വെടിഞ്ഞ് കാലങ്ങളേറെ കഴിയുന്നതിനുമുമ്പേ ആ ധന്യജീവിതത്തിന് വിശുദ്ധ മകുടം ചാർത്തപ്പെട്ടപ്പോൾ ആ ശുശ്രൂഷാജീവിതത്തിന്റെ മഹത്ത്വം വർധിക്കുകയായിരുന്നു.

ചുരുങ്ങിയ പത്ത് അധ്യായങ്ങൾകൊണ്ട് പൂർത്തിയാക്കിയിരിക്കുന്ന ഒരു ചെറുഗ്രന്ഥമാണെങ്കിലും ഒരു ദശപുഷ്പത്തിന്റെ മനോഹാരിതയും ഗരിമയും ഉള്ളടക്കംകൊണ്ടും അവതരണംകൊണ്ടും ഗ്രന്ഥകർത്താവ് നിലനിർത്തിയിരിക്കുന്നു. ഈ വിശുദ്ധ പുരുഷന്റെ വിഖ്യാതമായ തിരുവെഴുത്തുകൾ കൂടെ ഇതിൽ അനുബന്ധമായി ചേർന്നിരിക്കുന്നത് ഗ്രന്ഥത്തിന് ശ്രേഷ്ഠപരിവേഷം പ്രദാനംചെയ്യാൻ പര്യാപ്തമായിരിക്കുന്നു.

*പേജ് - 90, വില - 80/-*
*ജീവൻ ബുക്സ്, കോപ്പികൾക്ക്: 04822- 237474*

www.malankaralibrary.com


# MST സഭയിലേക്ക് സ്വാഗതം

മിഷനെ അറിഞ്ഞ് മിഷനെ സ്നേഹിച്ച്
മിഷണറിയാകാൻ ആഗ്രഹിക്കുന്ന കുഞ്ഞനുജന്മാരെ
**MST** സന്ന്യാസസമൂഹം ക്ഷണിക്കുന്നു.

**SSLC** യോ ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ള
സേവനസന്നദ്ധരും അർപ്പണ മനോഭാവമുള്ളവരുമായ
യുവാക്കാൾ ബന്ധപ്പെടുക.



Fr. Bijo Vadakkethalackal
Mob: 9400039089
Fr. Monse Karuvakunnel
Mob: 9544183779

**MISSIONARY SOCIETY OF ST. THOMAS THE APOSTLE**
Deepti Bhavan, Melampara P.O
Bharananganam, Kottayam - 686 594

Fr. Rony Alencherry
Mob: 9167676237
Fr. Manu Pottananickal
Mob: 9497338292

**MISSIONARY SOCIETY OF ST. THOMAS THE APOSTLE**
Santhome Minor Seminary
P.B No. 2, Vezhupur,Thamarassery - 673 578



# സന്ന്യാസവൈദീകൻ ആകാൻ ആഗ്രഹമുണ്ടോ?

## Carmalites of Mary Immaculate (CMI) Welcomes You

"Since You Belong To God
You Have To Give Yourself Back To God"

Vocation Camp
Date - May 15, 4.00 Pm
May 18 1:00 PM
Venue : Rajagiri, Kalamassery
Contact: 7025162939 (Vocation Promoter)

**CMI SACRED HEART KOCHI PROVINCE**

www.malankaralibrary.com

# മൗണ്ട് ഹൊറേബ് ദിവ്യകാരുണ്യമാതാ ബനഡിക്ടൈൻ സന്ന്യാസാശ്രമം

ആഴം ആഴത്തെ വിളിക്കുന്നുവെന്ന സങ്കീർത്തനത്തിൽ ആഴപ്പെട്ടുകൊണ്ട് ഏകാന്തധ്യാനത്തിലൂടെ ദൈവാന്വേഷണം നടത്തി ദൈവാഭിമുഖ്യത്തിൽ സംഭാഷിതരാകാൻ മൗണ്ട് ഹൊറേബിലേക്ക് ക്ഷണിക്കുന്നു.

ഒരേസമയം 25 പേർക്ക് താമസിച്ച് ഏകാന്തതയിൽ ദൈവവുമായി നിശബ്ദസംഭാഷണത്തിൽ ഏർപ്പെട്ട് ജീവിതനവീകരണം സാധ്യമാക്കാൻ മൗണ്ട് ഹൊറേബ് ദിവ്യകാരുണ്യമാതാ ബനഡിക്ടൈൻ സന്ന്യാസസമൂഹം ഒരുക്കുന്ന സുവർണാവസരം.

ബഹളമയമായ ഭൗതികലോകത്തിൽനിന്നും ശാന്തതയുടെ താഴ്‌വാരത്തിലായിരുന്നുകൊണ്ട് നിശബ്ദപ്രാർഥനയിലൂടെയും വചനാനുഭവത്തിലൂടെയും ദൈവസ്നേഹത്തിന്റെ മധുനുകരാനൊരിടം.

ഹൊറേബ് വാലിയിൽ ഒരുക്കിയിട്ടുള്ള കൊച്ചുഭവനങ്ങളിൽ പാർത്ത് കൃപയുടെ വരദാനങ്ങൾ സ്വന്തമാക്കാം. ജീവിതം നവീകരിക്കാം. വൈദികർക്കും സമർപ്പിതർക്കും വിശ്വാസികൾക്കും മൗണ്ട് ഹൊറേബിലേക്ക് സ്വാഗതം.

## സമർപ്പിതജീവിതത്തിലേക്ക് സ്വാഗതം




പ്രേഷിത തീക്ഷ്ണത രക്ഷണീയകൃത്യത്തിലും
ദൈവരാജ്യ വിപുലീകരണത്തിലും ഭാഗഭാക്കുകളാക്കുന്നു.
ആയതിനാൽ വിശുദ്ധ ബനഡിക്ടിനെ അനുകരിച്ച്
വൈദികനോ സമർപ്പിതനോ ആയി താപസ
ജീവിതത്തോടൊപ്പം ദൈവശുശ്രൂഷ
നയിക്കാനാഗ്രഹിക്കുന്ന
SSLC, Plus Two പാസ്സായവരും
ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവരുമായവർക്ക്
ഹൃദ്യമായ സ്വാഗതം

കൂടുതൽ വിവരങ്ങൾക്ക്:

**ദിവ്യകാരുണ്യമാതാ**
**ബനഡിക്ടൈൻ മൊണസ്ട്രി**

മൗണ്ട് ഹൊറേബ്, പെരുന്തൊട്ടി (പി.ഒ)
കട്ടപ്പന, ഇടുക്കി – 685 609, കേരള, ഇന്ത്യ
ഫോൺ: 04868 – 212555
9544492757, 8547257998
horebvalleyashram@gmail.com

www.malankaralibrary.com



വാഴ്ത്തപ്പെട്ട രക്തസാക്ഷി
ദേവസഹായത്തിന്റെ
വിശുദ്ധപദവി പ്രഖ്യാപനത്തിൽ
മാതൃരൂപതയായ
തിരുവനന്തപുരം
ലത്തീൻ അതിരൂപതയുടെ
പ്രാർത്ഥനാ മംഗളങ്ങൾ

അവിഭക്ത തിരുവനന്തപുരം രൂപതാംഗമായിരുന്ന
വിശുദ്ധ ദേവസഹായത്തിന്റെ
അനുഗ്രഹനിറവിനാൽ
അതിരൂപതയുടെ വിശ്വാസചൈതന്യം
തീക്ഷ്ണമായി ജാജ്വല്യമാനമാകട്ടെ!

ആർച്ച്ബിഷപ്പ് തോമസ് ജെ. നെറ്റോ
ബിഷപ്പ് ആർ. ക്രിസ്തുദാസ്
വൈദികർ, സന്ന്യസ്തർ, സമർപ്പിതർ, അല്മായ വിശ്വാസിസമൂഹം

തിരുവനന്തപുരം ലത്തീൻ അതിരൂപത
വെള്ളയമ്പലം, തിരുവനന്തപുരം



www.malankaralibrary.com

Date of Publication: 13.05.2022 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 76**




Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Editor : Fr. Joy Chencheril